# KSTA അക്കാദമിക് കൗൺസിൽ

# വിദ്യാജ്യോതി ക്ലാസ് 10

## മലയാളം

## കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

# മികവിലേക്ക്

## Hcp ssI¯ms§v

പൊതുവിദ്യാലയങ്ങൾ പുത്തനുണർവ് നേടി ശക്തമായ കുതിച്ചു കയറ്റം നടത്തുന്ന കാഴ്ചയാണ് പോയ രണ്ട് വർഷങ്ങളിൽ കേരളത്തിൽ കാണാനാവുക, ഭൗതിക സൗകര്യ വികസനത്തോടൊപ്പം അക്കാദമിക മികവുറപ്പുവരുത്താൻ ഓരോ വിദ്യാലയവും തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ പ്രവൃർത്തിപഥത്തിലെത്തുന്നതോടെ മുന്നേറ്റത്തിന്റെ ഗതിവേഗം കൂടും. അക്കാദമിക മികവാണ് യഥാർഥ മികവ് എന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടുവച്ച കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ.

തകർച്ച നേരിട്ട പൊതുവിദ്യാഭ്യാസ മേഖലയെ എങ്ങനെ പുതുക്കിപ്പണിയണമെന്നത് സംബന്ധിച്ച് ഒരു കമ്മീഷനെ തന്നെ വച്ച് സൂക്ഷ്മതലത്തിൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയ സംഘടനയാണ് കെ.എസ്.ടി.എ. അതുകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മുന്നണിപ്പോരാളിയായും അണിയറ ശിൽപിയായും ഈ മഹാപ്രസ്ഥാനം നിലകൊള്ളുന്നു. 173 വിദ്യാലയത്തിൽ **നിറവ്** സമഗ്ര വിദ്യാലയ വികസന പരിപാടി നടപ്പിലാക്കിക്കൊണ്ട് സംഘടന കഴിഞ്ഞ വർഷമുണ്ടാക്കിയ മുന്നേറ്റം തുടരുന്നതോടൊപ്പം ഈ വർഷം ഓരോ ഉപജില്ലയിലും ഒന്ന് എന്ന രീതിയിൽ വിദ്യാലയത്തിൽ **മികവ് 2018** നടപ്പാക്കുകയാണ്. വിജയ ശതമാനം വർദ്ധിപ്പിക്കുക എന്നതിലാണ് പോയവർഷങ്ങളിൽ വിദ്യാജ്യോതി പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചതെങ്കിൽ ഈ വർഷം ഗുണനിലവാരത്തിലൂന്നി കൂടുതൽ എ പ്ലസുകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവയ്ക്കുന്നത്. അതിന് സഹായകമായവിധം ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലേക്ക് 20 മൊഡ്യൂളുകൾ തയ്യാറാക്കി നൽകുകയാണ്. ഇവ ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തിയും സബ്ജക്ട് ക്യാമ്പുകളും ക്ലിനിക്കുകളും സംഘടിപ്പിക്കുകയും പരീക്ഷാകേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തും 2019 വർഷത്തെ എസ്.എസ്.എൽ.സി, ഹയർസെക്കന്ററി റിസൽട്ടിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് അഭ്യർഥിക്കുന്നു.

**കെ.സി.ഹരികൃഷ്ണൻ**

ജനറൽ സെക്രട്ടറി

## കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ അക്കാദമിക് കൗൺസിൽ

## വിദ്യാജ്യോതി ക്ലാസ് 10 – മലയാളം

### ഭാഗം 1 കേരള പാഠാവലി

യൂണിറ്റ് 1 കാലാതീതം കാവ്യവിസ്മയം

യൂണിറ്റ് 2 അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

യൂണിറ്റ് 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

യൂണിറ്റ് 4 വാക്കുകൾ സർഗ്ഗതാളങ്ങൾ

### ഭാഗം 2 അടിസ്ഥാന പാഠാവലി

യൂണിറ്റ് 3 വാക്കുകൾ വിടരുന്ന പുലരികൾ

(1) പണയം (2) അമ്മയുടെ എഴുത്തുകാർ (3) പത്രനീതി

യൂണിറ്റ് 2 നിലാവ് പെയ്യുന്ന നാടുവഴികൾ

(1) കൊച്ചു ചക്കരച്ചി (2) ഓണമുറ്റത്ത്

(3) കോഴിയും കിഴവിയും (4) ശ്രീനാരായണഗുരു

യൂണിറ്റ് 1 ജീവിതം പടർത്തുന്ന വേരുകൾ

(1) പ്ലാവിലക്കഞ്ഞി (2) ഓരോ വിളിയും കാത്ത്

(3) അമ്മത്തൊട്ടിൽ

## യൂണിറ്റ് - 1

## കാലാതീതം കാവ്യ വിസ്മയം

**പ്രവേശകം :**

കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

മാനവ സംസ്കാരത്തിന്റെ പുരോഗതിയുടെ കാലദേശങ്ങൾക്കതീതമായ അടയാളങ്ങളാണ് കാവ്യങ്ങൾ എന്ന കാഴ്ചപ്പാടാണ് ഈ യൂണിറ്റ് ലക്ഷ്യം വയ്ക്കുന്നത്. ജാതി - മത - വർഗ്ഗ ചിന്തകൾക്കതീതമായി മനുഷ്യൻ എന്ന ഉദാത്തമായ കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിന് കാവ്യങ്ങൾക്ക് വലിയ പങ്കുണ്ട്.

ലോകമെമ്പാടുമുള്ള കവികൾക്ക് മാനവികത എന്ന വികാരാവിഷ്ക്കാരത്തിന് ഒരേ ഭാഷയാണ് ഉപയോഗിക്കുന്നത്. ഇലകളുടെ മർമ്മരം, തത്തകളുടെ കൊഞ്ചൽ, ഗൗളികളുടെ ശബ്ദം തുടങ്ങി ലോകത്തെവിടെയും ഭാഷയ്ക്ക് ഒരു ഏകീകൃത സ്വഭാവമുണ്ടെന്നും അതുപോലെ തന്നെയാണ് കവികളുടെ ഭാഷയെന്നും സച്ചിദാനന്ദൻ കവികളുടെ ഭാഷയെക്കുറിച്ച് അടിവരയിടുന്നു.

അതായത് കാലദേശാദി പരിമിതികളെ മറികടന്ന് സാഹിത്യം മാനവസ്നേഹം ഐക്യം സംസ്കാരം എന്നിവയുടെ ഏക സ്വരമായി മാറുന്നുണ്ട്.

**പാഠങ്ങൾ**

**ലക്ഷ്മണ സാന്ത്വനം**

**കാളിദാസൻ**

**അമ്മ**

മൂന്ന് പാഠങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്. മലയാള ഭാഷയുടെ പിതാവ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ 'അദ്ധ്യാത്മ രാമായണം കിളിപ്പാട്ടി'ലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നെടുത്ത 'ലക്ഷ്മണ സാന്ത്വനം' ആണ് ഒന്ന്. നിരൂപകനായ എൻ.വി. കൃഷ്ണവാരിയരുടെ 'കാളിദാസ പഠനങ്ങൾ' എന്ന കൃതിയിലെ 'കാളിദാസൻ' ആണ് മറ്റൊന്ന്. സാഹിത്യ ലോകത്തെ സുൽത്താൻ ബഷീറിന്റെ 'ഓർമ്മക്കുറിപ്പുകൾ' എന്ന പുസ്തകത്തിലെ 'അമ്മ' എന്ന അദ്ധ്യായമാണ് മറ്റൊന്ന്.

മൂന്ന് പാഠഭാഗങ്ങളും സമകാലിക കേരളീയ സാഹചര്യത്തിൽ ഏറെ പ്രസക്തമായ ആശയതലങ്ങൾ ഉള്ളവയാണ്.

**ലക്ഷ്മണ സാന്ത്വനം**

ഇന്ത്യൻ സാഹചര്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും പുനഃരാവിഷ്ക്കാരങ്ങൾ പല മാധ്യമങ്ങളിൽ ഉണ്ടാവുകയും ചെയ്ത ഒന്നാണ് 'രാമായണം'. കവിതയായും കഥയായും നാടകമായും സിനിമയായും നിരൂപണമായും രാമായണ കഥയ്ക്ക് രൂപമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യനെ അതിന്റേതായ അർത്ഥത്തിൽ കണ്ട്കൊണ്ട് മൂല്യങ്ങൾക്ക് ഉദാത്തത നൽകി തനതായ ഭാഷാശൈലിയിൽ മലയാളിക്ക് എന്നും അഭിമാനമായി കാണാൻ കഴിയുന്ന വിധത്തിൽ ഭാഷാപിതാവ് എഴുത്തച്ഛൻ രാമായണ കഥയെ അവലംബമാക്കി എഴുതിയ കൃതിയാണ് 'അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്'. മലയാളത്തിൽ സാംസ്കാരികവും ഭാഷാപരവും ആയ നവോത്ഥാനത്തിന് കളമൊരുക്കിയ ഒരു കൃതിയായി അത് മാറിയിട്ടുണ്ട്.

സാമൂഹികവും സാംസ്കാരികവുമായ തകർച്ച എപ്പോൾ എവിടെ സംഭവിച്ചാലും അവിടെ ഇത്തരം അപചയങ്ങളിൽ നിന്ന് ജനതയെ മോചിപ്പിക്കാൻ മഹാകാവ്യങ്ങൾ പിറന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബൈബിളിലും വിശുദ്ധ ഖുർആനും ഇത്തരം ചില സാക്ഷ്യപ്പെടുത്തലുകളാണ്. ഭക്തിയുടെ വഴിയാണ് ഇത്തരം ഗ്രന്ഥങ്ങൾക്കുള്ളത്. അതുപോലെ തന്നെ ഭക്തിയെ ചുവടുപിടിച്ച് എഴുത്തച്ഛൻ എഴുതിയ കാവ്യമാണ് 'ആദ്ധ്യാത്മ രാമായണം കിളിപ്പാട്ട്'.

പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ട് തരം കാവ്യ വഴികളിൽ ഒഴുകിയിരുന്ന മലയാള കവിതയ്ക്ക് മാതൃകാപരമായ സത്തയും ശൈലിയും ഒരുക്കിയെടുക്കാൻ എഴുത്തച്ഛൻ കൃതികൾക്ക് സാധിച്ചു. മലയാള ഭാഷയുടെ പിതാവ് എന്ന് അദ്ദേഹത്തെ വിളിക്കാനുള്ള കാരണം ഇതുതന്നെയാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ കൽപ്പിച്ച് അറിവും സാഹിത്യവും കുത്തകയാക്കി വെച്ച് ഒരു വരേണ്യ വിഭാഗത്തിനെതിരെ എഴുത്തച്ഛൻ നടത്തിയ വിപ്ലവപരമായ പ്രതികരണമായും കിളിപ്പാട്ടിനെ കാണാം. അദ്ധ്യാത്മ രാമായണം കളിപ്പാട്ടിലെ അയോദ്ധ്യാകണ്ഡത്തിൽ നിന്നെടുത്തതാണ് 'ലക്ഷ്മണ സാന്ത്വനം' എന്ന പാഠഭാഗം. അയോദ്ധ്യയിലെ രാജാവ് ദശരഥന് തന്റെ മൂത്തപുത്രനായ ശ്രീരാമനെ യുവരാജാവായി വാഴിക്കാൻ കഴിയുന്നില്ല. രാമാഭിഷേകത്തിന് തടസ്സമായി നിന്നത് കൈകേയിയാണ്. രാമൻ പതിനാല് വർഷം വനവാസം അനുഷ്ഠിക്കണമെന്ന തീരുമാനത്തിൽ അച്ഛന്റെ വാക്കുപാലിച്ച് കാട്ടിലേക്ക് പുറപ്പെടാനൊരുങ്ങുന്ന അവസരത്തിൽ അനുജൻ ലക്ഷ്മണൻ തടയുന്നു. ജ്യേഷ്ഠൻ ശ്രീരാമന്റെ പട്ടാഭിക്ഷേകം മുടങ്ങിയത് ലക്ഷ്മണ കുമാരനെ കുപിതനാക്കി. എന്ത് മാർഗ്ഗം സ്വീകരിച്ചും പട്ടാഭിക്ഷേകം നടത്തിയേ തീരൂ എന്ന കടുത്ത തീരുമാനവുമായി രോഷത്തോടെ നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ സ്വാന്തനിപ്പിക്കുന്ന ഭാഗം അവതരിപ്പിക്കുന്നതിനാലാണ് 'ലക്ഷ്മണ സാന്ത്വനം' എന്ന തലക്കെട്ട് കൈവന്നത്.

വത്സാ,

സൗമിത്രേ,

കുമാരാ - എന്നിങ്ങനെ വളരെ സ്നേഹത്തോടെ വിളിച്ചുകൊണ്ടാണ് ശ്രീരാമൻ ആശ്വാസ വാക്കുകൾ ആരംഭിക്കുന്നത് എന്നത് ഏറെയ ശ്രദ്ധേയമാണ്.

വത്സാ എന്ന വാത്സല്യം തുളുമ്പുന്ന വിളി സമിത്രേ എന്ന ബഹുമാന്യയായ ഒരമ്മയുടെ മകനാണെന്നുള്ള ധ്വനി നീ കുമാരനാകയാൽ ഇത്തിരി എടുത്തുചാട്ടമുണ്ടെന്നുള്ള ജ്യേഷ്ഠവാത്സല്യം എല്ലാം ഈ അഭിസംബോധനയിൽ എഴുത്തച്ഛൻ ധ്വനിപ്പിച്ചിട്ടുണ്ട്.

വികാരത്തിനടിപ്പെട്ട ലക്ഷ്മണനെ ശാന്തനാക്കാൻ ഇത് ധാരാളം. ശാന്തനായി, സമചിത്തതയോടെ, സ്നേഹവാത്സല്യങ്ങളോടെ ലൗകിക സുഖഭോഗജീവിതത്തിലെ നിരത്ഥകതയും അവിവേകവും കോപവും വരുത്തിവെയ്ക്കുന്ന ആപത്തുകളെക്കുറിച്ച് തത്വചിന്താപരമായ ഉദാഹരണങ്ങൾ സൂചിപ്പിച്ച് ശ്രീരാമൻ അനുജനെ സാന്ത്വനിപ്പിക്കുന്നു. ലക്ഷ്മണ കോപത്തെ മഞ്ഞുപോലെ ഉരുക്കുവാൻ ഈ സാന്ത്വന വാക്കുകൾക്ക് ശക്തിയുണ്ട്.

ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് ഒഴുകുന്ന, അനിർവചനീയമായ അനുഭൂതി പകരുന്ന, കാലദേശങ്ങൾക്കതീതമായ ദർശനങ്ങളുടെ സമന്വയം ആണ് 'ലക്ഷ്മണ സാന്ത്വന' ഭാഗത്തുള്ളത്.

**പഠനപ്രവർത്തനങ്ങൾ**

**പ്രവർത്തനം - 1**

ചർച്ച - കുറിപ്പ്, ഉപന്യാസ രചന

ജൈസലിന്റെ പ്രളകാല രക്ഷാപ്രവർത്തന ചിത്രം

- സാർവ ലൗകികത്വവും സ്നേഹവും സമചിത്തതയും സമന്വയിക്കപ്പെട്ട മാനവിക മൂല്യങ്ങൾ.
- മനുഷ്യത്വത്തിന് സ്വജനതയെന്നോ ഇതര ജനതയെന്നോ ഇല്ല.
- മണ്ണിനും മനുഷ്യനും ഒപ്പം നിൽക്കുന്ന ഉദാത്തമായ ദർശനം
- ഒരു പ്രളയത്തിനും ഒലിപ്പിച്ചു കളയാനാകാത്ത മാനവികത / മനഃസാക്ഷി

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം" എന്ന എഴുത്തച്ഛൻ ദർശനത്തെ ഈയിടെ കേരളത്തിലുണ്ടായ പ്രളയകാല അനുഭവ പശ്ചാത്തലത്തിൽ ഉപന്യസിക്കുക.

**പ്രവർത്തനം : 2**

(കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ. ഇലകൾക്കും തത്തകൾക്കും ഗൗളികൾക്കുമെന്നപോലെ - ഈ വരികളിലെ ആശയവിശകലനം)

- 'അപാരേ കാവ്യസംസാരേ

  കവിരേവ പ്രജാപതി

  തഥേദം പരിവർത്തതേ'

  (അനന്തമായ ഈ കാവ്യലോകത്തിലെ ഏക പ്രജാപതി കവിയാണ്. കവിയുടെ അഭിരുചിക്കനുസരിച്ച് ഈ പ്രപഞ്ചം രൂപപ്പെടുന്നു.)

- ഇലകളുടെ മർമ്മരം

  തത്തകളുടെ കൊഞ്ചൽ

  ഗൗളിയുടെ ചിലയ്ക്കൽ

  ഇവ ലോകത്തെല്ലായിടത്തും ഒരുപോലെയാണ്

  വികാരാവിഷ്കാരത്തിന് കവികൾക്കും ഒരേഭാഷയാണ്.

**കാവ്യം കാലദേശങ്ങൾക്കതീതമാണ്.**

സാഹിത്യം മാനവസംസ്കാരത്തിന്റെ ഏകസ്വരമായി മാറുന്നുണ്ട്. കാളിദാസനും എഴുത്തച്ഛനും വൈക്കം മുഹമ്മദ് ബഷീറും എല്ലാം ജീവതത്തിന്റെ കയ്പ്പും മധുരവും രുചിച്ച് അജ്ഞതയാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്ന വെളിച്ചം പ്രദാനം ചെയ്യുന്ന രചനകൾ തീർത്തവരാണ്. ജീവിത മുഹൂർത്തങ്ങളിൽ നിന്ന് മൂല്യബോധം ഉൾക്കൊണ്ട് വൈകാരിക സന്തുലത കൈവരിച്ച് വിവേകശാലികളായി മാറാൻ ലോകമെമ്പാടുമുള്ള കവികൾ മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

മലയാള കവിതയിൽ ആധുനികതയും ഉത്തരാധുനികതയും കൊണ്ടുവന്ന കവി ശ്രീ. സച്ചിദാനന്ദന്റെ റഷ്യൻ യാത്രാനുഭവഗീതമായ 'മഞ്ഞിൽ' നിന്നുള്ള വരികളാണ് 'കവികളുടെ ഭാഷ' എന്ന പ്രവേശകത്തിൽ കൊടുത്തിരിക്കുന്നത്.

**പ്രവർത്തനം : 3**

'വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ലാ മറ്റാർക്കുമെന്നുള്ളതും
നിന്നാലസാദ്ധ്യമായില്ലൊരുകർമ്മവും
നിർണയമെങ്കിലുമൊന്നിതുകേൾക്ക നീ

ജേഷ്ഠ്യൻ ശ്രീരാമന്റെ പട്ടാഭിക്ഷേകം മുടങ്ങിയതറിഞ്ഞ അനുജൻ ലക്ഷ്മണൻ കുപിതനായപ്പോൾ ആശ്വസിപ്പിക്കുന്ന ഈ വാക്കുകളിലൂടെ ജ്യേഷ്ഠാനുജ ബന്ധത്തിന്റെ ആഴവും പരപ്പും വിശകലനം ചെയ്യുക.

- വികാര വിക്ഷുബ്ധനായ ഒരാളെ സാന്ത്വനിപ്പിക്കുന്നത് എങ്ങനെയെന്ന് ബോധ്യപ്പെടുത്തുന്ന വരികളാണിവ.
- വത്സാ എന്ന വാത്സ്യം തുളുമ്പുന്ന വിളി
- ജ്യേഷ്ഠനെന്ന നിലയ്ക്ക് തന്നോടുള്ള സ്നേഹവും ആദരവുമാണ് ലക്ഷ്മണനെ കുപിതനാക്കുന്നതെന്ന് അറിയുന്ന ശ്രീരാമന്റെ മനോഭാവങ്ങൾ.
- അനുജൻ ലക്ഷ്മണനെ നിറഞ്ഞ വാത്സല്യത്തോടെ ആലിംഗനം ചെയ്യുന്നു.
- തീർത്തും മൃദുവായ ഭാഷയിൽ വളരെ സ്നേഹത്തോടെ സംബോധന ചെയ്യുന്നു. (വത്സാ, സൗമിത്രേ, കുമാര)
- അനുജന്റെ കഴിവുകളെ അഭിനന്ദിക്കുന്നു.
- ലക്ഷ്മണൻ ഉന്നയിച്ച വാദഗതികൾ പൊതുവിൽ അംഗീകരിക്കുന്നു
- ചില ഉദാഹരണങ്ങൾ നിരത്തി അനുജനെ ഗുണദോഷിക്കുന്നു.
- യഥാർത്ഥ പ്രശ്നം കണ്ടെത്തി പ്രശ്ന പരിഹാരം നിർദ്ദേശിക്കുന്നു
- വികാരത്തെ വിവേകം കൊണ്ട് കീഴടക്കുക എന്ന മഹത്തായ ദർശനം
- രാമനും ലക്ഷ്മണനും യുവാക്കളാണെങ്കിലും രാമൻ ജ്യേഷ്ഠൻ എന്ന നിലയിൽ ഉയർന്ന് ചിന്തിച്ച് അനുജനെ തിരുത്തുന്നു.

**പ്രവർത്തനം : 4**

'ക്രോധം നിമിത്തം ഹനിക്കുന്നിതുപുമാൻ
ക്രോധ മൂലം മനസ്താപമുണ്ടായ് വരും
ക്രോധ മൂലം നൃണാംസംസാരബന്ധം
ക്രോധമല്ലോ നിജധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം'

മനുഷ്യ ജീവിതവുമായി എല്ലാ അർത്ഥത്തിലും ഇവ ബന്ധപ്പെട്ടിരിക്കുന്നു. സമകലിക ജീവിത വഴികളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

- ക്രോധം വിവേകം ഇല്ലാതാക്കുന്നു
- ക്രോധം ധർമ്മക്ഷയം വരുത്തുന്നു
- ക്രോധം ബന്ധുക്കളെ വധിക്കുന്നു
- ക്രോധം വ്യക്തിക്ക് വിഘ്നം വരുത്തുന്നു
- ക്രോധം മനസ്താപം ഉണ്ടാക്കുന്നു
- ക്രോധം നാശം വിതയ്ക്കുന്നു

ഇത്തരത്തിൽ ക്രോധം വരുത്തി വയ്ക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് വർത്താമധ്യമങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്താം.

**പ്രവർത്തനം : 5**

കോപം അഗ്നിപോലെയാണ്. നാശമുണ്ടാക്കിയേ അത് അടങ്ങൂ. - മഹാത്മഗാന്ധി

ലഘുപ്രഭാഷണം തയ്യാറാക്കുക.

മനുഷ്യജീവിതത്തിൽ ക്രോധം വരുത്തി വെയ്ക്കുന്ന വിനകൾ എന്തെല്ലാം.? സമകാലിക സംഭവങ്ങൾ അടിസ്ഥാനമാക്കി സ്കൂൾ അസംബ്ലിയിൽ നടത്തുന്ന ലഘുപ്രഭാഷണം തയ്യാറാക്കുക.

- സംബോധന
- ആശയാവതരണം
- ഉള്ളടക്കത്തിന്റെ സമഗ്രത
- ഭാഷശൈലി
- സ്വന്തമായ നിരീക്ഷണം
- മനുഷ്യജീവിതത്തിൽ ക്രോധം വരുത്തി വെയ്ക്കുന്ന വിനകൾ ചർച്ചയാവണം
- ‘ലക്ഷ്മണ സാന്ത്വനം’ എന്ന കവിതയുടെ കേന്ദ്രാശയം കണ്ടെത്തുക.
- എഴുത്തച്ഛന്റെ തത്വചിന്തകൾ
- മഹാത്മഗാന്ധിയുടെ നിരീക്ഷണം
- ക്രോധം മൂലം നാശം ക്ഷണിച്ചു വരുത്തിയ സന്ദർഭങ്ങളുടെ ഉദാഹരിക്കൽ.

**പ്രവർത്തനം : 6**

“ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം
മണ്ണിനു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹം നിമിത്തം മഹാമോഹം”

“ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടും
മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-

ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ”

ഞാൻ ബ്രാഹ്മണനാണ്. ഞാൻ രാജാവാണ്. എന്നിങ്ങനെ ഞാനെന്നെ ഭാവം കൊണ്ടു നടക്കുന്ന മനുഷ്യനെ എഴുത്തച്ഛൻ നിരീക്ഷിക്കുന്നുണ്ട് ഈ ഭാഗങ്ങളിൽ. 16-ാം നൂറ്റാണ്ടിലെ ജാതിമത മേൽക്കോയ്മകൾക്കെതിരെയുള്ള തന്റെ തുറന്ന നിലപാട് പ്രഖ്യാപനം കൂടിയല്ലേ എഴുത്തച്ഛന്റെ ഈ നിരീക്ഷണം. സമർത്ഥിക്കുക.

- 16-ാം നൂറ്റാണ്ടിലെ കേരളീയ സാമൂഹിക ജിവിതാന്തരീക്ഷം
- തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും.... ഒട്ടല്ലഹോജാതിക്കോമരങ്ങൾ
- വിദ്യനേടാൻ താഴ്ന്ന വർഗ്ഗക്കാർക്ക് അവകാശം ഇല്ലായിരുന്നു.
- സംസ്കൃത ഭാഷ വരേണ്യഭാഷയായി കണ്ട സമൂഹം
- വേദം പഠിച്ചവൻ അനുഭവിക്കേണ്ടി വന്ന ശിക്ഷ.

**കിളിപ്പാട്ടുവൃത്തങ്ങൾ**

എഴുത്തച്ഛൻ കിളിപ്പാട്ടുകളിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളാണ് കിളിപ്പാട്ടുവൃത്തങ്ങൾ. ഓരോ വരിയിലും പതിനാല് അക്ഷരങ്ങളുള്ള കേകാവൃത്തവും, പന്ത്രണ്ടക്ഷരങ്ങളുള്ള കാകളി വൃത്തവുമാണ് പ്രധാന കിളിപ്പാട്ടു വൃത്തങ്ങൾ. രണ്ടക്ഷരം വീതമുള്ള ആറ് ഗണങ്ങൾ ഒരു വരയിൽ വരുന്ന അന്നനടയാണ് മറ്റൊരു കിളിപ്പാട്ടുവൃത്തം. കൂടാതെ കാകളിയുടെ വകഭേദങ്ങളായ കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി എന്നിവയും കിളിപ്പാട്ട് വൃത്തങ്ങളാണ്.

**എഴുത്തച്ഛന്റെ ഭാഷാശൈലി പ്രത്യേകതകൾ**

- വിഭക്തി പ്രത്യയങ്ങളോടു കൂടിയ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു
- ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങൾ ആവർത്തിക്കുന്നു
- ഭാവഗൗരവമുള്ള സമസ്ത പദങ്ങൾ ഉപയോഗിക്കുന്നു
- കിളിപ്പാട്ടു വൃത്തങ്ങൾ കൊണ്ടുവന്നു.
- ആശയാവതരണത്തിനായി ഉപമകൾ രൂപപ്പെടുത്തി.
- മനുഷ്യജീവിതവുമായി എല്ലാ അർത്ഥത്തിലും ആശയങ്ങളെ ബന്ധപ്പെടുത്തി.
- ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കി.

ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ പറയുന്ന വരികൾ

“ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സുമോർക്കനീ

വഹ്നിസന്തപ്ത ലോഹസ്താംബുബിന്ദുനാ

സന്നിഭം മർത്യജന്മം ക്ഷണഭംഗുരം

ചക്ഷ്യുഃശ്രവണഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാപരിഗ്രസ്തമാം ലോകവു-
മാലോലചേതസാഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്കനീ
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു-
മെത്രയും ചഞ്ചലമാലയ സംഗമം
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ യവ്വനവും പുനരധ്രുവം?
സ്വപ്നസമാനംകളത്രസുഖം നൃണാ-
മൽപ്പമായുസ്സും നിരൂപിക്ക ലക്ഷ്മണാ
രാഗാദി സങ്കുലമായുള്ള സംസാര
മാകെ നിരൂപിക്കൽ സ്വപ്നതുല്യം സഖേ!"

കോപം അഗ്നിപോലെയാണ്. നാശമുണ്ടാക്കിയേ അത് അടങ്ങൂ - മഹാത്മഗാന്ധി

കോപം വരുമ്പോൾ നിങ്ങൾ നിൽക്കുകയാണെങ്കിൽ ഇരിക്കണം. ഇരിക്കുകയാണെങ്കിൽ കിടക്കണം. അതുകൊണ്ടും അടങ്ങുന്നില്ലെങ്കിൽ ജലംകൊണ്ട് ദേഹശുദ്ധി വരുത്തണം - മുഹമ്മദ് നബി

നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ - ബൈബിൾ.

## കാളിദാസൻ - എൻ.വി. കൃഷ്ണവാര്യർ

1942 കാലത്ത് ഇന്ത്യൻ സ്വാതന്ത്രസമരം ശക്തിപ്പെടുമ്പോൾ യുവാവായ എൻ.വി. കൃഷ്ണവാര്യർ തന്റെ ജോലി രാജിവെച്ച് സ്വതന്ത്ര്യസമര ഭടനായി മാറി എന്നത് ചരിത്രമാണ്. ഒളിവു ജീവിതം നയിക്കുകയും 'സ്വതന്ത്രഭാരതം' എന്ന പേരിൽ പത്രം നടത്തുകയും ചെയ്തു അദ്ദേഹം. കവി, പണ്ഡിതൻ, ഭാഷാശാസ്ത്രജ്ഞൻ പത്രാധിപർ, അധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര - കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ നേടി.

**പ്രധാന കൃതികൾ**

- ഗാന്ധിയും ഗോഡ്സെയും
- നീണ്ടകവിതകൾ
- കാളിദാസന്റെ സിംഹാസനം
- പുഴകൾ
- രക്തസാക്ഷികൾ - എന്നിവ കവിതകളാണ്.

- വള്ളത്തോളിന്റെ കാവ്യശിൽപ്പം
- കലോത്സവം
- പരിപ്രേക്ഷ്യം
- സമാകലനം - എന്നിവ ലേഖനങ്ങൾ
    - അമേരിക്കയിലൂടെ
    - ഉണരുന്ന ഉത്തരേന്ത്യ

    - എന്നിവ യാത്രാവിവരങ്ങൾ

**വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങൾ**

ധന്വന്തരി

ക്ഷപണകൻ

അമരസിംഹൻ

ശങ്കു

വേതാളഭടൻ

ഘടകർപ്പരൻ

വരാഹമിഹിരൻ

വരരുചി

കാളിദാസൻ

**കാളിദാസകവിത**

വിശ്വമോഹനമായ കവിതയാണ് കാളിദാസകവിത. പ്രകൃതിയുടെ സൗന്ദര്യവിലാസങ്ങളും മനുഷ്യജീവിതത്തിന്റെ താരള്യങ്ങളും കൊണ്ട് അനശ്വരമായ കാവ്യലോകം നിർമ്മിച്ച് കാളിദാസൻ. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം, പരസ്പര സ്നേത്തിന്റെ മഹിമ, സ്നേഹത്തിനായി സ്വജീവിതം പോലും വെടിയാനുള്ള സന്നദ്ധത, മനുഷ്യ ജീവിതത്തിന്റെ ആർദ്രത എന്നിവ ആ കവിതകളിലുണ്ട്. നഗരത്തിലായാലും തപോവനത്തിലായാലും പ്രകൃതിയും മനുഷ്യജീവിതവും അന്യോന്യം ആഘോഷിക്കുന്നതായി അദ്ദേഹം കണ്ടു. കാളിദാസന്റെ ജീവിതാശേഷത്തിന്റെ സാധ്യതകൾ കവിതകളിൽ കാണണമെങ്കിൽ കാളിദാസകവിതകൾ പരിശോധിച്ചാൽ മതി.

കാളിദാസൻ ഒരു സഞ്ചാരിയായിരുന്നോ എന്നറിയില്ല. എന്നാലദ്ദേഹം സ്ഥലത്തിന്റേയും യാത്രകളുടെയും കലാകാരനായിരുന്നു എന്നു പറയാം. കവിതകളിലെ ഭൂഭാഗ ദൃശ്യങ്ങളും സ്ഥല പരാമർശങ്ങളും ഇതിന് തെളിവാണ്.

കാല്പനികത ഏറിയ അളവിൽ തന്നെ കാളിദാസ കവിതകളിലുണ്ട്. മധുരോദാരവും കൽപനാമധുരവും ആണ് കാളിദാസ ഭാഷാശൈലി. രാമായണവും, മഹാഭാരതവും തന്നെയായിരുന്നു അദ്ദേഹത്തിന്റെയും കാവ്യസ്രോതസുകൾ. ഭരതമുനിയുടെ നാട്യശാസ്ത്രത്തെപ്പറ്റിയുള്ള ഗഹനധാരണയും കാളിദാസകൃതികളിൽ കാണാം.

കാളിദാസന്റെ ജീവിത കാലത്തെപ്പറ്റി പലവാദങ്ങളുണ്ട്. ബി.സി. 5 മുതൽ 6 വരെയാണ് അംഗീകരിച്ച കാലഘട്ടം. സ്ഥലകാലങ്ങൾ തീർച്ചയില്ലെങ്കിലും രണ്ട് സഹസ്രാബ്ദങ്ങളിലായി കാളിദാസകൃതികൾ ഇന്ത്യൻ ജീവിതത്തിന്റെ ഭാഗമാണ്. കാളിദാസ കൃതികൾ നിരന്തരം വായിക്കപ്പെട്ടു. ഒരിക്കലും അവ മറവിയിൽ മുങ്ങിപ്പോയില്ല. അച്ചടിച്ചു വരുന്നതിനു മുമ്പ് തന്നെ കൈയെഴുത്ത്പ്രതികളായി ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ അവ പ്രചരിച്ചു. ദേശഭേദവും പകർത്തിയെഴുത്തുകളും അവയിൽ പാഠാന്തരങ്ങൾ സൃഷ്ടിച്ചു. ഇന്ത്യയിലെ വിവിധ ഭാഷകളിലും മറ്റ് ഇംഗ്ലീഷ് ഭാഷകൾ ഉൾപ്പെടെയുള്ള ഭാഷകളിലും കാളിദാസകൃതികൾ പ്രചരിച്ചു വരുന്നു.

**മേഘസന്ദേശം**

കുബേര രാജാവിന്റെ ആശ്രിതനായ യക്ഷൻ കാമിനീ സുഖാസക്തിയിൽ മുഴുകിപ്പോയി. അയാൾ കൃത്യവിലോപം വരുത്തിയതിൽ ദേഷ്യം പൂണ്ട രാജാവ് യക്ഷനെ അളകാപുരിയിൽ നിന്നും വിന്ധ്യാപർവ്വത പ്രദേശത്തെ രാമഗിരിയിലേക്ക് നാടുകടത്തി. ഒരു വർഷത്തോളം യക്ഷന് ഭാര്യയെ പിരിഞ്ഞിരിക്കേണ്ടി വരുന്നു. പ്രിയപ്പെട്ടവളെ പിരിഞ്ഞിരിക്കേണ്ടതിനാൽ യക്ഷന്റെ മനസ്സിൽ വെമ്പലും വേദനയും വിരഹദുഃഖവും കൂടി വരുന്നു. എന്തുചെയ്യണമെന്നറിയാതെ വികാര വിക്ഷുബ്ധനായി നിൽക്കുമ്പോഴാണ് ആഷാഢ മാസത്തിൽ കാർമേഘങ്ങൾ ഉയർന്നു വരുന്നത് കാണുന്നത്. യക്ഷന്റെ വിരഹദുഃഖം ഇതോടെ കൂടുകയാണ്. വിന്ധ്യാപർവതത്തിലെത്തുന്ന മേഘങ്ങളെ കണ്ട കാഴ്ച വിവരിക്കുന്നത് അതീവ ഹൃദ്യമാണ്. കാളിദാസ ഭാവനകളുടേയും മനോഭാവങ്ങളുടെയും ഹൃദ്യമായ അനുഭവം മേഘസന്ദേശം നൽകുന്നു. യക്ഷൻ കാളിദാസൻ തന്നെയോ എന്ന് സംശയിച്ചു പോകുന്നതിൽ അദ്ഭുതമില്ല.

**<u>പ്രവർത്തനം : 1</u>**

ചില കാര്യങ്ങളിൽ രണ്ടഭിപ്രായം ഉണ്ടാവുകയില്ല. ഇന്ത്യയിലെ ഏറ്റവും വലിയ പർവ്വതം ഏതെന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ – ഹിമാലയം. ഇന്ത്യയിലെ ഏറ്റവും മഹാനായ കവി ആരെന്നതിനെപ്പറ്റി ആർക്കും തർക്കമില്ല – കാളിദാസൻ. പണ്ടുമാത്രമല്ല, ഇന്നും അങ്ങനെത്തന്നെ. – എൻ.വി. കൃഷ്ണവാര്യർ.

ഈ നിരീക്ഷണത്തോട് നിങ്ങളുടെ പ്രതികരണം കുറിക്കുക.

- വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു കാളിദാസൻ എന്നാണ് പ്രസിദ്ധി.
- വിശ്വമോഹനമായ കാളിദാസകവിതയെക്കുറിച്ച് കേട്ടിട്ടില്ലാത്തവരായി ആരുമില്ല.
- പ്രകൃതിയുടെ സൗന്ദര്യവിലാസങ്ങളും താരള്യങ്ങളും കൊണ്ട് അനശ്വരമായ കാവ്യലോകം നിർമ്മിച്ചു.
- കവിതയുടെ ഗുണവിശേഷതയാണ് ഒരുകാരണം.
- ആദി കവി വാൽമീകി, എഴുത്തച്ഛൻ, ഉണ്ണായി വാര്യർ, രാമപുരത്ത് വാര്യർ എന്നീ ശ്രേണിയിൽ ഇടംനേടിയ കവിയാണ്.
- വൈവിധ്യമാർന്ന ഇതിവൃത്തങ്ങൾ, ഹൃദ്യമായ വർണ്ണനകൾ, ഉചിതമായ ജീവിത നിരീക്ഷണങ്ങൾ എന്നിവയാൽ സമ്പന്നമാണ്.

- ജീവിതത്തിന്റെ വിഭിന്ന മുഖങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.
- അനുഭൂതി മധുരമായ ജീവിത മുഹൂർത്തങ്ങൾ
- ഭൂമിയും സ്വർഗ്ഗവും ആ കൃതികളിലുണ്ട്
- ഇന്ദ്രിയസുഖാനുഭവം മാത്രമല്ല സ്നേഹമെന്നും അത് ത്യാഗനിർഭരമായ ജീവിതമാണെന്നും.

**പ്രവർത്തനം 2**

| **കൃതികൾ** | **സാഹിത്യവിഭാഗം** | **പ്രമേയം** |
|---|---|---|
| ഋതുസംഹാരം | ഖണ്ഡകാവ്യം | ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശശിരം, വസ്തം തുടങ്ങിയ ആറ് ഋതുക്കളെ വർണിക്കുന്ന കാവ്യം |
| കുമാരസംഭവം | മഹാകാവ്യം | പാർവ്വതി ശിവനെ ഭർത്താവായി ലഭിക്കാൻ കഠിന തപസ് അനുഷ്ഠിക്കുന്നതും, ശിവനെ ഭർത്താവായി ലഭിക്കുന്നതും. |
| രഘുവംശം | മഹാകാവ്യം | സൂര്യവംശത്തിലെ ദിലീപൻ മുതൽ അഗ്നി വർണൻ വരെയുള്ള രാജാക്കന്മാരുടെ ജീവിതം വർണിക്കുന്ന കാവ്യം |
| മാളവികാഗ്നിമിത്രം | നാടകം | അഗ്നിമിത്രനെന്ന സുംഗരാജാവിന്റെ കുടുംബ ജീവതത്തെ ചിത്രീകരിക്കുന്നു. അക്കാലത്തെ രാഷ്ട്രീയ സ്ഥിതിഗതികളെ ഹാസ്യഗർഭിതമായി അവതരിപ്പിക്കുന്നു. |
| വിക്രമോർവശീയം | നാടകം | ഉർവശിയുടെ പുരൂരവസ്സിന്റെയും ജീവിതം. ഇന്ത്യയിൽ അതിപ്രചീന കാലം മുതൽ നടപ്പുള്ള ഐതിഹ്യ വർണ്ണന. |
| അഭിജ്ഞാന ശാകുന്തളം | നാടകം | ശകുന്തള ദുഷ്യന്തന്മാരുടെ ജീവിതം ആശ്രമത്തിന്റെ ആഴകും പരിശുദ്ധിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും ഉള്ള കൃതി. പ്രൗഢസ്നേഹത്തിന്റെ ക്ഷമയും ത്യാഗവും കാണാം. |
| മേഘസന്ദേശം | സന്ദേശകാവ്യം | അളകാപുരിയിൽ നിന്നും നാടുകടത്തപ്പെട്ട് രാമഗിരിയിലെത്തിയ യക്ഷൻ വിരഹദുഃഖത്താൽ മേഘം വഴി സന്ദേശം അയക്കുന്നു. ഈ ചെറുകാവ്യത്തിനു ലഭിച്ചത്ര അഭിനന്ദനം മറ്റൊരു കൃതിക്കും ലഭിച്ചിട്ടില്ല. |

**പ്രവർത്തനം : 3**

കാളിദാസ കൃതികളെ പരിചയപ്പെടുത്തുന്ന സദസ്സിൽ ആശയങ്ങൾ ക്രമപ്പെടുത്തി പ്രഭാഷണം തയ്യാറാക്കുക.

- കാളിദാസജീവചരിത്രം
- കാളിദാസകൃതികൾ
- കാളിദാസനെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ
- കാളിദാസസ്വാധീനം മറ്റു കവികളിൽ
- വ്യക്തിഗത അഭിപ്രായങ്ങൾ / നിരീക്ഷണങ്ങൾ

**പ്രവർത്തനം : 4**

ഭൂമിയും സ്വർഗ്ഗവും ഒരൊറ്റവാക്കിലടക്കണമോ? ഞാൻ പറയാം - ശാകുന്തളം! അതിൽ എല്ലാം അടങ്ങിയിരിക്കുന്നു. - എൻ.വി. കൃഷ്ണവാര്യർ ഇങ്ങനെ പ്രസ്താവിക്കുന്നതിന്റെ പൊരുൾ വിലയിരുത്തുക.

- കാളിദാസ ഭാവന ഏറ്റവും അധികം തെളിഞ്ഞു പ്രകാശിക്കുന്നത് ശാകുന്തളത്തിലാണ്.
- ഭാരതീയ നാടകങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന നാടകമാണ്.
- ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും നഗരത്തിന്റെ പ്രൗഢിയും പകിട്ടും ഇതിലുണ്ട്.
- പ്രഥമസ്നേഹത്തിന്റെ / പ്രണയത്തിന്റെ വിലാസഭംഗികളും ക്ഷമയും ത്യാഗവും അതിലുണ്ട്.
- അതിർകവിഞ്ഞ ക്രോധത്തിന്റെ ആളിക്കത്തലും അപാരമായ ഔദാര്യത്തിന്റെ ശീതളിമയും ശാകുന്തളത്തിലുണ്ട്.
- മനുഷ്യരുടേയും പ്രകൃതിയുടെയും അനുഭൂതി മധുരങ്ങളായ ചിത്രങ്ങൾ അതിൽ ചിതറിക്കിടക്കുന്നു.
- ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജ്ഞാഭിന്ന വിചിത്രമാർഗ്ഗമായ മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
- ആണ്ടുപിറപ്പിലെ പൂക്കളും ആണ്ടറുതിയിലെ പഴങ്ങളും ആത്മാവിനെ മോഹിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും തൃപ്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതെന്തും ഭൂമിയും സ്വർഗ്ഗവും എല്ലാം ശാകുന്തളത്തിലുണ്ട്.

**അമ്മ - വൈക്കം മുഹമ്മദ് ബഷീർ**

മലയാളസാഹിത്യലോകത്തിലെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീർ സ്വന്തം ജീവിതം സ്വന്തം ഭാഷയിൽ എഴുതിയ സാഹിത്യകാരനാണ്. ദേശസ്നേഹത്തെ മാതൃസ്നേഹമായി തന്നെയാണദ്ദേഹം കാണുന്നത്. അത്തരത്തിലുള്ള ഒരു അനുഭവകഥ അദ്ദേഹം 'അമ്മ' എന്ന പാഠഭാഗത്ത് പ്രതിപാദിക്കുന്നു. ബഷീറിന്റെ വിദ്യാർത്ഥി ജീവിതവും സ്വാതന്ത്ര്യസമരജീവിതവഴികളിലെ വിരഗാഥകളും അമ്മയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും ഓർമ്മകളും എല്ലാമടങ്ങുന്ന ഈ ഭാഗം ആത്മകഥ തന്നെയാണ്.

ഒരു കത്തിൽ നിന്നാരംഭിച്ച് ഓർമ്മയിലൂടെ അമ്മയിലേക്കും ഗാന്ധിജിയിലേക്കും ഉപ്പുസത്യാഗ്രഹസമരകാലത്തെ അനുഭവങ്ങളിലേക്കും പ്രവഹിക്കുന്ന അനാദൃശ്യമായ കഥന ശൈലികൊണ്ട് ബഷീർ വയനക്കാരനെ വിസ്മയിപ്പിക്കുകയാണ്. മാതാവിന്റേയും മാതൃഭൂമിയുടേയും മഹത്വം തിരിച്ചറിയാനും സാമൂഹികവും വ്യക്തിപരവുമായ കടമ കൾ നിർവഹിക്കാനുമുള്ള മൂല്യബോധം ഈ അനുഭവകഥ ഉണർത്തുന്നുണ്ട്. ബഷീർ ശൈലിയുടെ സത്തയും തനിമയും പരിചയപ്പെടാൻ കഴിയുന്നുണ്ട്.

ഒരു എഴുത്തുകാരൻ എന്നതിനപ്പുറം പിറന്നനാടിനെ സ്നേഹിച്ച ഒരു സ്വതന്ത്ര്യ സമരസേനാനി കൂടിയായിരുന്നു ബഷീർ. മലയാളത്തിൽ മറ്റൊരു എഴുത്തുകാരനും പറ യാനാവാത്തവിധം ജീവിതാനുഭവങ്ങളുള്ളയാളായിരുന്നു ബഷീർ. ഈ വ്യത്യസ്തതയാണ് ബഷീറിന്റെ രചനാലോകത്തെ സമൃദ്ധമാക്കിയത്. അദ്ദേഹത്തിന്റെ അനുഭവങ്ങളെ നാലാക്കി തിരിക്കാം. കുട്ടിക്കാലത്തിലേയും രാഷ്ട്രീയകാലത്തിലേയും സഞ്ചാരകാലത്തിലേയും കുടുംബജീവിതകാലത്തിലേയും അനുഭവങ്ങളായി അതിനെ കാണാം.

ബാല്യകാല സഖി, പാത്തുമ്മയുടെ ആട് തുടങ്ങിയ കൃതികളിൽ കുട്ടിക്കാലഓർമ്മ കളാണുള്ളത്.

ആനപ്പൂട, അജ്ഞാതമായ ഭാവിയിലേക്ക് തുടങ്ങിയ കഥകളിൽ ബാല്യകാലമുണ്ട്.

ഗാന്ധിജിയെ തൊട്ട അനുഭവം വിവരിക്കുന്ന അമ്മായിലെത്തുമ്പോൾ യുവത്വത്തിന്റെ വിപ്ലവവീര്യം തുടിക്കുകയാണ്.

ബഷീറിനെ അനുകരിക്കാൻ മലയാളത്തിൽ ആർക്കും തന്നെ കഴിഞ്ഞിട്ടില്ല. എം. എൻ വിജയൻ മാഷ് പറഞ്ഞതുപോലെ അനുഭവങ്ങളുടെ എത്രയെത്ര വൻകരകളാണ് ബഷീർ സൃഷ്ടിച്ചത്.

ദേശാഭിമാനവും ചരിത്രവും ആത്മകഥയും സമന്വയിക്കപ്പെട്ട കൃതിയാണ് അമ്മ.

**സന്ദർഭങ്ങൾ /പ്രയോഗങ്ങൾ**

- അമ്മ നിത്യവും മകനെ പ്രതീക്ഷിക്കുന്നു
- മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടത്.
- അമ്മ ചോദിച്ചു ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?
- മനസ്സിനേയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നത പ്രാകരങ്ങളോടു കൂടിയ ഭയങ്കര കാരാഗാരമാണ് ഇന്ത്യ
- കാന്തിക്ക് എവിടെന്നു കിട്ടിയെടാ ഈ പുഷ്ക്കടിമുണ്ട്.

**പാഠഭാഗത്ത് ബഷീർ വിവരിക്കുന്നത്**

- അമ്മയെക്കുറിച്ചാണ്
- അമ്മയോടുള്ള കടപ്പാട്
- മാതൃത്വത്തിനു മുന്നിൽ വിനീതനാവുന്ന ബഷീർ
- അമ്മയെ അഗാധമായി ആദരിക്കുന്നു
- അമ്മയുടെ കത്തിൽ തുടങ്ങി അമ്മയുടെ കത്തിൽ അവസാനിക്കുന്നു.
- ദാഹിച്ചു മോഹിച്ചുണ്ടായ സന്താനത്തെ വളർത്തി വലുതാക്കുന്നു

- അമ്മ മകനെ കാണാനാഗ്രഹിക്കുന്നു. അടുത്തു തന്നെ ഉണ്ടാവാനാഗ്രഹിക്കുന്നു
- വ്യാകരണമില്ലാത്ത എഴുത്ത്
- മകനെ കാത്ത് ഭക്ഷണമൊരുക്കി ഉറക്കമിളച്ചിരുന്ന മാതാവ്
- ഭാരതത്തിലെങ്ങുമുള്ള അമ്മമനസ്സ്

**പ്രവർത്തനം : 1**

ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങികിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു. - ഈ സന്ദർഭത്തിൽ നിന്ന് എന്തെല്ലാമാണ് മനസിലാവുന്നത്.

- ഇത് ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടാണ്. അതുകൊണ്ട് തന്നെ വക്കിൽ ചോര പൊടിഞ്ഞിരിപ്പുണ്ട്.
- വേദനാജനകമായ അനുഭവങ്ങളുടെ പച്ചയായ ആവിഷ്ക്കാരമാണിതിൽ
- അമ്മയെക്കുറിച്ച് മാനസികമായി നീറുന്നു
- മകൻ അമ്മയോടുചെയ്യേണ്ട കടമ നിർവ്വഹിച്ചോ എന്ന ആദർശചിന്ത
- അലങ്കാരമില്ലാത്ത ഭാഷയും ആഖ്യാനവും

**പ്രവർത്തനം : 2**

"എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ"

ഈ പ്രസ്താവനയെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- അമ്മയോടുള്ള ബന്ധം
- സ്വതന്ത്ര്യസമരത്തിന്റെ തീവ്രത
- ബഷീറിന്റെ രാജ്യസ്നേഹം
- കുടുംബബന്ധങ്ങളെക്കാൾ ശക്തമായ രാജ്യസ്നേഹം
- സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ
- ഗാന്ധിജിയുടെ ചിന്തകളുമായി യോജിക്കുന്നു
- ഗന്ധിജിയെ തൊട്ടറിയുന്നു
- ഖദർ ധരിക്കുന്നു
- അമ്മയോട് ഗാന്ധിജിയെപ്പറ്റി സംസാരിക്കുന്നു
- വീടുവിട്ടിറങ്ങി ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുന്നു.
- നിരാഹാരസമരം, സത്യാഗ്രഹസമരം എന്നീ ഗാന്ധിയൻ സമരപാതകൾ സ്വീകരിക്കുന്നു.
- ഹിംസ ഉപേക്ഷിക്കാൻ തയ്യാറാവുന്നു.

**പ്രവർത്തനം : 3**

വിലയിരുത്തൽ കുറിപ്പ്

"അങ്ങനെ ഞാനും പോയി ആരോടും ചോദിക്കാതെ, വിദ്യാഭ്യാസം ഉപേക്ഷിച്ച് കോഴിക്കോട്ടേക്ക്പോയി. അന്നു സന്ധ്യക്ക് എന്റെ അമ്മ അടുക്കളയിൽ ആഹാരം പാകം ചെയ്യുകയായിരുന്നു. അമ്മ ഒന്നും അറിഞ്ഞിരുന്നില്ല. ഞാൻ അമ്മയോട് ഒരു ഗ്ലാസ് വെള്ളം അവസാനമായി വാങ്ങികുടിച്ച് ഉമ്മയെ ഒന്നു നോക്കിയിട്ട് ഇറങ്ങി നടന്നു'

– അനുഭവങ്ങളുടെ തീക്ഷ്ണത, ആഖ്യാനത്തിലെ ആകൃത്രിമത്വം എന്നിവയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

- വീട് വിട്ടിറങ്ങാനുള്ള പ്രേരണകൾ
- വീട്ടിലെ സുഖങ്ങൾ പുറത്ത് കിട്ടുന്നുണ്ടോ
- ഈ തീരുമാനസമയത്തെ ബഷീറിന്റെ പ്രായം
- ബഷീറിന്റെ തീരുമാനത്തെക്കുറിച്ചുള്ള അഭിപ്രായം
- വിദ്യാർത്ഥി സാമൂഹികബോധ്യമുള്ളവനായിരിക്കണം.
- സാമൂഹികപ്രതിബന്ധതയും പ്രതികരണസന്നദ്ധതയും.

## യൂണിറ്റ് – 2

## അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

സാഹിത്യകൃതികളിൽ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രമേയങ്ങൾ വിശകലനം ചെയ്താൽ സ്നേഹം, സ്വാർത്ഥത, ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങൾ ആവർത്തിക്കുന്നതായി കാണാം. എന്നാൽ ഓരോ എഴുത്തുകാരന്റേയും സർഗ്ഗാത്മകമായ അനുഭൂതികൾകൊണ്ട് സൃഷ്ടിക്കാൻ പിറവിയെടുക്കുമ്പോൾ ആസ്വാദകനിൽ അവ വ്യത്യസ്ത തലത്തിൽ സ്വാധീനം ചെലത്തും. രൂപ, ഭാവങ്ങളിലും ആവിഷ്ക്കാരത്തിലും പുലർത്തുന്ന വൈദഗ്ധ്യമാണ് ഓരോ കൃതിയേയും വ്യത്യസ്തമാക്കുന്നത്.

ലളിതാംബിക അന്തർജനത്തിന്റെ പ്രശസ്തമായ ഒരു ചെറുകഥയാണ് വിശ്വരൂപം. 'ലളിതാംബിക അന്തർജനത്തിന്റെ സമ്പൂർണ്ണ കൃതികൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കഥ. ഒരു വ്യക്തിയുടെതന്നെ വ്യത്യസ്തമായ ജീവിതപരിണാമങ്ങൾ ഈ കഥയിൽ അടയാളപ്പെടുത്തുന്നു. മിസിസ് തലത്തിന്റെ ഒരു യഥാർത്ഥ അമ്മയിലേക്കുള്ള പരിവർത്തനമാണീ കഥയുടെ കേന്ദ്രബിന്ദു.

മാതൃത്വത്തിന്റെ വിശ്വരൂപമാണ് ഈ കഥയിൽ നിറഞ്ഞുനിൽക്കുന്നത്. ഒപ്പം വ്യക്തി – കുടുംബ – സാമൂഹ്യബന്ധങ്ങളും ഉൾക്കാഴ്ച്ചക്ക് വിധേയമാകുന്നു.

ആശാന്റെ പ്രസിദ്ധമായ ഖണ്ഡകാവ്യമായ 'നളിനി'യിലെ ഒരു ഭാഗമണ് പ്രിയദർശനം. കളിക്കൂട്ടുകാരായിരുന്നു നളിനിയും ദിവാകരനും. യൗവനാവസ്ഥയിൽ നളിയിലത് അനുരാഗമായി മാറുന്നു. വീട്ടുകാർ തന്റെ വിവാഹം നടത്തുവാൻ പോകുന്നുവെന്ന് തിരിച്ചറിഞ്ഞ് അവൾ വീട് വിട്ടുപോകുന്നു. ആത്മഹത്യക്ക് ഒരുങ്ങുന്ന നളിനിയെ ഒരു സന്യാസി രക്ഷപ്പെടുത്തുകയും അവളെ ആശ്രമത്തിലേക്ക് കൂട്ടുയും ചെയ്യുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗം.

ഒ.വി. വിജയന്റെ ശ്രദ്ധേയമായ കഥയാണ് കടൽത്തീരത്ത്. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട മകനെ കാണാൻ അവസാനമായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് പോകുന്ന വെള്ളായിയപ്പനിൽ കഥ തുടങ്ങുന്നു. ധ്വാന്യാത്മകത നിറഞ്ഞു നിൽക്കുന്ന കഥയിൽ

സ്നേഹത്തിന്റെ തീവ്രത ദൃശ്യമാണ്. പൊതിച്ചോറിന്റെ നന്മ വറ്റാത്തതുപോലെ വ്യക്തി - കുടുംബ സമൂഹം എന്ന നിലയിൽ സ്നേഹം വളരുന്നു. കരുണ രസത്തിന്റെ ധ്വനി കൊണ്ടും വധശിക്ഷയെന്ന അനീതികൊണ്ടും വായനക്കാരന്റെ ഉള്ളുപൊള്ളിക്കുന്ന കഥ യാണ് കടൽത്തീരത്ത്.

**പ്രയോഗങ്ങളുടെ സന്ദർഭങ്ങൾ കണ്ടെത്തുക.**

1. തങ്ങൾക്കു രണ്ടുപേർക്കും പ്രിയപ്പെട്ടതായിരിക്കുന്നതും തങ്ങളെ കൂട്ടിയിണക്കു ന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി.

2. മിസിസ് തലത്ത് ഓർമ്മകളുടെ ഓളത്തിലേക്ക് വഴുതിവീഴുകയായിരുന്നു.

3. ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ സങ്കീർണ്ണമായ പ്രശ്നങ്ങളെല്ലാം അവളുടെ ഒരു ചിരിയിൽ മാഞ്ഞുപോകുന്നു. യഥാർത്ഥ നയതന്ത്രപ്രതിനിധിയവളാണ്.

4. താപസോചിതമായ ഈ വേഷത്തിലും മാഡം തലത്ത് മാഡം തലത്തു തന്നെയാ ണ്.

5. ഓർമ്മകൾ അതുമാത്രമേ വാർദ്ധകൃത്തിനവകാശപ്പെട്ടതായുള്ളൂ.

6. അവസാനമായെങ്കിലും സ്ത്രീയുടെ വിശ്വരൂപം ദർശിച്ചുവല്ലോ.

**കഥാപാത്ര നിരൂപണം**

മിസിസ് തലത്ത്

- ഗ്രാമീണയുവതി
- ആരുടെ മുമ്പിലും തലകുനിക്കില്ല
- ഭർത്താവിന്റെ ഡോളി
- മക്കൾക്ക് പ്രാധാന്യം നൽകുന്നില്ല
- ഭർത്താവിന്റെ മരണം, ഒറ്റപ്പെടൽ
- സ്വന്തംകാലിൽ ജീവിക്കാനുള്ള തീരുമാനം
- താഴത്ത് കുഞ്ഞിക്കുട്ടിയമ്മയായി അമ്മയെന്ന വിശ്വരൂപത്തിൽ

## വിശ്വരൂപം

### ലളിതാംബിക അന്തർജനം

ലളിതാംബിക അന്തർജനത്തിന്റെ ഒരു കഥയാണ് വിശ്വരൂപം. സുധീർ എന്ന കഥാ പത്രത്തിന്റെ അന്വേഷണത്തിലൂടെ ആരംഭിച്ച് മിസിസ് തലത്തെന്ന താഴത്തു കുഞ്ഞുകു ട്ടിയമ്മയെ കണ്ടുമടങ്ങുന്നതോടെ കഥയവസാനിക്കുന്നു. മാഡം തലത്ത് ഒരു യഥാർത്ഥ അമ്മയായി മാറുന്നതിന്റെ ചിത്രം ഈ കഥ പങ്കുവെയ്ക്കുന്നു.

വിവാഹശേഷം ആഡംബര ജീവിതത്തിലൂടെ കടന്നുപോകുന്ന മിസിസ് തലത്ത് തന്റെ പഴയകാലജീവിതത്തേയും, രീതികളേയും പാടെ മറക്കുന്നു. അവർ ഭർത്താവിന്റെ നിഴലായി മാത്രം മാറുന്നു. അതിന് തെളിവാണല്ലോ മിസിസ് തലത്തെന്ന പേരുമാറ്റവും.

സ്വന്തം കുട്ടികളുടെ കാര്യത്തിൽവരെ ശ്രദ്ധിക്കാതെ കടന്നുപോയ മിസിസ് തലത്ത് ക്ലബ്ബുകളിലും, നാടക ശാലകളിലുമൊക്കെയായി ജീവിതം ആഘോഷിക്കുന്നു. കുട്ടികളെ

അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടക്കിടെ ഉമ്മ വെക്കാനുള്ള ഉപകരണമായി മാത്ര മാണ് കാണുന്നത്.

പക്ഷേ ഇന്നവർ തന്റെ ചെയ്തികളെയോർത്ത് പശ്ചാത്തപിക്കുന്നു. കുട്ടികളെ ബോർഡിംഗിൽ അയച്ച് പഠിപ്പിച്ചതിനാൽ ബന്ധങ്ങളുടെ ഊഷ്മളത നഷ്ടപ്പെട്ടതായി അവർ തിരിച്ചറിയുന്നു. അതിനാൽതന്നെ അവരെ കഷ്ടപ്പെടുത്താതെ ഒറ്റയ്ക്ക് താമസി ക്കാനുള്ള സുദൃഢമായ തീരുമാനവും താഴത്ത് കുഞ്ഞിക്കുട്ടിയമ്മയെടുക്കുന്നു.

**കഥാപാത്ര നിരൂപണം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്**

- കഥാപാത്രത്തെക്കുറിച്ചൊരാമുഖം
- കഥാപാത്രത്തിന്റെ പെരുമാറ്റം / സവിശേഷതകൾ
- മറ്റ് കഥാപാത്രങ്ങളോടുള്ള സമീപനം
- കഥയിലുള്ള സ്ഥാനം, കാഴ്ചപ്പാട്
- സമൂഹത്തിലിത്തരം കഥാപാത്രങ്ങൾക്കുള്ള സ്ഥാനം
- സമാന കഥാപാത്രങ്ങളുമായി താരതമ്യം

**വിശകലനം ചെയ്യുക**

രൂപംകൊണ്ടു പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പ രന്നിരുന്നു.

- പ്രകടമാകുന്നഭാവം ചർച്ചചെയ്യുന്നു
- സന്ദർഭമേത്
- രൂപംകൊണ്ട് തിരിച്ചറിയാത്തതിന് കാരണമെന്താവാ
- സ്വരം തിരിച്ചറിയാൻ കഴിഞ്ഞത് എന്തുകൊണ്ട്

**ശീർഷകത്തിന്റെ ഔചത്യം പരിശോധിക്കുക**

- മിസിസ് തലത്തിന്റെ ജീവിതം
- കുട്ടികളെ വളർത്താത്ത അമ്മ
- ഡോ. തലത്തിനുവേണ്ടി രൂപപ്പെടുത്തിയ ജീവിതം
- ഡോ. തലത്തിന്റെ മരണശേഷം
- മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്
- മാതൃത്വത്തിന്റെ വിശ്വരൂപം

താപസോചിതമായ ഈ വേഷത്തിലും മാഡം തലത്ത് മാഡം തലത്ത് തന്നെയാ ണോ. വ്യാഖ്യാനിക്കുക.

- ഇപ്പോൾ താപസിയേപ്പോലെ ജീവിക്കുന്നു
- ആരുടെ മുമ്പിലും തല കുമ്പിട്ടിട്ടില്ല.
- ഡോ. തലത്തുള്ളപ്പോൾ പ്രൗഢവനിതയായി ജീവിച്ചു
- മക്കൾ വിളിച്ചിട്ടും ഒറ്റയ്ക്ക്തന്നെ ജീവിക്കാൻ ധൈര്യംകാണിച്ചു.
- തീരുമാനങ്ങളിലെ ദൃഢത

**നളിനി**

ആധുനിക കവിത്രയത്തിലെ പ്രധാനിയാണ് കുമാരനാശാൻ. 'വിപ്ലവത്തിന്റെ ശുക്ര നക്ഷത്രമെന്നറിയപ്പെടുന്ന ആശാൻ, കവിതയിലൂടെ പിന്നാക്ക വിഭാഗത്തിൽ ആണ്ട് കിടന്ന താഴ്ന്നാജതിക്കാരേയും, സ്ത്രീകളേയും ഉന്നതിയിൽ എത്തിക്കാൻ ശ്രമിച്ചു. സ്നേഹമായിരുന്നു ആശാൻ കവിതയിലെ മുഖമുദ്ര. ജാതീയതക്കെതിരെ പടനയിച്ച ആശാൻ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായിരുന്നു. ആശാൻ കവിതകളിൽ സ്ത്രീ കഥാപാത്രങ്ങൾക്ക് ഏറെ പ്രാധാന്യം. നളിനി ഖണ്ഡകാവ്യത്തിന് 'ഒരു സ്നേഹം' എന്നായിരുന്നു പേര്. ബാല്യകാല സുഹൃത്തുക്കളായ ദിവാകരനും നളിനിയും ഏറെ നാളുകൾക്ക് ശേഷം കണ്ടുമുട്ടുന്നു.

- നായകൻ ദിവാകരൻ. നായിക നളിനി

  സൂര്യനും താമരയും തമ്മിലുള്ള ആത്മബന്ധത്തിൽ നായകന്റേയും നായികയുടേയും സ്നേഹത്തെ ബന്ധിപ്പിച്ചു.

- കഷ്ടകാലമഖിലം ......... ഞാൻ മഹാമതേ' വരികളിലെ പ്രത്യേകത?

  ഇതുവരെ അങ്ങയെ കാണാത്തതിൽ എനിക്ക് കഷ്ടകാലം ആയിരുന്നു

- കഷ്ടകാലം എല്ലാം കഴിയുന്നതിലൂടെ മോക്ഷപാദത്തിലാണ് എത്തുക

  എന്റെ മോക്ഷം അങ്ങാണെന്ന് നളിനി പറയുന്നുണ്ട്

  പണ്ടിഷ്ടയാം നളിനി എന്നാണ് പരിചയപ്പെടുത്തുന്നത്

  ചെറുപ്പത്തിൽ കണ്ടതാണ്, ദിവാകരൻ ഇന്ന് സന്യാസിയാണ്

  ഇന്ന് ഇഷ്ടമാണോ എന്ന് അറിയില്ല

  വരികളിലെ ദ്വിതിയാക്ഷര പ്രാസം

- ധനയായി സപദി ................ ഓർത്തിടായ്കിലും

  പ്രതിഫലം ഇച്ഛിക്കാത്ത നളിനിയുടെ സ്നേഹം

- ഭാവശാലികൾ ................... സുഖോദയം

  സ്നേഹം ഉള്ളിലുള്ളവർ പരസ്പരം കണ്ടുമുട്ടുമ്പോൾ വികാര വിവശതയിൽ ഒന്നും പറയാനുണ്ടാവില്ല. വിശ്വരൂപത്തിൽ ഓർമ്മ ഒലിച്ചിറങ്ങിയെന്ന പ്രയോഗവും വെള്ളായിയപ്പൻ മകനെ കാണുന്നതും ഓർക്കുക.

- ധീരനായയതി ............ പനിനീർ സുമോപമം' – കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്താം.

വികാരങ്ങളെ നിയന്ത്രിച്ചയാളാണ് സന്യാസി. എന്നിരുന്നാലും നളിനിയിലേക്ക് അവളുടെ ഭാഗത്തിലേക്ക് മാറുമോ എന്ന ആശങ്കയും ഉണ്ടാവുന്നു. സ്വയം ഉറപ്പു വരുത്തുന്ന പ്രയോഗം ധീരനായ എന്നതാണ്.

കണ്ണുനീർപറ്റി ചുവന്ന മുഖത്തെ ഉഷസ്സിൽ മഞ്ഞുകണങ്ങൾ പറ്റിപിടിച്ച പനിനീർപൂവിനോട് സാദൃശ്യം ചെയ്തിരിക്കുന്നു. നളിനിയുടെ സൗന്ദര്യം, ദിവാകരനെ കണ്ടപ്പോൾ ഉള്ള മുഖത്തുടിപ്പ്, തന്നെ തിരിച്ചറിയാത്തതിന്റെ വേദനയിൽ നിന്നുള്ള കണ്ണുനീർ എന്നിവ എടുത്തുകാട്ടുന്നു. ദിവാകരസാമീപ്യം നളിനിയുടെ ദുഃഖം അകറ്റി.

- ഘടക പദങ്ങളാക്കുക

  ആരതെന്നുടനറിഞ്ഞു (ആര്, അത്, എന്ന്, ഉടൻ അറിഞ്ഞു)

- ദിവാകരൻ എങ്ങനെയെല്ലാമാണ് നളിനിയെ സംബോധന ചെയ്യുന്നത്

  സഖി, വത്സലേ, ശുഭേ...

- കണ്ണുടൻ ......... വല്ലിയായി നീ – വരികളിലെ സവിശേഷതകൾ?

  ങ്ങ അക്ഷരത്തിന്റെ ആവർത്തനം. ചെറുപ്പത്തിൽ കണ്ട നിന്റെ രൂപം ഇപ്പോൾ ഏറെ മാറിയിരിക്കുന്നു. വല്ലി ചുറ്റിപ്പടരും, അല്പം ശ്രദ്ധ നൽകുകയാണ് ദിവാകരൻ.

"ഓതുകിന്നതഥവാ വൃഥാ ശുഭേ

ഹേതു കേൾക്കുവതൊരർത്ഥമേതിനോ–"

നീ ഇവിടെ കഴിയുന്നത് എന്താണെന്ന് ദിവാകരൻ ചോദിക്കുന്നു. ഇന്ന് അത് ഓതുക എന്നും ഹേതു കേൾക്കുവത് വെറുതെയാണെന്നും ദിവാകരൻ പറയുന്നു.

"അന്യജീവനുതകി ............ വിവേകികൾ"

മറ്റുള്ള ജീവനുവേണ്ടി സ്വന്തം ജീവിതം നൽകി വിവേകികളായ ആളുകൾ ധന്യരാകും

"ശ്രീനാരായണഗുരുവിന്റെ

അവനവനാത്മ സുഖത്തിനാചരിക്കുന്നവ"

യപരന്നു സുഖത്തിനായി വരേണം

എന്ന ആശയവുമായി ആശാന്റെ വരികളെ സാദൃശ്യപ്പെടുത്താം. പരോപകാരാർത്ഥമിദം ശരീരം – എന്ന തത്വവുമായും ഇതിനെ ബന്ധപ്പെടുത്താം.

ഒരു പ്രതിഫലവും ആഗ്രഹിക്കാതെയുള്ള സ്നേഹത്തെ കുറിച്ചാണ് പ്രിയദർശനം എന്ന പാഠഭാഗത്ത് പറഞ്ഞ് വെക്കുന്നത്. സ്വാർത്ഥതയുടെ പേരിൽ കൊലപാതകം വരെ നടക്കുന്ന ഇക്കാലത്ത് ഏവർക്കും ലഭിക്കുന്ന ഒരു ദിശാസൂചികയാണ് നളിനിയും ദിവാകരനും. സ്നേഹത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നു കവിത.

അർത്ഥപൂർണ്ണമായ മൗനങ്ങൾ കടൽത്തീരത്ത് എന്ന കഥയെ ശ്രദ്ധേയമാക്കുന്നു.

- 
- 

അപൂർണ്ണമായ വാക്യങ്ങളും അർത്ഥപൂർണ്ണമായ മൗനങ്ങളും ചേർന്ന് ദുഃഖാകുലമായ അവസ്ഥയ്ക്ക് മിഴിവ് നൽകുന്നു. ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഒന്നിനും കഴിയുന്നില്ല. എങ്കിലും വിളിയിലും മൗനത്തിലും കൈമാറ്റപ്പെടുന്നത് വിവരിക്കാൻ കഴിയാത്ത ആശയലോകമാണ്.

**കഥാപാത്ര നിരൂപണം – വെള്ളായിയപ്പൻ**

- കഥയിലെ പ്രധാന കഥാപാത്രം
- വൃദ്ധൻ

- സ്നേഹസമ്പന്നൻ
- ദരിദ്രൻ
- മകനോടുള്ള അഗാധമായസ്നേഹം
- പൊതിച്ചോറ് കരുതുന്നത്
-
-

**ആസ്വാദനം**

- പ്രമേയം
- കഥാപാത്രങ്ങൾ
- കഥാപാത്രമികവ്
- വൈകാരിക മുഹൂർത്തങ്ങൾ
- മൗനം വാചാലമാക്കുന്ന മുഹൂർത്തങ്ങൾ
- ഭാഷാസവിശേഷത
- ആഖ്യാനസവിശേഷതകൾ
-

പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു' ഇതിൽ നിന്നും തെളിയുന്നത്

- വെള്ളായിയപ്പനോടും കണ്ടുണ്ണിയോടും ഗ്രാമവസികൾക്കുള്ള സ്നേഹം
- ഗ്രാമീണതയുടെ നന്മ
- ദാരിദ്ര്യവും നിസ്സാഹയതയും
-

വ്യക്തി - കുടുംബം - സമൂഹം (ഗ്രാമം) എന്നീ തലങ്ങളിലേക്ക് വെള്ളായിയപ്പന്റെ ദുഃഖവും പടരുന്നു.

- ഗ്രാമം മുഴുവൻ വെള്ളായിയപ്പന്റെ ഒപ്പം - വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമാകുന്നു
- യാത്ര പാഴുതറ ഗ്രാമത്തിനുവേണ്ടി മരണവുമായുള്ള പ്രസ്താവനകളൊന്നും നൽകുന്നില്ല

**ആഖ്യാന സവിശേഷതകൾ**

- പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടേയൊക്കയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത
- പൊതിച്ചോറിന്റെ കഞ്ഞിനനവ്

- നേരം പതുക്കെ പതുക്കെ വെളുത്തു. നേരം പതുക്കെ പതുക്കെ കനച്ചു
- വീടാത്ത കടങ്ങൾ പടച്ചോന്റെ സൂക്ഷിപ്പുകളാണ്.
-

## കടൽത്തീരത്ത്

മലയാളചെറുകഥാ സാഹിത്യത്തിലെ മികച്ച കഥകളിലൊന്നാണ് ഒ.വി. വിജയന്റെ കടൽത്തീരത്ത്. സ്നേഹസമ്പന്നനും ദരിദ്രനും നിസ്സാഹയനുമായ വെള്ളായിയപ്പൻ വധ ശിക്ഷക്ക് വിധിക്കപ്പെട്ട മകൻ കണ്ടുണ്ണിയെ കാണാൻ ജയിലിലേക്ക് പുറപ്പെടുന്നതും, മകന്റെ മരണവുമാണ് കഥയുടെ പശ്ചാത്തലം. പിതൃപുത്ര ബന്ധത്തിന്റെ പാരസ്പര്യം ഏറെ വൈകാരികതയോടെ ഹൃദ്യമായി കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നു.

- സവിശേഷമായ രചനാശൈലി
- സാമൂഹികപശ്ചാത്തലം
- ഗ്രാമീണതയുടെ നന്മ
- ധ്വന്യാത്മകത
- ഗദ്യഭാഷയിലെ കാവ്യാത്മകത
-

എന്നിവ കഥയുടെ പ്രത്യേകതകളാണ്.

**കഥാപാത്രങ്ങൾ**

- കണ്ടുണ്ണി
- അപ്പൻ
- കോടച്ചി
- നീലി
- കുട്ട്യാസ്സൻ മാപ്പിള
- പാറാവുകാരൻ
- യാത്രക്കാർ
- റിക്ഷാക്കാർ

## യൂണിറ്റ് – 3

## സംഘർഷങ്ങൾ – സങ്കീർത്തനങ്ങൾ

തീവ്രമായ ജീവിതാനുഭവങ്ങൾ മഹത്തായ കലാസൃഷ്ടിക്ക് കാരണമാകുന്നു. സംഘർഷങ്ങളിൽ സഞ്ചരിക്കുന്ന കഥാകാരന്റെ മനസിൽ നിന്നും കലയും സാഹിത്യവും രൂപംകൊള്ളുന്നു. ഗുണപരമായ സംഘർഷങ്ങൾ പഴമയെ നിലനിർത്തികൊണ്ട് നമ്മെ പുതുമയിലേക്ക് നയിക്കുന്നു. ഗുണപരമല്ലാത്തവ നിലനിൽക്കുന്നതിനെയൊക്കെ തച്ചുട ക്കുകയും സർവ്വവും സംഹരിക്കുവാൻ കെൽപ്പുള്ള മഹായുദ്ധമായി അത് വളരുകയും

ചെയ്യും. ഈ അരക്ഷിതാവസ്ഥക്കിടയിലും മനസ്സിലെ, ലോകത്തെ ശുദ്ധീകരിക്കാൻ കെൽപ്പുള്ള സാഹിത്യസൃഷ്ടികളും കലാരൂപങ്ങളും രചിക്കപ്പെടുകയും വലിയവായനക്ക്, സംഘർഷലഘൂകരണത്തിന് ലോകത്തെ പ്രേരിപ്പിക്കുകയും ചെയ്യും. നീർപോള കൾപോലെ ജീവിതം ക്ഷണികമാണ്. എങ്കിലും അത് കലാപരമായി ആവിഷ്ക്കരിക്കു മ്പോൾ അതിന് സൗന്ദര്യമുണ്ട്. യൂണിറ്റിൽ ഉൾപ്പെടുന്ന പാഠങ്ങൾ താഴെ പറയുന്നവയാ ണ്.

| | | | |
|---|---|---|---|
| 1. | പ്രലോഭനം | - | ഉണ്ണായി വാര്യർ |
| 2. | യുദ്ധത്തിന്റെ പരിണാമം | - | കുട്ടികൃഷ്ണ മാരാർ |
| 3. | ആത്മാവിന്റെ വെളിപാടുകൾ | - | പെരുമ്പടവം ശ്രീധരൻ |

**പാഠങ്ങളിലൂടെ**

## പ്രലോഭനം - ഉണ്ണായി വാര്യർ

മലയാളത്തിലെ പ്രാചീന ക്ലാസിക്കൽ കലാരൂപമാണ് കഥകളി. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനം എന്ന ഭാഗത്തെ അടിസ്ഥാനമാക്കി ഉണ്ണായി വാര്യർ തയ്യാറാക്കിയ ആട്ടക്കഥയാണ് നളചരിതം. നാലു ദിവസം കൊണ്ട് അവതരിപ്പിക്കാൻ കഴിയുന്ന വിധമാണ് ആട്ടക്കഥ എഴുതിയിരി ക്കുന്നത്. അതിൽ രണ്ടാം ദിവസത്തിലെ മൂന്നാം രംഗമാണ് പാഠഭാഗം. വിവേകികൾ പ്രലോഭനത്തിന് അടിമയായി തീരാറില്ല. മനസ് അധമ വികാരങ്ങൾക്ക് അടിമയായിത്തീ രുമ്പോൾ ഏതൊരാളും പ്രലോഭനത്തിന് വശപ്പെടും. മനസ്സിൽ ദുഷ്ടചവികാരങ്ങൾ നിറച്ച് മോഹഭംഗങ്ങളുമായി ജീവിക്കുന്നവർ ആഗ്രഹ പൂർത്തിക്കായി ഏത് പാതകവും ചെയ്യാൻ തയ്യാറാകും. ചരിത്രത്തിലും ഇതിഹാസങ്ങളിലും ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ഇവിടെ കലിയുടെ പ്രേരണയാൽ നളന്റെ അനുജനായ പുഷ്ക്കരൻ ചതിയിലൂടെ എല്ലാം നേടി. നന്മയ്ക്കുമേൽ തിന്മയുടെ വിജയം. പക്ഷേ അതിന് വലിയ ആയുസ്സുണ്ടാകുന്നില്ല. നന്മ തിന്മയ്ക്കുമേൽ വിജയം നേടുക തന്നെ ചെയ്തു. ഈ ആശയത്തെ ഓർമ്മപ്പെടു ത്തുകയാണ് പ്രലോഭനം എന്ന പാഠഭാഗം.

**പാഠസംഗ്രഹം**

നിഷധ രാജ്യത്തെ വീരസേന രാജാവിന്റെ പുത്രനായ നളനും വിദർഭയിലെ ഭീമ സേന രാജാവിന്റെ പുത്രിയുമായ ദയമന്തിയും വിവാഹിതരാകുന്നു. നളദമയന്തിമാരുടെ സ്വയംവര വാർത്തയറിഞ്ഞ് കലി കുപിതനാകുന്നു. മനുഷ്യനായ നളനെ ഭർത്താവായി സ്വീകരിച്ചതിന് കലി അമർഷം കൊള്ളൊന്നു. കോപം, മത്സരം, തുടങ്ങിയവയക്ക് വശ പ്പെട്ട കലി സുഹൃത്തായ ദ്വാപരനോടൊപ്പം ഭൂമിയിലേക്ക് വന്ന് അന്യന്റെ ധനത്തെ മോഷ്ടി ക്കാൻ വിഡ്ഢിയായ, നളസഹോദരനെ (പുഷ്ക്കരനെ) രഹസ്യമായി പ്രേരിപ്പിക്കുന്നു.

ശ്രദ്ധയിൽപ്പെടുത്തേണ്ടവ

- കഥകളിയുടെ സാഹിത്യരൂപം
- മഹാഭാരത വനപർവ്വം
- കലിയുടെ പ്രലോഭന തന്ത്രങ്ങൾ

**ആട്ടക്കഥ എന്ന സാഹിത്യരൂപം**

കഥകളിയുടെ സാഹിത്യരൂപമായ ആട്ടക്കഥയിൽ ശ്ലോകം, പദം, ദണ്ഡകം എന്നീ ഉൾപ്പിരിവുകൾ ഉണ്ട്. ആട്ടക്കഥ സാഹിത്യത്തിനും കഥകളിക്കും ശാസ്ത്രീയമായ അടി

സ്ഥാനം നൽകിയത് കോട്ടയത്തു തമ്പുരാനാണ്. ഉണ്ണായി വാര്യരുടെ നളചിരതം ആട്ട ക്കഥ, ആട്ടക്കഥാ സാഹിത്യത്തിലെ ഏറ്റവും മികച്ച കൃതികളിൽ ഒന്നാമതായി പരിഗണി ക്കപ്പെടുന്നു. മഹാഭാരതം വനപർവ്വതത്തിൽ ബൃഹദശ്വമുനി യുധിഷ്ഠരനോട് പറയുന്ന നളോപാഖ്യാനമാണ് എല്ലാ നളകൃതികൾക്കും അടിസ്ഥാനം. ഉണ്ണായി വാര്യരുടെ നളച രിതം ആട്ടക്കഥയും ആദ്യന്തം നളോപാഖ്യാനത്തോട് കടപ്പെട്ടിരിക്കുന്നു.

ഭാഷ : സംസ്കൃതബഹുലമായ മണിപ്രവാള ഭാഷയാണ്. ഭാഷാപ്രയോഗ രീതി യിൽ ഉണ്ണായി വാര്യർ തന്റേതായൊരു രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്കൃത - മലയാള ഭാഷകൾ ഉപയോഗിക്കുന്നതിന് ഒരു നിഷ്ഠയും പാലിച്ചിട്ടില്ല. വാക്യപ്രയോഗ രീതികളിൽ അർത്ഥത്തിനും ശബ്ദത്തിനും ഒരുപോലെ പ്രാധാന്യം നൽകി. ഏറെ നാട കീയ സ്വഭാവമുള്ളതാണ് ഉണ്ണായി വാര്യരുടെ നളചരിതം. കഥാപാത്രങ്ങൾ അവരുടെ സംഭാഷണം, കഥാപാത്രങ്ങളെ ഒരുക്കിയതിലെ മിഴിവ്, നാടകീയമായ സംഘർഷങ്ങളെ ഉപയോഗപ്പെടുത്തിയതിലുള്ള മികവ് ഇവയെല്ലാം ഈ കൃതിയെ വ്യത്യസ്തമാക്കുന്നു.

**പ്രവർത്തനം :**

പുഷ്ക്കരനെ പ്രലോഭിപ്പിക്കുന്നതിനുവേണ്ടി കലി ഉപയോഗിക്കുന്ന തന്ത്രങ്ങളിൽ പ്രധാനപ്പെട്ടത് ഏതെന്ന് താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്ന് കണ്ടെത്തുക.

- പുഷ്ക്കരനെ പ്രലോഭിപ്പിക്കുന്നു
- പുഷ്ക്കരന്റെ അവകാശങ്ങൾ, കഴിവുകൾ,അർഹത എന്നിവയെക്കുറിച്ച് പറയുന്നു.
- പുഷ്ക്കരനോട് സഹതപിക്കുന്നു.

**പ്രവർത്തനം :**

'പുഷ്ക്കരാ നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ' കലിയുടെ ഈ സമീപനം 'നിലമറിഞ്ഞ് വിത്തിടുക' എന്ന ചൊല്ലുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.

(സ്കോർ 4, സമയം 8 മി.)

**സൂചകങ്ങൾ**

- ചൊല്ല് വിശകലനം ചെയ്തിട്ടുണ്ട്
- കലിയുടെ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട്
- അവ പ്രയോജനപ്പെടുത്തി പ്രതികരണ കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്

**പ്രവർത്തനം :**

'അറികയില്ലെങ്കിലും അഭിമുഖന്മാരെ കണാൻ
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി'

പുഷ്ക്കരന്റെ മഹതാരിലുണ്ടാകുന്ന തോന്നൽ എന്തൊക്കെയാണ് വിശദമാക്കുക

സൂചന : തനിക്ക് പ്രിയപ്പെട്ട ആരോ വന്നു എന്നാണ് പുഷ്ക്കരന് തോന്നുന്നത്.

**പ്രവർത്തനം :**

'നമുക്കില്ല നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അവർക്കും വൻപടവും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും'

പുഷ്ക്കരന്റെ ഈ വാക്കുകൾ കലിയുടെ മനസ്സിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമായിക്കും.

**മൂല്യ നിർണ്ണയ സൂചകങ്ങൾ**

- വരികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
- പുഷ്ക്കരന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്
- അവയുടെ അടിസ്ഥാനത്തിൽ കലിയുടെ ചിന്തകൾ വിശദമാക്കിയിട്ടുണ്ട്.

**പ്രവർത്തനം :**

'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും

അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും

ദൂരത്തുന്നാരും വരികയില്ല നമ്മെ കാണാൻ'

പുഷ്ക്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി എഴുതുക.

- സ്വന്തം കഴിവില്ലായ്മയിൽ ദുഃഖം
- നളനോട് ആസൂയ, സ്വന്തം ജീവിതത്തോട് അതൃപ്തി
- സ്വന്തം ജന്മം നിഷ്ഫലമാണെന്ന തോന്നൽ

**പ്രവർത്തനം :**

'പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു'

പുഷ്ക്കരാ നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.."

ഒരേസമയം നിരാശയും പ്രതീക്ഷയുമാണ് ഈ വരികളിലെ പഴുതേ എന്ന പ്രയോഗം മുന്നോട്ട് വെയ്ക്കുന്നത്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

മൂല്യനിർണ്ണയ സൂചകങ്ങൾ

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്
- പഴുതേ എന്ന പദത്തിന്റെ വ്യത്യസ്ത അർത്ഥ തലങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തി കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്.

**പ്രവർത്തനം :**

'നേരെ നിന്നോടെടോ ഞാൻ പുനരാരെന്നു പറയാം

പാരിലെന്നെയിന്നാരറിയാത്തവർ"

കലിയുടെ വ്യക്തിത്വത്തിന്റെ ഏതെല്ലാം സവിശേഷതകളാണ് ഉണ്ണായി വാര്യർ അടയാളപ്പെടുത്തുന്നത്. ലഘുവിവരണം തയ്യാറാക്കുക.

**സൂചകങ്ങൾ**

- ഞാൻ എന്ന് പറഞ്ഞ അഹംബോധം വെളിപ്പെടുത്തുന്നു.
- വാക്സാമർത്ഥ്യം, ചപലത
- താൻ എല്ലാവരാലും അറിയപ്പെടുന്നവനാണെന്ന ഭാവം

- ഞാൻ എന്ന് പറഞ്ഞ് അഭിരമിക്കുന്ന ആധുനിക കാലത്തെ കലിബാധിതരെ ഓർമ്മിപ്പിക്കുന്നു.

**പ്രവർത്തനം :**

"ധനവും ധാന്യവും നാടുമൊക്കെയും കൈക്കലാക്കിയവനെ വിടുക വനഭൂമി"

കവി വാക്യത്തിന്റെ സമകാലിക പശ്ചാത്തലം ചർച്ച ചെയ്ത് വിശകലന കുറിപ്പ് തയ്യാറാക്കുക.

**സൂചകങ്ങൾ**

- സ്വസഹോദരന്റെ സമ്പത്ത് അപഹരിക്കാൻ പ്രേരിപ്പിക്കുന്നു.
- കാട്ടിൽ ഉപേക്ഷിക്കാൻ പറയുന്നു
- ഇത്തരം സംഭവങ്ങൾ ആധുനിക കാലത്തും അരങ്ങേറുന്നു.
- ബന്ധങ്ങളിലെ മൂല്യശോഷണം

**പ്രവർത്തനം :**

"കാലാഹിനാ പരിഗ്രസ്ഥമാം ലോകവും
ആലോല ചേതസ്സാഭോഗങ്ങൾ തേടുന്നു"

എഴുത്തച്ഛൻ

"ധനവും ധാന്യവും നാടുമൊക്കെയും കൈക്കലാക്കിയവനെ വിടുക വനഭൂമി"

ധനം, രാജ്യം എന്നിവ കൈക്കലാക്കാൻ കലി നൽകുന്ന ഉപദേശം എഴുത്തച്ഛന്റെ തത്വചിന്തയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചകങ്ങൾ**

- ഭോഗങ്ങൾ തേടുന്ന മനുഷ്യമനസ്സ്
- ബന്ധങ്ങൾ വിസ്മരിക്കുന്നു
- പുഷ്കരനെ അതുപോലെ ചെയ്യാൻ പ്രേരിപ്പിക്കുന്നു
- ആഗ്രഹങ്ങൾക്ക് പുറകെ പോകുന്ന മനുഷ്യമനസിനെക്കുറിച്ച് സൂചിപ്പിക്കുന്നു.

**പ്രവർത്തനം :**

നേരെ നിന്നോടെടോ ഞാൻ പുനരാരെന്നു പറയാം.
പാരിലിന്നെയിന്നാരറിയാതവർ
വൈരിവൈര സേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം തസ്യ നാടു ഞാൻ
തേ തരുന്നു ചൂതുപൊരുക പോരിക

മുകളിൽ തന്ന വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുക.

- ശബ്ദഭംഗി, ആശയഭംഗി
- ദ്വിതീയാക്ഷര പ്രാസം

**പ്രവർത്തനം :**

കഥകളിയിൽ നിന്ന് ഉരുത്തിരിഞ്ഞ ശൈലികൾ കണ്ടെത്തി വാക്യങ്ങൾ രചിക്കുക.

- ശിങ്കിടി പാടുക
- ശ്ലോകത്തിൽ കഴിക്കുക
- ധനാശി പാടുക
- കേളികൊട്ട്
- കഥയറിയാതെ ആട്ടംകാണുക
- അഴകിയ രാവണൻ
- കൈയ്യും കലാശവും
- ഇളകിയാട്ടം
- കൊട്ടിക്കലാശം

## യുദ്ധത്തിന്റെ പരിണാമം - കുട്ടികൃഷ്ണമാരാർ

ജീവിതമാണ് പുരാണങ്ങളിലെ പ്രതിപാദ്യം. സ്നേഹവും ദ്വേഷവും മദവും മാത്സര്യവും ഭരിക്കുന്ന ജീവിതം. പ്രതിജന ഭിന്നമായ ജീവിതത്തെ വർണ്ണിക്കുന്ന പുരാണങ്ങൾ പുരാനവങ്ങളായി ഇന്നും അറിവ് പകർന്നുകൊണ്ട് നമുക്കൊപ്പം സഞ്ചരിക്കുന്നു. വലുപ്പംകൊണ്ടും പ്രതിപാദ്യം കൊണ്ടും ലോകത്തെ അതിശയിപ്പിച്ച ഗ്രന്ഥമാണ് മഹാഭാരതം. കഥകളും ഉപകഥകളുമായി ജീവിതത്തെ അടയാളപ്പെടുത്തിയിട്ടുള്ള മഹാഭാരതം പാണ്ഡവ കൗരവ മത്സരവും അതിന്റെ പരിണാമവുമാണ്. ഇതിഹാസ കാവ്യമായ മഹാഭാരതത്തിന് കുട്ടികൃഷ്ണമാരാർ തയ്യാറാക്കിയ വിമർശനാത്മക പഠനമാണ് ഭാരതപര്യടനം. വ്യാസഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളേയും യുക്തി ഭദ്രമായി വിലയിരുത്തുകയാണ് മാരാർ ചെയ്യുന്നത്. ഭീഷ്മ പ്രതിജ്ഞ മുതലുള്ള പത്തൊമ്പത് ഭാഗങ്ങളിൽ പതിനാലാമത്തേതാണ് യുദ്ധത്തിന്റെ പരിണാമം.

മൂലകൃതിയിലെ ശീർഷകം തന്നെയാണ് പാഠഭാഗത്തും ഉപയോഗിച്ചിരിക്കുന്നത്. പതിനെട്ട് ദിവസം നീണ്ടുനിന്ന കുരുക്ഷേത്ര യുദ്ധം പതിനെട്ടാം ദിവസം സൂര്യാസ്തമയത്തോടെ അവസാനിച്ചു. കുരുക്ഷേത്ര ഭൂമിയിൽ മരണാസന്നനായി കിടക്കുന്ന ദുര്യോധനനെ ദ്രൗണിയും കൂട്ടരും കാണാനെത്തുന്നു. തുടർന്ന് അവർ പാണ്ഡവ ശിബിരത്തിൽ പ്രവേശിച്ച് രാത്രിയുടെ മറവിൽ പൈശ്ചാചികമായ കൊല നടത്തുന്നു. ഒറ്റരാത്രികൊണ്ട് കുരുക്ഷേത്രയുദ്ധം അനിവാര്യമായൊരു ദുരന്തമായി പരിണമിക്കുന്നു. പ്രതികാര ദാഹിയായി മാറിയ ദ്രൗണിയുടെ ദുരന്ത പൂർണ്ണമായ ചിത്രവും കുട്ടികൃഷ്ണമാരാർ അവതരിപ്പിക്കുന്നു.

ശപിക്കപ്പെട്ടവനായ അശ്വത്ഥാമാവാണ് ചിരഞ്ജീവികളിൽ പ്രമുഖൻ. വ്യാസന്റെയൊപ്പം സർവ്വമനുഷ്യരിലും കുടികൊള്ളുന്ന അശ്വത്ഥമാവാണ് യുദ്ധങ്ങളിൽ പകയായി എല്ലാമനുഷ്യരിലും കുടികൊള്ളുന്നത്. അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും സർവ്വവ്യാപിയായും കൽപ്പിക്കുന്നതിന്റെ അർത്ഥം അതിനെ, അവനെ എപ്പോഴും എവിടേയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്.

**പ്രവർത്തനം :**

എതിരാളിയുടെ കുറവുകൊണ്ടല്ല സ്വന്തം മികവുകൊണ്ട് തന്നെ ജയിക്കാൻ നോക്കണമെന്നർത്ഥം. കുറ്റമറ്റ ധർമ്മയുദ്ധം.

ധർമ്മയുദ്ധം എന്നു പറയുന്നതിലെ വിശകലനം ചെയ്യുക.

**സൂചകങ്ങൾ**

- യുദ്ധസന്ധികൾ
- പാണ്ഡവരുടെ വിജയം വിലയിരുത്തുക.

**പ്രവർത്തനം : വിലയിരുത്തൽ കുറിപ്പ്**

'വല്ലപാടും വിജയം നേടിയ പാണ്ഡവർ ജയസന്തോഷത്തോടെ കൂടാരങ്ങളിലേക്ക് തിരിച്ചു'

'വല്ലപാടും' എന്ന പ്രയോഗത്തിൽ കൂടി പാണ്ഡവ വിജയത്തെ കുറച്ചുകാണുകയാണോ മാരാർ?

**സൂചകങ്ങൾ**

- കൗരവരെ പരാജയപ്പെടുത്താൻ പാണ്ഡവർ സ്വീകരിച്ച വഴികൾ സൂചിപ്പിക്കുന്നു
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു

വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക

**പ്രവർത്തനം :**

ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്

**സൂചകങ്ങൾ**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക
- ദുര്യോധനന്റെ മനോഭാവം ചർച്ചയിലൂടെ തിരിച്ചറിയുക
- മനോഭാവം വിശകലനം ചെയ്യുക.

ദുര്യോധനന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം : താരതമ്യകുറിപ്പ്**

"പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ"

ഗാന്ധാരി വിലാപം.

'പട്ട്' - പട്ടുമെത്ത് എന്നും മരിച്ചുകിടക്കുക എന്നുമർത്ഥം.

'ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു. രണ്ടു പരാമർശങ്ങളിലേയും സന്ദർഭം പരിശോധിച്ച് വരികളുടെ ആശയം താരതമ്യം ചെയ്യുന്നു.

**സൂചകങ്ങൾ**

- കുരുക്ഷേത്ര ഭൂമിയിൽ മരിച്ചുകിടക്കുന്ന ദുര്യോധനനെ കണ്ട ഗാന്ധാരിയുടെ വിലാപം
- കുരുക്ഷേത്ര ഭൂമിയിൽ വെച്ച് മരണത്തിന് മുമ്പ് കൃത-കൃപ അശ്വത്ഥാമാക്കളോട് ദുര്യോധനന്റെ വിലാപം
- ജീവിതത്തിന്റെ ക്ഷണികതയെ സൂചിപ്പിക്കുന്നു.

**പ്രവർത്തനം :**

"ഇന്നു ഞാൻ സകല പാഞ്ചാലരേയും കാലനൂർ പൂകിക്കും"

ഈ ശപഥം മഹാഭാരതത്തിലെ കഥാഗതിയെ എങ്ങിനെയെല്ലാമാണ് മാറ്റി മറിച്ചത്.

**സൂചകങ്ങൾ**

- കുരുക്ഷേത്ര ഭൂമിയിൽ ദ്രൗണിയും ദുര്യോധനനുമായുള്ള കൂടിക്കാഴ്ച
- ദുര്യോധനന്റെ അനുകമ്പാർഹമായ അവസ്ഥ - വാക്കുകൾ
- ദ്രൗണിയുടെ ശപഥം

**പ്രവർത്തനം :**

തനിക്ക് സ്വർഗ്ഗ പ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചത് എന്തു കൊണ്ടായിരിക്കാം?

**സൂചകങ്ങൾ**

- പാണ്ഡവർ യുദ്ധമുറ തെറ്റിച്ചത്
- ഭീമൻ ദുര്യോധനനോട് പ്രവർത്തിച്ച അധർമ്മം
- ഒരു രാജാവ് എന്ന നിലയിലുള്ള തന്റെ നേട്ടങ്ങൾ
- സമന്തപഞ്ചകത്തില് വച്ചുള്ള മരണം
- മാതാപിതാക്കളുടേയും ബന്ധുജനങ്ങളുടെയും ക്ഷേമത്തിനും വേണ്ടിയുള്ള തന്റെ പ്രവർത്തനം

**പ്രവർത്തനം :**

ആ ഹൃദയോന്നതിക്കു മുന്നിൽ, ആ ആഭിജാത്യത്തിനു മുന്നിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു കഴിയും?

ദുര്യോധനനെക്കുറിച്ച് കുട്ടികൃഷ്ണമാരാർക്കുള്ള അഭിപ്രായങ്ങൾ / നിരീക്ഷണങ്ങൾ

- ദുര്യോധനന്റെ സ്വഭാവ സ്ഥിരത
- സഹോദരി / മാതാപിതാക്കൾ / ബന്ധുജനങ്ങൾ തന്റെ ഭാര്യ എന്നിവരെ ഓർത്തുള്ള വിലാപം
- ആത്മാഭിമാനം

**പ്രവർത്തനം :**

'വിഷത്തേക്കാൾ വർജ്യമാം

നരചിത്തം ദുഷിക്കുകിൽ"

ഈ വരികളിലെ ആശയത്തെ പാഠഭാഗവുമായി ബന്ധിപ്പിക്കാമോ? കുറിപ്പ് തയ്യാറാക്കുക.

- അശ്വത്ഥാമാവിന്റെ പാണ്ഡവശിബിരത്തിലെ പൈശ്ചാചികത
- ശിശുഘാതകൻ എന്ന നിലയിലെ ദ്രൗണി
- ക്രൂരമായ കൊലപാതകത്തിന് ഒരിക്കലും മാപ്പ് നൽകാൻ കഴിയാത്ത അവസ്ഥ

**പ്രവർത്തനം : പ്രഭാഷണം**

'ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു'

കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണം ഇക്കാലത്ത് എത്രമാത്രംമ പ്രസക്തമാണെന്ന് അനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

- ചർച്ചകളിൽ നിന്ന് പ്രസ്താവനയുടെ ആശയം കണ്ടെത്തുക
- പാഠഭാഗത്തു നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു
- ദൃശ്യ/കാവ്യ പത്രമാധ്യമങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തുന്നു
- ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കുന്നു

ഇതിന്റെ അടിസ്ഥാനത്തിൽ യുദ്ധവിരുദ്ധ പ്രഭാഷണം നടത്തുന്നു.

**പ്രവർത്തനം :**

ദ്രോണർ എന്ന നാമത്തിൽ നിന്ന് ദ്രൗണി ഇതുപോലെ ഭേദകങ്ങളിൽ നിന്ന് ഉണ്ടാകുന്ന നാമങ്ങൾ - തദ്ധിതങ്ങൾ

ഉദാഹരണം : ഭീമൻ - ഭൈമി, ദശരഥൻ - ദാശരഥി

വെള് - വെണ്മ, കടത്തനാട് - കടത്തനാടൻ, കേമം - കേമത്തം, കേട്ട - കേട്ടവൻ

ഒന്ന് - ഒന്നാമൻ, ആറ് - ആറാമൻ

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

**പ്രവർത്തനം :**

സമസ്ത പദങ്ങൾ വേർതിരിക്കാം

പടക്കളം - പട നടക്കുന്ന കളം

യുദ്ധശ്രാന്തൻ - യുദ്ധത്താൽ ശ്രാന്തൻ

ചിരഞ്ജീവി - ചിരകാലം ജീവിക്കുന്നവൻ

പുരുഷോത്തമൻ - പുരുഷന്മാരിൽ ഉത്തമൻ

ദ്വേഷമത്സരങ്ങൾ - ദ്വേഷവും മത്സരങ്ങളും

വയോവീര്യോത്സവം - വയസ്, വീര്യം, ഉത്സാഹം

ത്രൈലോക്യം - ത്രിലോകത്തെ സംബന്ധിച്ച

**പ്രവർത്തനം : ചർച്ച, കുറിപ്പ്**

"താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താൻ താനനുഭവിച്ചീടുകെന്നേ വരൂ....

നീ കാപുരുഷനും പലപ്പോഴും പാപം ചെയ്തവനും, ബാലജീവിത ഘാതിയുമാണെന്ന് ബുദ്ധിമാന്മാരുമെല്ലാം അറിഞ്ഞുകഴിഞ്ഞു.

കർമ്മഫലങ്ങൾക്ക് ഇരയായ ദ്രൗണിയുടെ ജീവിതം മുകളിൽ സൂചിപ്പിച്ച വരികളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

- ദ്രൗണി മനുഷ്യനിൽ തന്നെയുണ്ട്
- തിന്മ ചെയ്യുമ്പോൾ കർമ്മഫലം പോലെ തിരിച്ചടികൾ ഉണ്ടാകും
- അതിനേക്കാൾ അവനെ എപ്പോഴും കരുതിയിരുന്നുകൊള്ളുക എന്ന തക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കൽപ്പിക്കുന്നതിലെ ഔചിത്യം.

**പ്രവർത്തനം :**

കുട്ടികൃഷ്ണമാരാർ ചൂണ്ടികാണിച്ച അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകളെക്കുറിച്ച് വിവരണം തയ്യാറാക്കുക.

- ദുര്യോധനന്റെ വിശ്വസ്തതനായ സൈനിക ശ്രേഷ്ഠൻ
- അശ്വത്മാവ് എന്ന പോരാളി
- പകയും ആക്രമണോത്സുകതയും
- അച്ഛനെ ചതിച്ചുകൊന്നതിന്റെ പ്രതികാരം
- ശശുഘാതകൻ
- കൗരവപക്ഷത്തെ അവസാന സേനാനായകൻ
- ചിരഞ്ജീവി

**പ്രവർത്തനം : പ്രസംഗം**

മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തി വെയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തു പറയാൻ സംശയിക്കേണ്ടതില്ല. 'പാഠഭാഗം ഉൾക്കൊണ്ട് യുദ്ധങ്ങളെല്ലാം സർവ്വനാശത്തിലേക്ക് നയിക്കുന്നു' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

**സൂചകങ്ങൾ**

- യുദ്ധത്തെക്കുറിച്ച്, നാശത്തെക്കുറിച്ച് ചർച്ച
- ഒന്നും രണ്ടും ലോകയുദ്ധങ്ങൾ
- ഹിരോഷിമ, നാഗസാക്കി
- പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ / അനാഥമാക്കപ്പെടുന്ന കുഞ്ഞുങ്ങൾ
- രാജ്യത്തിന്റെ തകർച്ച
- സ്വതന്ത്രവും സുന്ദരവുമായ സാമൂഹ്യ ജീവിതത്തെ ഇല്ലാതാക്കുന്നു.
- യുദ്ധം ഒരിക്കലും അവസാനിക്കുന്നില്ല

- യുദ്ധത്തിൽ ആരും ജയിക്കുന്നില്ല
- യഥാർത്ഥ വിജയം യുദ്ധം ജയിക്കലല്ല, യുദ്ധത്തെ ജയിക്കലാണ്.

## ആത്മാവിന്റെ വെളിപാടുകൾ

**ഒരു സങ്കീർത്തനം പോലെ** - പെരുമ്പടവം ശ്രീധരൻ

**പാഠസംഗ്രഹം - ആമുഖം**

ലോക പ്രസിദ്ധ നോവലിസ്റ്റ് ഫയദോർ ദസ്തയേവസ്കിയുടെ ജീവിതം ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ എഴുതിയ മനോഹരമായ നോവലാണ് 'ഒരു സങ്കീർത്തനം പോലെ'. ദസ്തയേവസ്കിയുടെ വിചിത്രമായ സ്വഭാവസവിശേഷതകളും നോവലിന്റെ പകർത്തെഴുത്തിനുവേണ്ട അന്നയുടെ സ്നേഹാത്മകപരിചരണങ്ങളും അദ്ദേഹത്തിൽ ഉളവാക്കുന്ന മാറ്റങ്ങൾ സൂക്ഷ്മമായി പകർത്തുന്ന പാഠഭാഗമാണ് ആത്മാവിന്റെ വെളിപാടുകൾ. ദസ്തയേവസ്കിയുടെ ജീവിതസംഘർഷങ്ങൾ പകർത്തിയ മറ്റൊരു കൃതിയാണ് ' അന്നയുടെ ഓർമ്മക്കുറിപ്പുകൾ' അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയായ അന്ന എഴുതിയ 'അന്നയുടെ ഓർമ്മക്കുറിപ്പുകൾ' എന്ന കൃതി ദസ്തയേവസ്കിയുടെ ജീവിതത്തിലെ 26 ദിവസത്തെ ഓർമ്മകളാണ്. ഈ ഓർമ്മക്കുറിപ്പുകളാണ് പെരുമ്പടവം തന്റെ രചനക്ക് ആധാരമാക്കിയത്.

തോൽവികളും തകർച്ചകളും നിറഞ്ഞ ജീവിതം, അപസ്മാര രോഗം തളർത്തിയ ശരീരം, സമ്പത്തിക പരാധീനതകൊണ്ട് തകർന്നു തീരുന്ന വ്യക്തിജീവിതം, എഴുതിയതും എഴുതാനുള്ളതുമായ പുസ്തകത്തിന്റെ അവകാശം പോലും കൈവശപ്പെടുത്തിയ പുസ്തക പ്രസാധകൻ. ദുരന്ത പൂർണ്ണമായ ജീവിതമുനമ്പിനെ അഭിമുഖീകരിച്ച ദസ്തയേവസ്കി എന്ന മഹാനായ എഴുത്തുകാരന്റെ പകർത്തിയെഴുത്തുകാരിയാണ് അന്ന. അന്നയുടെ സാന്നിദ്ധ്യം പുതിയ വെളിച്ചമാകുന്നുണ്ട് അദ്ദേഹത്തിന്.

'ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയൊപ്പുള്ള ആളെ'ന്നാണ് പെരുമ്പടവം ദസ്തയേവസ്കിയെപ്പറ്റി പറയുന്നത്. ഒരു സങ്കീർത്തനം പോലെ ഒരു ജീവചരിത്ര നോവലല്ല. ദസ്തയേവസ്കി ഒരു ചരിത്ര പുരുഷനുമല്ല. ജീവിതത്തിന്റെ ആദൃശ്യതലങ്ങളിൽ മറഞ്ഞുകിടക്കുന്ന ധർമ്മസങ്കടങ്ങളുടെ ആഴക്കയങ്ങൾ, മനുഷ്യർ സഹിക്കുന്ന വിധിശാപങ്ങളുടെ കുരിശുമരണങ്ങൾ, ജീവിതത്തെ സംബന്ധിച്ച ദർശാനികമായ ഉൾക്കാഴ്ച, കലാപരമായ ആദ്ധ്യാത്മികതയുടെ നിറവ്, ആഖ്യാന കലയുടെ നിറവ്.... അങ്ങനെ ചിലതാണ് ഈ നോവലിനെ ഒരു മികച്ച കലാസൃഷ്ടിയാക്കുന്നത്.

**ഓർത്തിരിക്കേണ്ടവ**

| | |
|---|---|
| ഫയദോർ ദസ്തയേവസ്കി | പൊരുമ്പടവം ശ്രീധരൻ |
| മഹാനായ റഷ്യൻ നോവലിസ്റ്റ് | നോവലിസ്റ്റ്, കഥാകൃത്ത്, |
| കൃതികൾ | തിരക്കഥാകൃത്ത് |
| കുറ്റവും ശിക്ഷയും, ഇഡിയറ്റ് | കൃതികൾ : ഒരു സങ്കീർത്തനം പോലെ |
| ഭൂതാവിഷ്ടർ, ചൂതാട്ടക്കാരർ | അഭയം, എന്റെ ഹൃദയത്തിന്റെ ഉടമ |
| | ഒറ്റച്ചിലമ്പ് |

**പ്രവർത്തനം :**

ഉപദേശിച്ചിട്ടൊന്നും കാര്യമില്ല

ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്

ദസ്തയേവസ്കിയുടെ ഒരു പരാമർശം ആരെക്കുറിച്ച് എന്തുകൊണ്ട്?

- ആദ്യഭാര്യയിലെ മകനായ പാഷയെക്കുറിച്ച്
- മദ്യപാനിയും പോക്കിരിയുമാണ് അവൻ

**പ്രവർത്തനം : വിവരണം**

അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത്.

ആദ്യ ദാമ്പത്യത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിന്ന് തെളിഞ്ഞുവരുന്ന ചിത്രങ്ങൾ

**കൂടുതൽ സൂചനകൾ**

- ദുരന്ത ജീവിതത്തിലും ദസ്തയേവസ്കി ഭാര്യയെ സ്നേഹത്തോടെ ഓർക്കുന്നു
- വേദനകൾ സമ്മാനിച്ചിട്ടും ഭാര്യെ സ്നേഹിക്കുന്നു
- അവരുടെ അഭാവത്തിലെ ശൂന്യത തിരിച്ചറിയുന്നു.

**പ്രവർത്തനം :**

- ഓരോ ദുരന്തവും ജീവിത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്

  ദസ്തയേവസ്കി (ഒരു സങ്കീർത്തനം പോലെ)

- എന്തുവന്നാലുമെനിക്കാസ്വദിക്കണം

  മുന്തിരിച്ചാറുപോലുള്ളൊരു ജീവിതം - ചങ്ങമ്പുഴ

ചങ്ങമ്പുഴയുടേയും ദസ്തയേവസ്കിയുടേയും വീക്ഷണങ്ങൾ താരത്മ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- പാഠഭാഗത്തെ ആശയം കുട്ടികൾ കണ്ടെത്തുന്നു
- ഓരോ ദുരന്തങ്ങളും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിപ്പിക്കുന്നു
- രണ്ടു വരികളിലേയും ആശയങ്ങൾ താരതമ്യം ചെയ്യുന്നു
- രണ്ടു സാഹിത്യകാരന്മാരുടേയും ജീവിതത്തോടുള്ള അടങ്ങാത്ത അഭിനിവേശം

**പ്രവർത്തനം :**

നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്? ഈ വരികൾ നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം കണ്ടെത്തുക

- ദസ്തയേവസ്കിയെ മനസിലാക്കാനുള്ള അന്നയുടെ കഴിവ്.
- കഥാകൃത്തിനേയും കഥാപാത്രത്തേയും അന്ന എത്രവേഗം മനസിലാക്കുന്നു
- അന്നയോടുള്ള അദ്ദേഹത്തിന്റെ സ്നേഹം, ആദരവ്.

**പ്രവർത്തനം :**

ആ പ്രായത്തിലാണ്

എന്നെത്തേടി കവിത വന്നണഞ്ഞത്

എനിക്കറിയില്ല

എവിടെ നിന്നാണത് വന്നെത്തിയ

തെന്നെനിക്കറിയില്ല

കുളിർത്തു വിറയ്ക്കുന്ന ശിശിരത്തിൽ നിന്നോ

പതഞ്ഞൊഴുകുന്ന നദിയിൽ നിന്നോ

എങ്ങനെയാണെപ്പോഴാണെന്നും

എനിക്കറിയില്ല.

(പാബ്ലോ നെരൂദ)

അങ്ങനെ സമയനിബന്ധന വെച്ച് എങ്ങനെ നോവലെഴും" നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരന് പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ, പാറ പൊട്ടിക്കുന്നതുപോലെയോ അല്ല. അത് ആത്മാവിന്റെ ഒരു വെളിപാടാണ്.

(ദസ്തയേവസ്കി)

കല എത്ര ദീർഘം, സാധനാലഭ്യ

ആവൂ ജീവിതമെത്ര ഹ്രസ്വതരം)

(ഗോയ്ഥെ)

ഇവരുടെ അഭിപ്രായത്തെ മുൻനിർത്തി 'എഴുത്തും, സർഗ്ഗാത്മകതയും' എന്ന വിഷയത്തിൽ പ്രസംഗം / പ്രഭാഷണം തയ്യാറാക്കുക.

**സൂചകങ്ങൾ**

- ദീർഘകാലത്തെ സാധന ആവശ്യമാണ്
- കല അനശ്വരമാണ്.
- ജീവിത ക്ഷണികമാണ്.
- സർഗ്ഗാത്മകത ജന്മസിദ്ധമാണ്

**പട്ടിക തയ്യാറാക്കാം.**

പാഠഭാഗം, കഥാപാത്രം, സംഭാഷണം എന്ന ക്രമത്തിൽ

- നമുക്കില്ല നാടും നഗരവും കുടയും ചാമരവും
  അമിത്ര വീരന്മാരെ അമർക്കും വൻപടയും
- നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്
- ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേശുക തന്നെ ചെയ്യും
- പുഷ്ക്കരൻ, ദ്രൗണി, ദസ്തയേവസ്കി / യുദ്ധത്തിന്റെ പരിണാമം, ആത്മാവിന്റെ വെളിപാടുകൾ, പ്രലോഭനം

പാഠഭാഗം കഥാപാത്രം സംഭാഷണം

**പ്രവർത്തനം :**

ഞാൻ ഇതുവരെ എഴുതിയതും ഇനി എഴുതാൻ ഇടയുള്ളതുമായ പുസ്തകങ്ങൾ മുഴുവൻ അയാൾക്ക് എന്നുവെച്ചാൽ അതിന്റെ ആദായം അയാളെടുത്തോട്ടെ. എന്നാൽ അയാളാണ് അതെഴുതിയത് എന്ന് വരില്ലല്ലോ? ഉവ്വോ?

ജീവിത പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും, ആത്മാഭിമാനവും രചനയുടെ മികവും പ്രധാനമായി കാണുന്ന എഴുത്തുകാരനാണ് ദസ്തയേവസ്കി. സന്ദർഭം വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

- നോവൽ ഭാഗം കണ്ടെത്തി ആശയം ഗ്രഹിച്ചിട്ടുണ്ട്
- ദസ്തയേവസ്കിയുടെ ജീവിതത്തിലെ ആശയം ഗ്രഹിച്ചിട്ടുണ്ട്
- അദ്ദേഹമനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ ഒപ്പം ശാരീരികാവസ്ഥ
- തന്റെ കൃതികളിലുള്ള ആത്മവിശ്വാസം
- കൃതികളുടെ മികവ്

**പ്രവർത്തനം :**

നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തുപണിയാണ് ഈ ഭൂമിയിൽ ഉള്ളത്. അതും കുടില ബുദ്ധികളുടെ ഈ കാലത്ത് - ദസ്തയേവസ്കി

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും" - വയലാർ

വരികൾ പരിശോധിച്ച് എഴുത്തുകാരുടെ സ്നേഹ സങ്കൽഡപ്പം വിശകലനം ചെയ്യുക.

**സൂചകങ്ങൾ**

- സ്നേഹ ദർശനത്തിൽ അധിഷ്ഠിതമായൊരു എഴുത്താണ് സാഹിത്യകാരന്മാർ ആഗ്രഹിക്കുന്നത്
- ലോകത്ത് എവിടെയായിരുന്നാലും എഴുത്തുകാരന്റെ ജീവിത ദർശനം സ്നേഹത്തിൽ അധിഷ്ഠിതമാണ്.

**പട്ടിക തയ്യാറാക്കാം**

- പ്രലോഭനം • നളചരിതം ആട്ടക്കഥ • ആത്മാവിന്റെ വെളിപാടുകൾ • കുട്ടികൃഷ്ണമാരാർ • അന്നയുടെ ഓർമ്മക്കുറിപ്പുകൾ • മഹാഭാരതം • ഭാരത പര്യടനം • യുദ്ധത്തിന്റെ പരിണാമം • ഒരു സങ്കീർത്തനം പോലെ • പെരുമ്പടവം ശ്രീധരൻ • ഉണ്ണായി വാര്യർ.

പാഠഭാഗം, കൃതി, രചയിതാവ്, അവലംബമായ രചന എന്ന രീതിയിൽ പട്ടിക തയ്യാറാക്കാം.

## കേരള പാഠാവലി - ക്ലാസ് 10

## യൂണിറ്റ് - 5

## വാക്കുകൾ സർഗ്ഗതാളങ്ങൾ

**ആമുഖം**

19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ അവസ്ഥ കണ്ട സ്വാമി വിവേകാനന്ദന്റെ അഭിപ്രായമായിരുന്നു കേരളം ഭ്രാന്താലയമെന്നത്. എന്നാൽ ഇന്ന് കേരളം ലോകത്തിന്റെ തന്നെ ശ്രദ്ധാകേന്ദ്രമായി മാറി. ജന്മംമൂലം ലഭിക്കുന്ന ജാതിയുടെ പേരിൽ ആളുകളെ ആട്ടിയകയറ്റുന്നതിൽ നവോഥാനകാലത്ത് നമ്മുടെ എഴുത്തുകാരും അതിശക്തമായ പ്രതികരിച്ചിട്ടുണ്ട്. ജാതീയവും വംശീയവുമായ വിവേചനങ്ങൾ ഇന്ത്യയിലെ ചില ഇടങ്ങളിൽ നിന്ന് ഇന്നും തുടച്ചു മാറ്റാൽ കഴിഞ്ഞിട്ടില്ല. മഹാരാഷ്ട്രയിലെ നവോത്ഥാന നായകനായ ജ്യോതിറാവു ഫൂലേ ആണ് ദളിത് എന്നപദം ആദ്യമായി ഉപയോഗിച്ചത്. അംബേദ്ക്കർ ഇതിന്റെ പ്രചാരകനായി. ഗാന്ധിജി ഇവരെ ദൈവത്തിന്റെ മക്കൾ എന്ന അർത്ഥത്തിൽ ഹരിജൻ എന്നു വിളിച്ചു. ദളിതരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച ആളുകൾ ഇന്ത്യയിലെമ്പാടുമുണ്ട്. കേരളത്തിലേതിനേക്കാൾ അതി ശക്തമായിരുന്നു മറ്റു സംസ്ഥാനങ്ങളിലെ ദളിത്പക്ഷ സാഹിത്യം. പ്രത്യേകിച്ച് മറാഠിയിലേത്. അതിൽ എടുത്തു പറയാവുന്ന ഒരു കൃതിയാണ് ശരൺകുമാർ ലിംബാളെയുടെ അക്കർമാശി. ദളിതരുടെ ദയനീയ ജീവിത ചിത്രീകരണവും അവരുടെ സ്വത്വത്തിനുവേണ്ടിയുള്ള പിടച്ചിലും മഹാരാഷ്ട്ര, കർണ്ണാടക അതിർത്തിയിൽ മഹാർ കോളനിയിൽ മൃഗതുല്യമായ ജീവിതം നയിക്കേണ്ടിവന്ന മനുഷ്യരുടെ നേർചിത്രം. ജാതിവ്യവസ്ഥയ്ക്കുനേരെയുള്ള കൊടുങ്കാറ്റായിരുന്നു ഈ ആത്മകഥ. അക്കർമാശി എന്ന പദത്തിന് അർദ്ധജാതി എന്നാണർത്ഥം. അർദ്ധജാതിക്കാരനും അപൂർണ്ണനുമായ തന്നെപ്പോലെയുള്ളവരുടെ ജീവിതകഥയുടെ ശക്തമായ ആവിഷ്ക്കാരം, അതാണ് അക്കർമാശി.

ജ്ഞാനപീഠജേതാവായ എസ്.കെ. പൊറ്റക്കാട് തന്റെ ആദ്യരചനാനുഭവം പങ്കു വയ്ക്കുകയാണ് ഞാൻ കഥാകാരനായ കഥയിലൂടെ. മനുഷ്യ ജീവിതാവസ്ഥകളോടുള്ള പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യമുണ്ടാകുന്നതെന്ന് ഊന്നിപ്പറയുന്നു കഥാകൃത്ത്. താൻ ജീവൻ നൽകി വളർത്തിയ മകൻ വാർദ്ധക്യത്തിൽ അവഗണിച്ചതിൽ മനം നൊന്ത വൃദ്ധയുടെ നിസ്സഹായത പൊറ്റെക്കാട് കത്തുകളിലൂടെ മകനെ അറിയിക്കുന്നു. വൃദ്ധയുടെ പരിദേവനങ്ങളെ ഹൃദയസ്പർശിയായി ശക്തമായി അവതരിപ്പിച്ചപ്പോൾ മകന് മനം മാറ്റമുണ്ടാകുന്നു. ഇത് തന്റെ രചനയുടെ ബാലപാഠമാണെന്ന് ലേഖകൻ പങ്കു വയ്ക്കുന്നു.

സർഗ്ഗചൈതന്യത്തിന്റെ ചരിത്രവും വളർച്ചയും ശക്തിയും പ്രതിപാദിക്കുന്ന കവിതയാണ് വയലാറിന്റെ അശ്വമേധം. യഥാർത്ഥ സർഗ്ഗശക്തിയെ തടയാൻ മതത്തിനോ, അധികാരത്തിനോ കഴിയില്ലെന്നും എല്ലാത്തിനും മീതെയാണ് സംസ്ക്കാരമെന്നും അതെന്നും നിലനിൽക്കുമെന്നും കവി വ്യക്തമാക്കുന്നു. മാനവരാശി പ്രതിസന്ധി നേരിട്ട ചരിത്രഘട്ടങ്ങളിൽ മനുഷ്യനെ ഇടർച്ചയില്ലാതെ മുമ്പോട്ടുനയിച്ച സർഗ്ഗശക്തിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണീ കവിത. കരുത്തിന്റേയും അധികാരത്തിന്റേയും പ്രതീകമായ യാഗാശ്വത്തിന്റെ മനുഷ്യശക്തിയുടെ യുഗങ്ങളായുള്ള വിജയ പ്രയാണമാണ് കവിതയുടെ പ്രതിപാദ്യം.

വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ഭിന്നരൂപങ്ങളിലൂടെ മനുഷ്യ ജീവിതത്തെ സമ്പന്നവും സുന്ദരവും പുരോഗമനപരവുമാക്കി മാറ്റുന്ന സൃഷ്ടി ശക്തിയാണ് സർഗ്ഗശേഷി. മനുഷ്യവംശത്തിന്റെ പ്രയാണ ചരിത്രത്തിൽ യുഗങ്ങളായി വെളിച്ചം കാട്ടിയതും ഇതു തന്നെയാ

ണ്. എഴുത്തുകാരന്റെ അനുഭവങ്ങളിലൂടെ കടന്നുപോകാനും സർഗ്ഗാത്മകതയുടെ ശക്തി തിരിച്ചറിയാനും ഉതകുന്ന രചനകളാണ് ഈ യൂണിറ്റിലുള്ളത്.

## 1. അക്കർമാശിയിലെ കഥാപാത്രങ്ങളും ബന്ധങ്ങളും

സാന്താമ്മായി - മുത്തശ്ശി - കിട്ടുന്നതെന്തും തന്റെ പേരക്കുട്ടിക്കായി കരുതും. - ഉദാഹരണം കണ്ടെത്തുക.

മസാമ്മായി - അമ്മ (താഴ്ന്ന ജാതി) മഹാർജാതി

കുമാർ മാമ - സഹോദരി നാഗിയുടെ ഭർത്താവ്, മടിയൻ,ജോലി നഷ്ടങ്ങൾ, കടക്കാരൻ.

ശാന്താ ആത്യാ - കുമാറിന്റെ അമ്മ (പഴം കച്ചവടം) ആത്യയോടൊപ്പം ലിംബാള താമസിച്ച കാലമാണ് പാഠഭാഗം. വൃദ്ധ, അധ്വാനശീല, സ്നേഹ സമ്പന്ന

ശരൺകുമാർ - ഹനുമന്ത ലിംബാളെയ്ക്ക് മസാമ്മായിയിൽ ജനിച്ച മകൻ, അർദ്ധജാതിക്കാരൻ (അക്കർമാശി), ബാലൻ, പഠിക്കാൻ താല്പര്യമുള്ളവൻ, കഷ്ടപ്പാട് അനുഭവിക്കുന്നു, അച്ഛൻ സവർണനായതുകൊണ്ട് തന്നെ അർദ്ധജാതിക്കാരനായതിനാൽ ലിംബാളെയ്ക്ക് ഒരു സ്ഥിര മേൽവിലാസമോ, അംഗീകാരമോ ലഭിച്ചിരുന്നില്ല.

### പ്രവർത്തനം - 2

വൈകുന്നേരങ്ങളിൽ ഞാൻ ശാന്താമുത്തശ്ശിയോടൊപ്പം പഴം വെച്ച വണ്ടി ഉന്തി നടക്കും....

'പഴം പഴം'.... വണ്ടി തള്ളുന്നതിനിടയിൽ ശാന്താമുത്തശ്ശി ഉറക്കെ വിളിച്ചു പറയുന്നുണ്ടാകും.

പ്രായമായിട്ടും അവർക്ക് വിശ്രമജീവിതം നയിക്കാൻ കഴിയാത്തത് എന്തുകൊണ്ടാവും?

ശാന്താ ആത്യയുടെ ജീവിതം പരിസരം പാഠസന്ദർഭത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

- അന്നത്തെ അന്നത്തിനുവേണ്ടിയുള്ള കഠിനാദ്ധ്വാനം
- ഏതുതൊഴിലും മടികൂടാതെ ചെയ്യാനുള്ള സന്നദ്ധത
- ദാരിദ്ര്യം, തൊഴിലില്ലായ്മ
- അവഗണന, പാർശ്വവത്ക്കരണം

### പ്രവർത്തനം - 3

ചവറിൽ പുതഞ്ഞു കിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്തും, ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും - ലിംബാളെ

പക്ഷേ എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറച്ചൊന്ന് ആശ്വസിപ്പിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട് എന്നതിൽ എനിക്ക് അഭിമാനമുണ്ട്. - എസ്.കെ.

എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ എന്നിവ എഴുത്തിനെ സ്വാധീനിക്കുന്നതെങ്ങനെ?

- ദരിദ്രമായ ജീവിത സാഹചര്യം

- സാമൂഹിക വേർതിരിവ്
- ജാതി, വർണ്ണ വിവേചനം
- സാമൂഹ്യ പ്രതിബദ്ധത
- വൈകാരികത
- സ്വാഭാവിക പ്രതികരണം

**പ്രവർത്തനം - 4**

'സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണ്. ജീവിത യാത്രയിൽ ചെക്കു ബുക്കിനേക്കാൾ അത് ഉപകരിക്കും തീർച്ച' - കണ്ണീരും കിനാവും - വി.ടി ഭട്ടതിരിപ്പാട് (കർമ്മ വിപാകം)

എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പത് രൂപയേക്കാൾ എത്രയോ വലുതായിരുന്നു. - അക്കർമാശി - ശരൺ കുമാർ ലിംബാളെ.

വി.ടി.യുടെയും ശരൺകുമാർ ലിംബാളെയുടെയും ജീവിത ദർശനങ്ങൾ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുക.

- പണത്തേക്കാൾ വലുതാണ് സത്യസന്ധത
- സത്യസന്ധത മാനിക്കപ്പെടുന്നു
- നല്ല പ്രവൃത്തി അംഗീകരിക്കപ്പെടും
- പ്രലോഭനത്തെ അതിജീവിക്കാൻ
- ശരൺകുമാറിന് സിനിമ കാണാനുള്ള അതിയായ ആഗ്രഹം
- പിർജാദെയുടെ പ്രലോഭനം
- സ്കൂളിൽ നിന്നു കിട്ടുന്ന അഭിനന്ദനം

**പ്രവർത്തനം - 5**

"ചവറുകൾക്കു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശാപ്പാണെന്നെനിക്കു തോന്നി" - അക്കർമാശി - ലിംബാളെ

'ഓരോ ശിശുരോദനത്തിലും കേൾപ്പൂ -

നൊരു കോടിയീശ്വര വിലാപം - വി. മധുസൂദനൻ നായർ

"ഐക്യരാഷ്ട്ര വിഭാവനം ചെയ്യുന്നതുപോലെ ഓരോ കുട്ടിയുടേയും അവകാശ ങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഓരോ രാഷ്ട്രത്തി ന്റേയും ഓരോ പൗരന്റേയും കടമയാണ്"

മുകളിൽ കൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശ ങ്ങൾ പൂർണമായി പാലിക്കപ്പെടുന്നുവോ? എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാ ക്കുക.

- അതിരൂക്ഷമായ വിശപ്പ്
- പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ പ്രശ്നങ്ങൾ
- അവഗണന

- പൊതുസമൂഹത്തിൽ നിന്നും കിട്ടേണ്ട പരിഗണന
- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ
- കുട്ടികളുടെ അവകാശങ്ങൾ

**പ്രവർത്തനം - 6**

**പ്രഭാഷണം തയ്യാറാക്കുക.**

"പണപ്പായത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചു വച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്ത് വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നിൽക്കുന്ന ഒരുമൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിനിടയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന 'മാൻമാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ടു വായിച്ചപ്പോൾ എന്റെ മനസിൽ നിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി. മാൻമാർക്ക് കുട എന്ന ആ ശബ്ദം എത്രതവണ ഞാൻ ഉറക്കെ വായിച്ചു എന്നു പറയാനാവില്ല" - കണ്ണീരും കിനാവും - വി.ടി.

"ശാന്താ ആത്യയുടെ കൂടെ ഞാനും ചവറു പെറുക്കാൻ പോകും. ഞാൻ ചവറ് കൂമ്പാരത്തിൽ കൈയിട്ടിളക്കും"

'എപ്പോഴെങ്കിലും ഒരു നല്ല കടലസാ കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാൻ അത് നിവർത്തി വായിക്കാൻ തുടങ്ങും'

ഈ രണ്ടു ജീവിത സന്ദർഭങ്ങൾ വിലയിരുത്തുന്നതിലൂടെ അക്ഷരങ്ങൾ തുറന്നു കൊടുത്ത ലോകം ഈ എഴുത്തുകാരുടെ ജീവിതത്തെ എങ്ങനെ വ്യക്തമാക്കുന്നു. 'വായനയുടെ സാധ്യതകൾ' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

**പ്രഭാഷണം ഒരുക്കാം**

- അഭിസംബോധന
- ആമുഖം
- ഉപസംഹാരം
- വിഷയത്തിന്റെ വ്യത്യസ്ത വശങ്ങൾ പരാമർശിക്കണം
- ആവശ്യാനുസരണം ഉദ്ധരണികളും ഉദാഹരണങ്ങളും കണ്ടെത്തി ഉപയോഗിക്കാം
- സ്വന്തം നിലപാടുകൾ അവതരിപ്പിക്കണം
- സമകാലിക സംഭവങ്ങളുമായി ബന്ധിപ്പിക്കണം.

## ഞാൻ കഥാകാരനായ കഥ

**പ്രവർത്തനം - 1**

- എസ്.കെ. പൊറ്റെക്കാട് കത്തെഴുതാനുണ്ടായ സാഹചര്യമെന്ത്?
- മകന്റെ മനസിനെ മാറ്റിത്തീർക്കാൻ ആ കത്തുകൾക്ക് കഴിഞ്ഞതിലുള്ള കാരണങ്ങൾ എന്തെല്ലാം?

- ഞാൻ കഥാകാരനായ കഥയിലെ അമ്മ മകനുവേണ്ടി ചെയ്തതെന്തെല്ലാം?
- കുഠം പിടിച്ച പട്ടിയെപ്പോലെ എന്ന ഭാഗം നൽകുന്ന സൂചനയെന്ത്?
- എസ്.കെ. പൊറ്റെക്കാടിന്റെ എഴുത്തുകൾ മകന്റെ മനസിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

- വൃദ്ധയുടെ ദയനീയ ജീവിതം
- വാർദ്ധക്യത്തിലെ ഏകാന്തത
- മകൻ വേണ്ടി ചെയ്ത നല്ലകാലത്തിലെ പ്രവൃത്തികൾ
- മകനിൽ അർപ്പിച്ച പ്രതീക്ഷ
- കടമ നിർവ്വഹിക്കാത്ത മകൻ

മകൻ അമ്മയോട് ചെയ്തത് ശരിയാണോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

**പ്രവർത്തനം - 2**

സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

'എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ചിത്രം വരച്ചു കാണിച്ചു മനസിളക്കി തീർക്കുവാനും ഒരിക്കൽ എനിക്ക് സാധിച്ചിട്ടുണ്ട് എന്ന് ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.

- സന്ദർഭത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക?
- ഇതിലൂടെ എഴുത്തുകാരൻ നൽകുന്ന സന്ദേശങ്ങളെന്തെല്ലാം.

(ദാരിദ്ര്യത്തിന്റെ തീക്ഷ്ണത, വൃദ്ധയുടെ അവശത, യുവാവിനോടുള്ള പ്രതിഷേധം, യുവാവിന്റെ മനംമാറ്റം, എഴുത്തുകാരന്റെ കടമ, സാമൂഹിക പ്രതിബദ്ധത, തന്റെ പ്രവർത്തനം ലക്ഷ്യം കണ്ടതിലുള്ള ചാരിതാർത്ഥ്യം)

**പ്രവർത്തനം - 3**

സന്ദർഭം വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

അമ്മ ആഗ്രഹിച്ചതുപോലെ ആ മകൻ ഒരു ചെറിയ ഉദ്യോഗസ്ഥനായി. ഒടുവിൽ ഒരു ഉദ്യോഗസ്ഥയിൽ അനുരക്തനുമായി. ആ പ്രേമസത്വത്തേയും കൊണ്ട് അകലെ ഒരിടത്ത് അമ്മയെ ഉപേക്ഷിച്ച് സുഖിക്കുകയുമാണ്.

- സന്ദർഭത്തിന്റെ പ്രത്യേകത എന്ത്?
- പ്രേമസത്വം എന്ന് യുവതിയെ വിശേഷിപ്പിച്ചതിന്റെ അർത്ഥ ധ്വനികൾ ഏവ?

(എഴുത്തുകാരന് കഥയിലെ മകനോടുള്ള പ്രതിഷേധം)

(എഴുത്തുകാരന്റെ ധാർമ്മിക രോഷം വൃദ്ധയുടെ ദയനീയ ജീവിതത്തിലുള്ള മനസ്സലിവ്)

**പ്രവർത്തനം - 4**

"അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി" - എസ്.കെ. പൊറ്റക്കാട്

- എസ്.കെ. പൊറ്റെക്കാടിന് അഭിമാനം തോന്നിയതെപ്പോൾ?
- മകൻ അമ്മയോട് ചോദിച്ചതെന്താണ്?
- പൊറ്റെക്കാടിന്റെ കത്തുകൾ മകന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കിയത് എങ്ങനെ?

– മകൻ അമ്മയ്ക്ക് പണം അയച്ചു

– അമ്മയെ കാണാൻ വന്നു

– കത്തെഴുതുന്നതാരാണെന്നു ചോദിച്ചു

– മകൻ കുറ്റബോധമുണ്ടായി, മനസ് മാറി)

**പ്രവർത്തനം 5**

"ഈ കഥക്ക് ഒരു അനുബന്ധം കൂടിയുണ്ട്. കഴിഞ്ഞ വർഷം ഞാൻ ആ മകനെ കോഴിക്കോട് വെച്ച് കണ്ടുമുട്ടുകയുണ്ടായി" - എസ്.കെ. പൊറ്റെക്കാട്

സന്ദർഭം വിശകലനം ചെയ്യുക?

- ഭാര്യ ഉപേക്ഷിച്ചു
- അമ്മയെ ഓർത്ത് പശ്ചാത്തപിച്ചു
- വൃദ്ധയോടുള്ള സഹതാപവും മകന്റെ ബുദ്ധിശ്യൂനതയും

## അശ്വമേധം

**പ്രവർത്തനം 1**

നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-

മെൻകുതിരയെ ചെമ്പൻകുതിരയെ

എന്തൊരുന്മേഷമാണതിൻ കൺകളിൽ

എന്തൊരുത്സാഹമാണതിൻ കാൽകളിൽ

സർഗ ശക്തിയാകുന്ന കുതിരയുടെ പ്രത്യേകതകൾ കണ്ടെത്തുക?

- ചെമ്പൻ കുതിര കരുത്തിന്റെ പ്രതീകം
- തലയെടുപ്പ്
- കണ്ണുകളിലെ ഉന്മേഷം ക്രാന്തദർശിത്വത്തെ സൂചിപ്പിക്കുന്നു
- കാലുകളിലെ ഉത്സാഹം കീഴടക്കാനുള്ള വെമ്പലിന്റെ സൂചന

**പ്രവർത്തനം 2**

എന്റെ പൂർവ്വികരശ ഹൃദയജ്ഞ

രെന്റെ പൂർവികർ വിശ്വ വിജയികൾ

തന്റെ പൂർവികരെക്കുറിച്ച് കവി അഭിമാനം കൊള്ളുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?

- അശ്വഹൃദയം അറിയുന്നവർ വിശ്വവിജയികൾ, യുവഗായകർ, മണ്ണിൽ പിറന്നവർ, മണ്ണിനെ പൊന്നണിയിച്ചവർ.

- അവർ പ്രതിബന്ധങ്ങളെ അശ്വഹൃദയമന്ത്രത്താൽ അതിജീവിച്ചു
- നവോത്ഥാന നായകന്മാരായിരുന്നു
- മണ്ണിന്റെ ചൂരും ചൂടും അറിഞ്ഞവർ
- സംസ്ക്കാര ശില്പികളാണ്.

**പ്രവർത്തനം 3**

ചരിത്രത്തിലെയും പുരാണങ്ങളിലെയും അശ്വമേധത്തിൽ നിന്നും കവിയുടെ അശ്വമേധത്തിനുള്ള പ്രത്യേകത എന്ത്?

- അതിരുകളില്ലാത്ത ലോകത്തെയാണ് കവി ഭാവന ചെയ്യുന്നത്
- അവിടെ അധികാര സ്ഥാപനത്തിന്റെ വെന്നിക്കൊടി പാറിക്കലായിരുന്നു ലക്ഷ്യം
- മാനവ സംസ്ക്കാരത്തിന്റെയും പുരോഗതിയുടെയും വിജയപതാക പാറിക്കലാണ് പുതിയ അശ്വമേധം
- ഞാൻ മാനവ വംശത്തിന്റെ പ്രതീകമാണെന്ന് കവി വിളംബരം ചെയ്യുന്നു.

**പ്രവർത്തനം 4**

കോടി കോടി പുരുഷാന്തരങ്ങളിൽ
കൂടി നേടിയതാണതിൻ ശക്തികൾ
വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ

പ്രയോഗ സവിശേഷത കണ്ടെത്തുക?

പുരുഷാന്തരങ്ങൾ - നൂറുവർഷം

മുത്തശ്ശിമാർ - പൂർവികർ

- പുരുഷാന്തരങ്ങളിൽ കൂടി മനുഷ്യർ നേടിയ അനുഭവത്തിന്റെ ശക്തിയും പ്രകൃതിയോട് മല്ലിട്ട് നേടിയ സിദ്ധികളും മുതൽകൂട്ടാണ്. അത് മന്ത്രം കൊണ്ടോ തന്ത്രം കൊണ്ടോ നേടിയതല്ല, മറിച്ച് സർഗശക്തിയാണ് അതിനാധാരം. മനുഷ്യാതീതമായ അത്ഭുതങ്ങളല്ല, മറിച്ച് ജൈവപ്രകൃതിയിൽ നിന്ന് ആർജ്ജിച്ചെടുത്ത മനുഷ്യശേഷിയാണ് പ്രപഞ്ചത്തേയും മാനവ രാശിയേയും മുന്നോട്ട് നയിക്കുന്നത്.

**പ്രവർത്തനം 5**

എഴുത്തുകാരുടെ പേരിനോട് ചേർക്കാവുന്നവ കണ്ടെത്തി എഴുതുക

ശരൺകുമാർ ലിംബാളെ -

എസ്.കെ. പൊറ്റെക്കാട് -

വയലാർ രാമവർമ്മ -

സർഗ്ഗശക്തി, അർധജാതി, മാതൃത്വത്തെ അവഗണിക്കുക, കവി, യാഗം, ജ്ഞാനപീഠം, ആത്മകഥ, സഞ്ചാര സാഹിത്യം, മറാത്തി, അശ്വമേധം, അക്കർമാശി, ഞാൻ കഥാകാരനായ കഥ, സന്താമായി, മുക്കാലും കുരുടിയായ മുത്തിത്തള്ള.

## യൂണിറ്റ് – 1

## ജീവിതം പടർത്തുന്ന വേരുകൾ

ഓരോ മനുഷ്യനും തന്നിലേക്ക് ചുരുങ്ങുകയും സ്വന്തം സുഖസൗകര്യങ്ങൾ ലാക്കാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരുകാലമാണിത്. തനിക്കു ചുറ്റുമുള്ളവരെ പോലും കാണാതെ ജീവിക്കുന്നവരായി തീർന്നിരിക്കുന്നു നാം. വാർധക്യത്തിലേക്ക് കാലൂന്നിയവർക്കായി വൃദ്ധസദനങ്ങൾ ഒരുക്കി വെച്ചിരിക്കുന്നു നമ്മൾ.

അച്ഛനമ്മമാരേയും സഹോദരങ്ങളെയും സഹജീവികളേയും സ്നേഹിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടതുണ്ട്. ആധുനിക കാലത്തിലെ മനുഷ്യർക്ക് കൈമോശം വന്ന നന്മകളെ ഓർമ്മപ്പെടുത്താനും അവ വീണ്ടെടുക്കുവാനുമുള്ള സന്ദേശം നൽകുന്ന പാഠങ്ങളാണ് ഈ യൂണിറ്റിലെ തകഴിയുടെ രണ്ടിടങ്ങഴി നോവൽ ഭാഗമായ പ്ലാവിലക്കഞ്ഞിയും, യു.കെ. കുമാരന്റെ കഥ ഓരോ വിളിയും കാത്ത്, റഫീഖ് അഹമ്മദിന്റെ കവിത അമ്മത്തൊട്ടിൽ എന്നിവ.

### പ്ലാവിലക്കഞ്ഞി

കാലത്തിന്റെ കണ്ണാടിയാണ് കലാസൃഷ്ടികൾ. കഴിഞ്ഞുപോയവയെക്കുറിച്ചും വരാനിരിക്കുന്നവയെക്കുറിച്ചും അവ സംസാരിച്ചുകൊണ്ടേയിരിക്കുന്നു. തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ പതിനേഴാം അദ്ധ്യായമാണ് പ്ലാവിലക്കഞ്ഞി. ജന്മികളുടെ അടിമകളായി തീർന്നവരുടെ വേദനയാണ് പ്ലാവിലക്കഞ്ഞിയിലെ പ്രമേയം. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഇഴകൾ പ്ലാവിലക്കഞ്ഞിയിൽ ദൃഢമാവുന്നു. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. കോരനും ചിരുതയും കോരന്റെ അപ്പനും ഒന്നിച്ചു ചേരുമ്പോൾ ഇല്ലായ്മകൾക്കിടയിലും കൂടുതൽ ഇമ്പമാവുകയാണ് ഈ കുടുംബം.

### വ്യവഹാര രൂപങ്ങൾ

വിശകലന കുറിപ്പ്

കഥാപാത്ര നിരൂപണം

പ്രതികരണ കുറിപ്പ്

ആസ്വാദനകുറിപ്പ്

### പ്രവർത്തനങ്ങൾ

"ഇത് കഞ്ഞികുടിക്കുന്നെന്ന ബാവമേ ഉള്ളൂ

അല്ലടി ഏൻ കുടിക്കുവാ

എടീ കള്ളി നീയത് ഒളിച്ചു മച്ചിരുന്നോ

എന്തിനായിത് നാഴ് അരി അല്യോ മച്ചൊള്ളൂ"

ഹൃദയത്തിലെ സ്നേഹമാണ് വാക്കുകളായി ഒഴുകുന്നത്... സ്നേഹബന്ധത്തിന്റെ നനവ് എത്രത്തോളമുണ്ട് ചിരുതയും കോരനും അപ്പനും തമ്മിൽ? വിലയിരുത്തുക.

- നിറയാത്ത വയറ്, നിറഞ്ഞ മനസ്
- താൻ പട്ടിണി കിടന്നാലും പ്രശ്നമല്ല എന്ന ചിരുതയുടെ ചിന്ത
- ചിരുത കഴിച്ചില്ലെങ്കിൽ തനിക്ക് വേണ്ട എന്ന കോരന്റെ ദൃഢനിശ്ചയം.

- തന്നെ ഊട്ടുന്ന ചിരുതയോടുള്ള അപ്പന്റെ മനോഭാവം
- ഭക്ഷണം ചിരുത അപ്പന് വിളമ്പികൊടുക്കുന്നത് കണ്ണ് തണുപ്പിക്കുന്ന കാഴ്ചയായി കോരന് തോന്നുന്നത്.
- അപ്പന്റേയും മകന്റേയും സ്നേഹാശ്ലേഷത്തിൽ ചിരുതക്കുണ്ടായ ആനന്ദം.

ഭർത്താവുത്തരവായി

ഭാര്യയോടിയാളേ നീ

യപ്പുറത്തെങ്ങാൻ കൂടി

വല്ലതുകൊടുത്തേക്കു... (അങ്ങേ വീട്ടിലേക്ക് - ഇടശ്ശേരി)

മകളെ കാണാനെത്തിയ അച്ഛനോടുള്ള മകളുടെ ഭർത്താവിന്റെ സമീപനമാണിത്. എന്നാൽ പ്ലാവിലക്കഞ്ഞിയിൽ കോരന്റെ അപ്പനോടുള്ള ചിരുതയുടേയും കോരന്റേയും സമീപനം സ്നേഹത്തിന്റേയും പരിഗണനയുടേതുമാണ്. വർത്തമാനകാല സാഹചര്യത്തിൽ ഈ ഉഷ്മളത കുടുംബങ്ങളിൽ കാണാൻ കഴിയുമോ? ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങൾ എന്ന വിഷയത്തെക്കുറിച്ച് എഡിറ്റോറിയൽ തയ്യാറാക്കുക.

- അനുയോജ്യമായ തലക്കെട്ട്
- വർത്തമാനകാല സാഹചര്യം. അണുകുടുംബത്തിന്റെ കാഴ്ച്ചപ്പാട്
- ഉപഭോഗ സംസ്ക്കാര കുടുംബ ബന്ധങ്ങളിൽ വരുത്തിയ മാറ്റം
- അവഗണനയുടെ അരികുകളിലേക്ക് വലിച്ചെറിയപ്പെടുന്ന വൃദ്ധരും സ്ത്രീകളും
- നന്മകൾ വീണ്ടെടുക്കാനുള്ള നിർദ്ദേശങ്ങൾ

രാത്രിയിൽ നടക്കുന്ന വ്യാപാരം പരസ്യപ്പെടുത്തിയാലോ?

എന്തിനായിത് നാഴി അരി അല്യോ മച്ചുള്ളൂ നീ കൂടി

– അവഗണനയുടെ അടിച്ചമർത്തലിൽ പ്രതിഷേധിക്കുന്ന മനസും സ്നേഹത്തിന്റെ അലിവൂറുന്ന മനസും കോരനിൽ ഒന്നിക്കുന്നു. 'കോരൻ' എന്ന കഥാപാത്രത്തിന് നോവലിലുള്ള സ്ഥാനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- നോവലിലെ കേന്ദ്ര കഥാപാത്രം
- നാമമാത്രമായ കൂലിക്ക് പണിയെടുക്കുമ്പോഴും കൂലി കൂടുതൽ ചോദിക്കാനുള്ള കരുത്ത് പ്രകടിപ്പിക്കുന്നില്ല
- രാഷ്ട്രീയവബോധം വളർന്ന കോരൻ യൂണിയൻ നേതാവാകുന്നത്
- ചിരുതയോടുള്ള കോരന്റെ മനോഭാവം
- ചിരുത കഴിക്കാതെ താൻ ഒന്നും കഴിക്കില്ല എന്ന കോരന്റെ ദൃഢനിശ്ചയം
- പരസ്പര സ്നേഹത്തിലൂടെ കുടുംബത്തെ നയിക്കുന്നത്; നാടിനെ നയിക്കുന്നത്

## ഓരോ വിളിയും കാത്ത് - യു.കെ. കുമാരൻ (കഥ)

പ്രിയപ്പെട്ടവരുടെ വേർപാടിൽ ബാക്കിയാവുന്നത് അവ അവരെക്കുറിച്ചുള്ള ഓർമ്മകളാണ്. അവരുടെ ശബ്ദങ്ങൾ ഭൂമിയിൽ ബാക്കിയാവുന്നവരുടെ ചെവിയിൽ പ്രതിധ്വനികൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കും. അച്ഛന്റെ ഓരോ വിളിക്കും പിന്നാലെയോടുന്ന ഒര

മ്മയെ കഥാകൃത്ത് യു.കെ. കുമാരൻ കാണിച്ചുതരുന്നു. അച്ഛന്റെ മരണശേഷം വീട്ടിൽ തനിച്ചാക്കി പോകുമായിരുന്ന അമ്മയെ സ്നേഹനിർബന്ധത്തിൽ നഗരത്തിലേക്ക് കൊണ്ടു പോകാനൊരുങ്ങുന്ന മകൻ. ഒടുവിൽ സമ്മതം മൂളുന്ന അമ്മ. ഒരു രാത്രികഴിഞ്ഞുണരു മ്പോൾ അച്ഛനെപ്പോഴും വിളിച്ചൊണ്ടിരിക്കുകയാ... ഞാനെങ്ങനാ മോനേ വരാ എന്ന് പറഞ്ഞൊഴിയുന്ന അമ്മ. ഈ കഥ ഭാര്യാ ഭർതൃബനധത്തിന്റെ സ്നേഹത്തിന്റെ നനവ് വായനക്കാരിലേക്ക് സംക്രമിപ്പിക്കുന്നു.

**കഥയെക്കുറിച്ച് കഥാകൃത്ത് യു.കെ. കുമാരൻ**

ദാമ്പത്യ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന അല്ലെങ്കിൽ ഉപരിപ്ലവമായി ക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ മരണപ്പട്ടുപോയ ഭർത്താവ് എപ്പോഴും വിളിക്കാ നിടയുണ്ടെന്നും ഭർത്താവിനപ്പോൾ ഒരു മറുവിളി കൊടുത്തില്ലെങ്കിൽ എന്തുതോന്നുമെന്ന് ദുഃഖിക്കുന്ന ഭാര്യയുടെ ചിന്തയിൽ ഭർത്താവ് പരേതനല്ല, മനസിനെ എപ്പോഴും ഉണർത്തുന്ന നിരന്തര ചൈതന്യമാണ് അത്തരമൊരു ജീവിതാവസ്ഥയെ സൃഷ്ടിക്കാ നാണ് ഓരോ വിളിയുംകാത്ത് എന്ന കഥയിലൂടെ ഞാൻ ശ്രമിച്ചിട്ടുള്ളത്.

**വ്യവഹാരരൂപങ്ങൾ**

വിശകലനകുറിപ്പ്

പ്രതികരണ കുറിപ്പ്

കഥാപാത്രനിരൂപണം

**പ്രവർത്തനങ്ങൾ**

“നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളന്ന ഒച്ച കേക്കോ നീയ്”?

“ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല, ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ”

“നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല, പിന്നെന്താ”

ആടെ ഉള്ളത് അമ്മ ചോദിച്ചു....

നാടെന്തെന്തും നഗരമെന്തെന്നും ഈ സംഭാഷണങ്ങളിൽ തെളിയുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായങ്ങൾ കുറിക്കുക.

- ഗ്രാമത്തിന്റെ തനിമ, സൗന്ദര്യം
- ഗ്രാമത്തിന് നിഷ്കളങ്കത, നഗരത്തിലെ വേഷപകർച്ചകൾ
- പരസ്പര സ്നേഹം
- ഗ്രാമത്തിലെ അയൽപക്ക ബന്ധങ്ങളുടെ ദൃഢത
- ഗ്രാമശബ്ദങ്ങൾ, നഗരത്തിലെ യാന്ത്രിക ശബ്ദങ്ങൾ

ഓരോവിളിയും കാത്ത് എന്ന കഥയിൽ തെളിയുന്ന കുടുംബത്തിലെ നെടുംതൂണുക ളാണ് അച്ഛനും അമ്മയും. ഈ രണ്ട് കഥാപാത്രങ്ങളേയും ചിന്തകളിലൂടെയും സംസാര ങ്ങളിലൂടെയുമാണ് കഥ വികസിപ്പിക്കുന്നത്. - പരിശോധിക്കുക.

**അച്ഛൻ**

- കഥയിലെ അച്ഛന്റെ സാന്നിദ്ധ്യം മരിച്ചിട്ടും അമ്മയുടെ ചെവിക്കുടയ്ക്കുള്ളിൽ വന്നു തട്ടുന്ന ശബ്ദസാന്നിദ്ധ്യം

- വീണുകിടന്നപ്പോഴും ചുറ്റും നടന്നിരുന്ന കാര്യങ്ങൾ ശ്രദ്ധിച്ചിരുന്ന അച്ഛൻ (കന്നിപ്പാടത്തെ വേലിയേറ്റം, കമുകിൻ തോട്ടങ്ങളിലൂടെ പറന്നുപോകുന്ന വാവലുകളുടെ ചിറകടിയൊച്ച......)
- തന്റെ ചുറ്റുപാടുള്ളവരോടുള്ള ബന്ധം (കണാരൻ, അയൽക്കാരൻ, ചാത്തുവച്ചൻ, പൈകച്ചവടക്കാരൻ ഇവരുമായുള്ള ബന്ധം)
- പ്രകൃതി സ്നേഹം
- കലഹിക്കുമ്പോഴും അമ്മയോട് പുലർത്തിയിരുന്ന തീവ്രമായ സ്നേഹബന്ധം.

**അമ്മ**

- അച്ഛന്റെ മരണം - സൃഷ്ടിച്ച ഏകാന്തത
- വാർധക്യം കൊണ്ടുവന്ന അസുഖങ്ങൾ
- അച്ഛന്റെ വിളിക്ക് കാതോർക്കുന്ന അമ്മ
- അച്ഛന്റെ നിർദ്ദേശങ്ങൾ കേട്ടിരുന്നു
- പരിഭവിക്കുമ്പോഴും സ്നേഹബന്ധത്തിന്റേയും നൂലിഴകൾ പൊട്ടാതിരിക്കുന്നത്.

"മടങ്ങി വന്നാല് മണിയൂരിന്നു വന്ന ചാത്തുചെട്ട്യാര് അന്വേഷിച്ചെന്നു പറേണേ... മൂപ്പര് പൊരേലുണ്ടായിരുന്നെങ്കിൽ മടങ്ങി വരുന്ന സമയത്ത് ഒരുമുറുക്കി പഴേ വർത്തമാനോം പറഞ്ഞുകൊറച്ചു നേരം ഇരിക്ക്യാരുന്നു." - പൈക്കച്ചവടക്കാരൻ.

- പൈക്കയ്യവടക്കാരന്റെ സംഭാഷണത്തിൽ ഗ്രാമജീവിതചിത്രം തന്നെയല്ലേ? വിശകലനം ചെയ്യുക.
- നഗരത്തിൽ സ്നേഹത്തിന്റെ നാരുകളിൽ കെട്ടിയ പരിചയങ്ങൾ
- പരസ്പരമുള്ള അന്വേഷണങ്ങൾ, വിളിച്ചുചോദ്യങ്ങൾ, സൊറപറച്ചിൽ
- ഗ്രാമീണ ജീവിതത്തിന്റെ അടയാളമാവുന്ന പശുവളർത്തൽ, പൈക്കച്ചവടക്കാരൻ എന്നിവ.

## യൂണിറ്റ് 1

### അമ്മത്തൊട്ടിൽ - കവിത - റഫീഖ് അഹമ്മദ്

ഉപയോഗമില്ലാത്തതെന്തും ഉപഭോഗ സംസ്ക്കാരത്തിന് 'വേസ്റ്റാണ്'. അവ വലിച്ചെറിയേണ്ടതോ ഉപേക്ഷിക്കേണ്ടതോ ആവുന്നു; വീണ്ടും തിരിച്ചു വരാത്ത വിധത്തിൽ... മനുഷ്യബന്ധങ്ങൾ അപ്രത്യക്ഷമായി മനസിൽ മരുഭൂമികൾ ഉണ്ടാവുന്നത് കാണിച്ചുതരികയാണ് അമ്മത്തൊട്ടിൽ എന്ന കവിതയിലൂടെ റഫീഖ് അഹമ്മദ്.

**വ്യവഹാര രൂപങ്ങൾ**

- വിശകലന കുറിപ്പ്
- പ്രതികരണ കുറിപ്പ്
- കഥാപാത്ര നിരൂപണം
- ആസ്വാദനകുറിപ്പ്

<u>പ്രവർത്തനം</u>

മുടിമേലെ കെട്ടിവെച്ചത്

തുളുനാടൻ പട്ടുടുത്ത്

മുക്കുറ്റിചാന്തും തൊട്ട് ഞാനിരുന്നു (ചലച്ചിത്ര ഗാനം)

- ഞാൻ ആരാണ്? സ്ത്രീയോ പുരുഷനോ...? ഗാനത്തിൽ തെളിയുന്നില്ലേ... സ്ത്രീ വേഷങ്ങൾ... വാക്കുകൾ കൊണ്ട് എഴുത്തുകാർ വരക്കുന്ന ചിത്രമാണ് വാങ്മയചിത്രം. അമ്മത്തൊട്ടിൽ എന്ന കവിത.യിൽ അമ്മയുടെ പ്രയാവും രൂപവവും വാക്കുകൾകൊണ്ട് വരച്ചിരിക്കുകയാണ് കവി. അവ കണ്ടെത്തുക. വിശകലനം ചെയ്യുക.

- നീരുവറ്റി വരണ്ട കൈച്ചുള്ളികൾ
- മങ്ങി പഴകിയ പിഞ്ഞാണ വർണ്ണമായ കണ്ണുകൾ
- പാടയും പീളയും മൂടിയ കണ്ണുകൾ
- അമ്മയുടെ ഗന്ധം (മുഷിവുമായി കാച്ചെണ്ണ ചേരുന്ന ഗന്ധം)

- പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ–

  രൂറ്റം, കുരച്ചതുചാടിക്കുതിക്കുന്നു–

അമ്മയെ കളയാൻ തെരഞ്ഞെടുക്കുന്ന സ്ഥലത്ത് എന്തിന് കവി പെറ്റു കിടക്കുന്ന പട്ടിയെ അവതരിപ്പിച്ചിരിക്കുന്നു.... പ്രതികരണങ്ങൾ കുറിക്കുക.

- പെറ്റുകിടക്കുന്ന പട്ടിക്ക് കുട്ടികളോടുള്ള അമിത സ്നേഹം.
- കുഞ്ഞിനെ സംരക്ഷിക്കാനുള്ള വ്യഗ്രത.
- മനുഷ്യർക്കില്ലാത്ത കരുതൽ, സ്നേഹം, എന്നിവ മൃഗങ്ങൾക്കുണ്ട് എന്ന് കവി പട്ടിയിലൂടെ കാണിച്ചു തരുന്നു.
- മൃഗങ്ങൾക്കുപോലും മാതൃപുത്രബന്ധത്തിന്റെ വിലയുണ്ടെന്ന് പറയാനുള്ള കവിയുടെ ശ്രമം.
- ഏതമ്മയും തന്റെ മകളെ പോറ്റുന്നതിൽ കാണിക്കുന്ന ശ്രദ്ധ മകനെ ഓർമ്മപ്പെടുത്താനുള്ള സന്ദർഭം
- 'അശാന്തനായീശ്വരൻ കാറ്റുകൊള്ളാനിറങ്ങിയോ? ഈശ്വരൻ പോലും അമ്പലത്തിന് പുറത്തേക്ക് ഇറങ്ങേണ്ടി വന്നതെന്തുകൊണ്ടാവാം? നിങ്ങളുടെ അഭിപ്രായങ്ങൾ കുറിക്കുക.
- കെട്ട കാഴ്ചകളിലും നിലവിളികളിലും ദൈവത്തിന് പോലും ശാന്തി നഷ്ടപ്പെടുന്നു.
- മനുഷ്യർ സൃഷ്ടിക്കുന്ന സ്നേഹരാഹിത്യത്തിന്റെ ചൂടിൽ ഇരിക്കപൊറുതിയില്ലാതായിപ്പോയ ദൈവം.
- ശാന്തി നൽകുന്നവനായ ഈശ്വരന് ശാന്തി നഷ്ടമാകുന്ന വർത്തമാനകാല കാഴ്ചകൾ.

ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുള്ള ഇടമാണ് 'അമ്മത്തൊട്ടിൽ' എന്നാൽ ഇവിടെ ഉപേക്ഷിക്കുന്നത് അമ്മയെയാണ്. എത്രമാത്രം അനുയോജ്യമാവുന്നു ഈ കവിതയുടെ ശീർഷകം? കവിതയെ വിശകലനം ചെയ്ത് ആസ്വാദനകുറിപ്പ് തയ്യാറാക്കുക.

- ആരാലും സംരക്ഷിക്കപ്പെടാനില്ലാതെ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുള്ള ഇടമാണ് അമ്മത്തൊട്ടിൽ.
- അമ്മയും കുട്ടിയെപ്പോലെ തന്നെ. ഉപേക്ഷിക്കപ്പെടുന്നു.
- അമ്മത്തൊട്ടിൽ അമ്മയ്ക്കുള്ള തൊട്ടിലാകുന്നു.
- അമ്മയെ ഉപേക്ഷിക്കുവാനുള്ള ശ്രമങ്ങൾ
- സമകാലീന ദൃശ്യങ്ങളുടെ മികവാർന്ന അവതരണം.

## യൂണിറ്റ് - 2

## നിലാവ് പെയ്യുന്ന നാട്ടുവഴികൾ

നാട്ടിൻപുറത്ത് നന്മകളുടെ സമൃദ്ധിയുണ്ട്. അതുകൊണ്ടാണ് അവ നിലാവ് പെയ്യുന്ന നാട്ടുവഴികൾ ആവുന്നത്. നിലാവിന്റെ കുളിർമയും, ഊഷ്മളതയും ആർദ്രതയും നന്മയും സത്യവുമെല്ലാം പെയ്തിറങ്ങിയ നാട്ടുവഴികളിലൂടെ നടന്നവർ നാടിന്റെ മണമുള്ളവരായിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിലും പ്രകൃതിയും പ്രകൃതിയും തമ്മിലുള്ള ആരോഗ്യപരമായ പരസ്പരാശ്രിതത്വത്തിന്റെ കഥ പറയുന്നു. എ.പി. ഉദയഭാനുവിന്റെ കൊച്ചുചക്കരച്ചി എന്ന ലേഖനം, വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഓണമുറ്റത്ത് എന്ന കവിത, കോഴിയും കിഴവിയും, എന്ന കാരൂർ നീലകണ്ഠപിള്ളയുടെ കഥ, കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ശ്രീനാരാണഗുരു എന്ന ലേഖനം എന്നീ നാല് പാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

**കൊച്ചുചക്കരച്ചി - ഉപന്യാസം - എ.പി. ഉദയഭാനു**

മാവിനെ കല്ലെറിഞ്ഞവർ, മാവിൻചോട്ടിൽ കളിച്ചവർ, മാവിനെക്കുറിച്ച് കവിതയെഴുതിയവർ - ഇതിലേതിലെങ്കിലും പെടാത്തവരില്ല. മാവ് മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത വിളിച്ചോതുന്ന ലേഖകന്റെ ഓർമ്മകളുടെ പുനരാവിഷ്ക്കാരം ആകുന്നു കൊച്ചു ചക്കരച്ചി എന്ന ഉപന്യാസം.

**വ്യവഹാര രൂപങ്ങൾ**

വിശകലന കുറിപ്പ്

പ്രതികരണ കുറിപ്പ്

കഥാപാത്ര നിരൂപണം

**പ്രവർത്തനം**

ഉസ്കൂളടച്ചാൽ പുലർച്ചക്കുണരുവാൻ
ആരും വിളിക്കേണ്ടായിരുന്നു
കണ്ട പറമ്പിലെ കാണായമാവിനെ
കല്ലെറിയും പണിയായിരുന്നു
പച്ചയായാലും ചതഞ്ഞതാണെങ്കിലും
പങ്കിടുമ്പോഴേ പഴുത്തിരുന്നു

കുപ്പായമില്ലാത്ത നെഞ്ചത്തൊലിക്കുവാൻ

എത്രരുചി ത്തർക്കമായിരുന്നു - മോഹനകൃഷ്ണൻ കാലടി

കവിയുടെ മാവിനെക്കുറിച്ചുള്ള ഓർമ്മകളാണിത്. എ.പി. ഉദയഭാനുവിന്റെ ഓർമകളിൽ തെളിയുന്ന മാവ് വിശേഷങ്ങൾഎന്തൊക്കെയാണ്?

മാമ്പൂക്കാലം ഉത്സവകാലം

മാമ്പൂവിന്റെ പരിമളം

മാഞ്ചോട്ടിലെ കളിവീട് കെട്ടൽ

കിളികൾക്കും കവികൾക്കും പ്രിയപ്പെട്ടവർ

മാവ് കുട്ടികളെ ഊട്ടുന്നത്

പെരിയാറേ.... പെരിയാറേ..

പർവ്വത നിരയുടെ പനിനീരേ

കുളിരും കൊണ്ടുകുണുങ്ങി നടക്കുന്ന

മലയാളിപ്പെണ്ണാണു നീ....

കുണുങ്ങി നടക്കുന്ന മലയാളിപ്പെണ്ണിനോട് പെരിയാറിന്റെ വർണ്ണിച്ചിരിക്കുകയാണ്. മാനുഷിക ഭാവങ്ങൾ പ്രകൃതിയിലുള്ളവയ്ക്ക് നൽകാറുണ്ട് എഴുത്തുകാർ. ലേഖകന്റെ വീട്ടിലെ ഒരംഗം പോലെതന്നെയാവുന്നു കൊച്ചുചക്കരച്ചി. ഏതോ കുടുംബാംഗത്തിന്റെ വിളിപ്പേരായി തീരുന്നു കൊച്ചുചക്കരച്ചി എന്ന പേരുപോലും. കൊച്ചു ചക്കരച്ചിക്ക് മാനുഷിക ഭാവങ്ങൾ വന്നു ചേരുന്നതെങ്ങനെയാണ് വിശകലനം ചെയ്യുക.

- കൊച്ചു ചക്കരച്ചിയുടെ രൂപം
- നിബിഡവും ശ്യാമളവും ആയ തലമുടിയുള്ളവൾ
- കുട്ടികൾ ഹോമം നടത്തുമ്പോൾ മാവ് ചെയ്യുന്നത്
- കുട്ടികളെപ്പോലെ അരുമത്തം നേടിയവൾ
- മുത്തശ്ശിയെപ്പോലെ തലമുറയുടെ കഥ പറയുന്നവൾ

കൊച്ചു ചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല - ലേഖകന്റെ അമ്മ ഇങ്ങനെ ചിന്തിക്കുന്നത് ഒരു മാവിനെക്കുറിച്ചാണ്. മനുഷ്യന് മനുഷ്യനിലുള്ള വിശ്വാസം പോലെയാണിത്. പ്രകൃതിയുടെ നാഡിമിടുപ്പുകളറിഞ്ഞ ഒരമ്മയാണോ ലേഖകന്റെ അമ്മ. നിങ്ങളുടെ പ്രതികരണങ്ങൾ കുറിക്കൂ....

- പ്രകൃതിയുടെ മിടിപ്പുകൾ അറിഞ്ഞിരുന്ന ഒരു തലമുറയുടെ പ്രതിനിധി
- മാവ് മുറിക്കൻ തുനിയുമ്പോൾ തടസ്സപ്പെടുത്തുന്നു.
- കാറ്റും മഴയും വരുമ്പോൾ പൂമുഖത്തിരിക്കുന്ന അമ്മ
- അമ്മയുടെ വിശ്വാസം പോലെ മാവിന്റെ വീഴ്ച

## യൂണിറ്റ് - 2

### ഓണമുറ്റത്ത്

ജീവിതത്തിന്റെ കടലിനെ മഷിപാത്രമാക്കിയ കവിയാണ് വൈലോപ്പിള്ളി. ആ മഷി പാത്രത്തിൽ നിന്നും ഉതിർന്നു പരന്ന ഓണമുറ്റത്ത് എന്ന കവിത. ഗ്രാമവും ഗ്രാമീണ തയും കർഷക സംസ്കൃതിയും അദ്ദേഹത്തിന്റെ കവിതകളിലെ നിറസാന്നിദ്ധ്യമാണ്.

**വ്യവഹാര രൂപങ്ങൾ**

വിശകലനകുറിപ്പ്

ആസ്വാദനം

പ്രഭാഷണം

**പ്രവർത്തനങ്ങൾ**

തിരികൾ തെറുത്തു കൊളുത്താനുള്ളമു-

ഹൂർത്തം കാത്തുകുഴഞ്ഞു മടങ്ങിയ

കരവിരലോടെ, ദീപകുറ്റികൾ

നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ -

മുക്കുറ്റിപ്പൂവ്, ദീപകുറ്റി നാട്ടിയിരിപ്പാണ് എന്ന് പറയുന്നതിന്റെ പൊരുൾ എന്താണ്? കാവ്യഭാഗത്തെ ഇതര സാദൃശ്യകൽപ്പനകൾ കണ്ടെത്തൂ?

- മാവേലി മന്നനെയെതിരേൽക്കാൻ ദീപകുറ്റികൾ പിടിച്ചു നിൽക്കുന്ന സേവകരാണ് മുക്കുറ്റികൾ
- മന്നന്റെ വരവോടുകൂടി അവ കൊളത്താൻ കാത്ത് നിൽക്കുന്നു
- മുക്കുറ്റിയുടെ പൂങ്കുലക്ക് ദീപകുറ്റിയുടെ ആകൃതിയും പൂക്കൾക്ക് ദീപത്തിന്റെ ശോഭ യുമുണ്ട്.
- പ്രകൃതി ദൃശ്യങ്ങളുടെ കാവ്യാത്മക അവതരണം. ആമ്പലുകൾ വിളക്കുവെച്ച് താല വുമായി അണിഞ്ഞൊരുങ്ങി നിൽക്കുന്ന കന്യകളെന്ന് കവി.

"പഴയൊരു പൂള്ളുവനാണല്ലോ ഞാൻ

ഓണക്കാലത്തുണരും ഞാൻ തിരു

വോണപ്പാട്ടുകളാണെൻ പാട്ടുകൾ"

കവിയുടെ സ്വയം പരിചയപ്പെടുത്തലിന്റെ ഔചിത്യം എന്ത്?

- കവി പുള്ളുവനാണ്. കൊയ്തു നടക്കുന്ന പാടത്ത് പാട്ടുപാടി നടക്കാറുള്ള പുള്ളു വൻ.
- കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത് എന്നീ പേരുകൾ തന്നെ അതിന് തെളിവാണ്.
- ഓണപ്പാട്ടുകളാണ് പുള്ളുവന്റെ പാട്ടുകൾ
- പ്രതിഫലേച്ഛയില്ല പുള്ളുവന്റെ മനസിൽ ഒന്നു ചവക്കാൻ ഒരു വെറ്റിലയോ ഒന്നു കൊറിക്കാൻ, അല്പം നെല്ലോ കിട്ടിയാലായി.

പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു

പാട്ടാണെന്ന് പഴിക്കാമിന്നു പ-

രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ

പുള്ളുവന്റെ പാട്ടിനെ പരിഷ്ക്കാരികൾ കാണുന്നതെങ്ങനെയാണ്. മാറിയ കാലത്തിന്റെ ആഘോഷങ്ങൾ എങ്ങനെയായിത്തീർന്നുവെന്നതിന്റെ സൂചന തരുന്നില്ലേ ഈ വരികൾ? പരിഷ്ക്കാരത്തിന്റെ തിണ്ണയിലുള്ളവരുടെ ഓണാഘോഷങ്ങൾ ഇന്നെങ്ങനെയാണ്?

മലയാളിയുടെ ഇന്നത്തെ ഓണം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രഭാഷണം തയ്യാറാക്കുക.

- ഓണത്തിനായി നാടും പ്രകൃതിയും ഒരുങ്ങിക്കഴിഞ്ഞു
- മുക്കുറ്റി, നെയ്യാമ്പൽ, രാവ്, തുമ്പികൾ, ചെറുകന്യകൾ, ഉഷസ്, അരുവി എന്നിവയുടെ തയ്യാറെടുപ്പുകൾ
- ഗ്രാമീണതയുടെ മേൽ നാഗരികതയുടെ കടന്നുകയറ്റം
- പഴമക്കുപകരം പുതുമ തേടുന്നത്. മുക്കുറ്റിയും ആമ്പലും അരുവികളും അപ്രത്യക്ഷമായത്.
- ഓണപ്പാട്ടുകൾക്ക് പകരം വന്ന സംഗീതരൂപങ്ങൾ
- നഷ്ടമാവുന്ന ആഘോഷങ്ങളുടെ തനിമ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശങ്ങളും.

അവന്റെ പാട്ട് അവരുടെ പാട്ട് തന്നെയാണ്. വയലിൽ താൻ കൊയ്യുമ്പോൾ വരമ്പിലെത്തുന്നു പാടുന്നവൻ. ആളുകളും തലമുറകളും ഏൽപ്പിച്ച പണി ചെയ്തു കൊണ്ടേയിരിക്കുന്നു. ഒരു പാണനാണ്, ഒരു പുള്ളുവനാണ്, പുലയനാണ് കവി. എല്ലാവരുടേയും എക്കാലത്തിന്റേയും നാദമായി ഇന്ന് ഏറെ പഴയതാണെങ്കിലും എന്നും പുതുക്കികൊണ്ടിരിക്കുന്ന പാട്ടുകാരൻ. - കവിതയുടെ മൃത്യുഞ്ജയം - എം.എൻ. വിജയൻ.

## യൂണിറ്റ് 2

## കോഴിയും കിഴവിയും

കാരൂർ കഥ പറയുന്നത് നന്മയുടെ നാട്ടിൻപുറത്തു നിന്നാണ്. ഗ്രാമീണ കുടുംബങ്ങളുടെ സ്നേഹബന്ധങ്ങളേയും പിണക്കങ്ങളേയും ഇണക്കങ്ങളേയുംപ്പറ്റി പറഞ്ഞ് അതിരുകൾക്കപ്പുറത്തേക്ക് നീങ്ങുന്ന നന്മയുടെ സ്നേഹത്തിന്റെ പരസ്പരാശ്രയത്വത്തിന്റെ കഥ പറയുകയാണ് കോഴിയും കിഴവിയും എന്ന കഥയിലൂടെ കാരൂർ...

**വ്യവഹാര രൂപങ്ങൾ**

താരതമ്യകുറിപ്പ്

വിശകലനകുറിപ്പ്

ആസ്വാദനകുറിപ്പ്

**പ്രവർത്തനങ്ങൾ**

ഞാനിവിടെ വന്നു കൂടിയില്ലെങ്കിൽ പിച്ചപ്പാളയം കൊണ്ടിറങ്ങേണ്ടി വന്നേനെ അവന് - മത്തായി

മത്തായിയുണ്ടോ ഈ കൂട്ടത്തിൽ അവനോടൊന്നു പറഞ്ഞേ എന്റെ കയ്യേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ - ഞാൻ അവിടെ കിടന്ന് ചത്തോളാം - മത്തായിയുടെ അമ്മ.

ഒരേ വീട്ടിലുള്ളവരുടെ രണ്ടഭിപ്രായങ്ങളാണിത്. എങ്ങനെയാണ് മത്തായിയിൽ നിന്നും മത്തായിയുടെ അമ്മ വ്യത്യസ്തയാവുന്നത്.

- അയൽപ്പക്കകാരൻ ദരിദ്രനായതിൽ മത്തായിക്കുണ്ടാകുന്ന കുറച്ചിൽ
- കോഴി ചത്തപ്പോൾ ചത്ത കോഴിയെ ആഹാരമാക്കുന്ന മത്തായിയും ഭാര്യയും.
- കോഴിയെ കൊന്നുതിന്നെന്ന ആരോപണമുയർത്തുന്ന മത്തായി.
- വന്ന വഴി മറക്കാത്ത അമ്മമ (മകനേ .... മൂട് മറക്കരുത്)
- മാർക്കോസിന്റെ വീട്ടുകാരോടുള്ള സഹാനുഭൂതി
- നന്മയുടെ പക്ഷത്തു നിൽക്കുന്ന മത്തായിയുടെ അമ്മ.

അതിർത്തികളുടെ വേലിക്കെട്ടുകൾ സ്നേഹം കൊണ്ട് പൊളിക്കാൻ സാധിക്കും എന്ന് കോഴിയും കിഴവിയും എന്ന കഥയിലൂടെ കാരൂർ കാണിച്ചു തരുന്നുണ്ട്. കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കഥക്ക് ആസ്വാദനം തയ്യാറാക്കുക.

- മത്തായിയും മാർക്കോസും തമ്മിലുള്ള പിണക്കങ്ങൾ
- ദരിദ്രനായ അയൽപ്പക്കക്കാരനോടുള്ള മത്തായിയുടെ മനോഭാവം
- എല്ലാം വെട്ടിപ്പിടിക്കാനുള്ള മത്തായിയുടെ വ്യഗ്രത
- മാർക്കോസിനെതിരായുള്ള കുറ്റാരോപണം
- മാർക്കോസും മത്തായിയുടെ അമ്മയുമായിട്ടുള്ള അഭിമുഖം
- വന്ന വഴിയെക്കുറിച്ച് ബോധ്യമുള്ള അമ്മ
- മകന്റെ പക്ഷത്തു നിൽക്കാതെ നന്മയുടെ പക്ഷം ചേരുന്ന അമ്മ
- കാലിക പ്രസക്തി (അതിർത്തികൾ സൃഷ്ടിക്കപ്പെടുന്നത്)

അങ്ങിനെ മുകളിൽ നിന്നും കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.

- മത്തായിയുടേയും മാർക്കോസിന്റേയും ജീവിത സാഹചര്യങ്ങൾ വ്യക്തമാക്കി തരുന്നുണ്ടോ ഈ വരികൾ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- സമ്പന്നമായിരുന്ന മാർക്കോസിന്റെ കുടുംബം
- വീട് വെക്കാൻ മത്തായിയുടെ അമ്മക്ക് അനുമതി കൊടുത്ത മാർക്കോസിന്റെ അപ്പൻ
- കച്ചവടം നടത്തി സ്ഥിതി മെച്ചപ്പെട്ട മത്തായിയുടെ കുടുംബം
- സഹോദരിമാരെ വിവാഹം ചെയ്തയച്ചു കഴിഞ്ഞപ്പോൾ ദരിദ്രനായി തീർന്ന മാർക്കോസ്
- വീടും പറമ്പും വലുതാക്കി കൊണ്ടിരിക്കുന്ന മത്തായി
- ചെലവിനു വേണ്ടി പറമ്പ് വിൽക്കേണ്ടി വന്നതിനായി ചെറിയ പറമ്പിനുടമായി തീർന്ന മാർക്കോസ്.

## യൂണിറ്റ് 2

### ശ്രീനാരായണ ഗുരു

സാമൂഹിക പരിഷ്ക്കർത്താക്കൾ ഉഴുതുമറിച്ച മണ്ണിലാണ് നാം ഇന്ന് നിൽക്കുന്നത്. ജാതിക്കോ, മരങ്ങളുടെ തായ്‌വേര് അറക്കുന്നതിൽ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിനുള്ള പങ്ക് വളരെ വലുതാണ്. മാനവികത ഉയർത്തിപ്പിടിച്ച ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിലൂടെയുള്ള സഞ്ചാരമാണ് കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ശ്രീനാരായണഗുരു എന്ന ലേഖനം.

**വ്യവഹാരരൂപങ്ങൾ**

വിശകലന കുറിപ്പ്

എഡിറ്റോറിയൽ

**പ്രവർത്തനങ്ങൾ**

ഒരു ജാതിയിൽ നിന്നല്ലോ
പിറന്നിടുന്നു സന്തതി
നരജാതിയിതോർക്കുമ്പോ-
ളൊരു ജാതിയിലുള്ളത് - ശ്രീനാരാണ ഗുരു

കേവലമൊരു സന്യാസിയുടെ വാക്കുകളായി ഇതിനെ കാണാൻ കഴിയില്ല. മറ്റ് സന്യാസിമാരിൽ നിന്നും എങ്ങനെയാണ് ഗുരു വ്യത്യസ്തനായിരുന്നതെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കൂ.

- മനുഷ്യജാതി എന്ന വിശ്വവിശാല ജാതി മുന്നോട്ടു വെച്ചു.
- തപശ്വര്യ സാമൂഹ്യ ഉന്നമനത്തിന് ഉപയോഗിച്ചു
- കേരളത്തിലെ ജാതിയതയുടെ ഭീകര രൂപങ്ങൾക്കെതിരെ തുറന്നിട്ട കർമ്മ മണ്ഡലം
- എല്ലാ മതനദികളും സംഗമിക്കുന്ന മഹാസമുദ്രത്തെപ്പറ്റി സങ്കൽപ്പിച്ചു.
- ജ്ഞാന സിദ്ധനും കർമ്മ സിദ്ധനുമായിരുന്നു ഗുരു.

വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ
സംഘടനകൊണ്ട് ശക്തരാകുവിൻ - ശ്രീനാരായണഗുരു

ജ്ഞാന സിദ്ധനും, കർമ്മ സിദ്ധനുമായിരുന്നു ഗുരുവെന്നതിന്റെ തെളിവാണ് ഈ ഉദ്ധരണികൾ. എങ്ങനെയാണ് ഒരേസമയം ഇത് രണ്ടും ആകാൻ ഗുരുവിന് കഴിഞ്ഞിട്ടുണ്ടാവുക.

- അറിവിന്റെ (വിദ്യ) വെളിച്ചം ഇരുട്ടിലേക്ക് പ്രകാശിപ്പിച്ച ജ്ഞാനസിദ്ധനാണ് ഗുരു
- അറിവിന്റെ പ്രയോഗമാണ് അന്ധവിശ്വാസംകൊണ്ട് ഇരുളടഞ്ഞ സമൂഹത്തിൽ ഗുരു നടത്തിയത്.
- പ്രവർത്തനങ്ങളിലൂടെ കർമ്മ സിദ്ധനാവുന്നു.
- പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സംഘടന രൂപീകരിച്ചു

- താഴ്ന്ന ജാതിക്കാർക്ക് ആരാധനാലയങ്ങൾ സ്ഥാപിച്ചു
- ഒരുഘട്ടം കഴിഞ്ഞപ്പോൾ ക്ഷേത്രങ്ങളല്ല ഇനി നമുക്ക് വേണ്ടത് വിദ്യാലയങ്ങളാണ് എന്ന് സ്ഥാപിക്കുന്നു
- ധൂർത്തിനെതിരെ ലാളിത്യത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു. (ശ്രീനാരായണ ഗുരുവിന്റെ വേഷം - ഗാന്ധിജിയിലും ഇത് നമുക്ക് കാണാം)

## യൂണിറ്റ് 3

## വാക്കുകൾ വിടരുന്ന പുലരികൾ

"വാക്കെന്റെ അച്ഛനുമമ്മയുമാകുന്നു

വാക്കിൻ വിരൽ തൂങ്ങിയല്ലോ നടക്കുന്നു" - വി. മധുസൂദനൻ നായർ

വാക്കിന്റെ ശക്തി പ്രവചനാതീതമാണ്. വാക്ക് ഇരുതല മൂർച്ചയുള്ള വാളാണ്. വികാരവിഷ്ക്കാരത്തിന് ഭാഷ മാധ്യമമാക്കുന്നത് വാക്കിനെയാണ്. "നല്ല വാക്കോതുവാൻ ത്രാണിയുണ്ടാവണം" എന്നു പറഞ്ഞ കവിയും വാക്കിന്റെ മഹത്വത്തെയാണ് എടുത്തു കാണിക്കുന്നത്. എഴുത്തുകാർ വ്യത്യസ്ത കാവ്യപഥങ്ങളിലൂടെ തങ്ങളുടെ സർഗ്ഗസൃഷ്ടികൾ അനുവാചകരിലെത്തിക്കുന്നു. പ്രതികരിക്കുന്നതിനുള്ള ശക്തമായ ആയുധമായി വാക്കുകൾ മാറുന്നതിന്റെ സന്ദേശമാണ് അയ്യപ്പണിക്കരുടെ 'തത്തമ്മ' എന്ന കവിതയിലൂടെ നൽകുന്നത്. വ്യത്യസ്ത മാധ്യമങ്ങൾ മനുഷ്യനന്മക്ക് എതുവിധത്തിൽ പ്രയോജനമാവുന്നു എന്ന് ഈ യൂണിറ്റിൽ ഊന്നൽ നൽകുന്നു. ഇ. സന്തോഷ് കുമാറിന്റെ കഥ പണയം, വി. മധുസൂദനൻ നായരുടെ അമ്മയുടെ എഴുത്തുകാർ എന്ന കവിത, സുകുമാർ അഴീക്കോടിന്റെ ലേഖനമായ പത്രനീതി എന്നിവയാണ് യൂണിറ്റിലുള്ളത്.

### പണയം - കഥ - ഇ. സന്തോഷ്കുമാർ

ഒരുകാലത്ത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്ന റേഡിയോ, ഒരു സാധാരണക്കാരന്റെ ജീവിതതാളമാവുന്ന കഥയാണ് പണയം, ഇ. സന്തോഷ് കുമാറിന്റെ കഥ വായനക്കാരനെ പഴയകാലത്തിലേക്ക് തിരിച്ചു കൊണ്ടുപോകുന്നു. കേന്ദ്ര കഥാപാത്രമായ തയ്യൽക്കാരൻ ചാക്കുണ്ണിയുടെ ജീവിതത്തിൽ റേഡിയോ ചെലുത്തിയ സ്വാധീനവും, അദ്ദേഹത്തിന്റെ ജീവിത ദുരിതവുമാണ് കഥയിൽ ചിത്രീകരിച്ചിരിക്കുന്നത്. ചെമ്പുമത്തായിക്ക് റേഡിയോ പണയം വെക്കേണ്ടി വന്ന സാഹചര്യവും റേഡിയോയുമായുള്ള ചാക്കുണ്ണിയുടെ ആത്മബന്ധവും കഥ വിവരിക്കുന്നു. റേഡിയോ ഒരു കഥാപാത്രമാവുന്ന അപൂർവ്വതയും ഈ കഥയ്ക്കുണ്ട്.

### വ്യവഹാര രൂപങ്ങൾ

താരതമ്യകുറിപ്പ്

വിശകലന കുറിപ്പ്

### പ്രവർത്തനങ്ങൾ

ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ് സാധനങ്ങളാണേ.... റേഡിയോടെ പിന്നിന് നോക്ക്യാ അറിയാം. ഒര് കുട്ടീടെ പടം. എന്താ അത്. ശരിക്കും സൂക്ഷിച്ച് വെച്ചില്ലെങ്കിൽ പിന്ന് അത് പാടാണ്ടാവും."

"ഇതിപ്പൊ, നീയ് വന്നട്ട് ആ കുന്തം കുട്ട്യോളടത്തി നോക്കണംന്നും താരാട്ടു

പാടണംന്നും. ഒക്കെ പറഞ്ഞാ എനിക്ക് പറ്റോ? പറഞ്ഞപ്പോ ഓർമ്മ വന്നു. നെക്കറിയാലോ കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ. നമ്മുടെ നല്ല കാലത്ത് അവറ്റെയൊക്കെ നല്ല പെട പെടച്ചട്ടാ ഞാൻ വളർത്തീരിക്കുന്നത്"

ചാക്കുണ്ണിയുടേയും ചെമ്പുമത്തായിയുടേയും ചിന്തകളാണിത്. ഇതിന്റെയടിസ്ഥാനത്തിൽ രണ്ടുപേരുടേയും മനോഭാവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- കുട്ടികളെപ്പോലെ റേഡിയോയെ കാണുന്ന ചാക്കുണ്ണി
- സ്നേഹവും പരിലാളനയും നൽകുന്നു
- റേഡിയോ പണയം വെച്ചപ്പോൾ ചാക്കുണ്ണിയുടെ ചിന്ത
- മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നവനാണ് ചാക്കുണ്ണി
- കുട്ടികളെ ശിക്ഷിച്ചു വളർത്തണമെന്ന ചെമ്പുമത്തായിയുടെ മനോഭാവം
- മാനുഷിക മൂല്യങ്ങൾക്ക് പ്രധാന്യം നൽകുന്നില്ല ചെമ്പുമത്തായി
- കല അനാവശ്യമാണെന്ന് ചെമ്പുമത്തായി ചിന്തിക്കുന്നു
- അർത്ഥമെത്ര വളരെയുണ്ടായാലും

  തൃപ്തിയാകാമനസിന്നൊരു കാലം

  പത്തുകിട്ടുകിൽ നൂറുമതിയെന്നും

  ശതമാകിൽ സഹസ്രം മതിയെന്നും

  ആയിരം പണം കൈയ്യിലുണ്ടാവുമ്പോൾ

  ആയുതമാകിലാശ്ചര്യമെന്നതും - ജ്ഞാനപ്പാന - പൂന്താനം

ഈ മനോഭാവമുള്ള കഥാപാത്രമല്ലോ ചെമ്പുമത്തായി? ഏതൊക്കെ കഥാ സന്ദർഭങ്ങളിലാണ് നിങ്ങൾക്കെങ്ങനെ തോന്നിയിരിക്കുക? കുറിക്കുക?

- സ്വർണ്ണമല്ലാത്ത ഒരു സംഗതിക്കും
- ഈ റേഡിയോ പാട്ടൊക്കെ ഇനിക്ക്യെത്ര പിട്ത്തല്ല്യാ
- തല്ലിവളർത്തണം കുട്ട്യോളെ..
- അയ്യ നീയ് പലിശേം അടച്ചിട്ടില്ല്യാലോ?

ചാക്കുണ്ണിയുടെ ജീവിതത്തിന്റെ താളം റേഡിയോയുടെ ശബ്ദതാളമായിരുന്നു. റേഡിയോ പണയം വെച്ചതോടെ ജീവിതത്തിന്റെ താളവും തെറ്റി. ചാക്കുണ്ണിയുടെ ദിനചര്യയുടെ താളഭംഗം വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൂ.

- റേഡിയോയുമായി വീട്ടിലേക്ക് നടക്കുന്നത്
- വരമ്പുമുറിച്ചു കടക്കുമ്പോൾ എതിരേ വരുന്നവർ ഒരൽപ്പം മാറി നിന്ന് റേഡിയോ ശ്രദ്ധിക്കുന്നത്
- തയ്ക്കുന്ന സമയത്ത് പാട്ടും നാടകവും ശബ്ദരേഖയും, ബട്ടൺ തുന്നുമ്പോൾ പ്രാദേശിക വാർത്ത, വക്കടിക്കുമ്പോൾ വയലും വീടും
- റേഡിയോ പണയം വെച്ചപ്പോൾ ചാക്കുണ്ണിയുടെ ജോലിയിലുള്ള ശ്രദ്ധ പാളി
- അളവുകൾ തെറ്റിച്ച് ഉടുപ്പുകൾ തുന്നി. തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു.

- ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനുവേണ്ടി കാതോർത്തു. മനസിലെ നാടകത്തിൽ നിന്നും എതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു.
- ചുറ്റുപാടും നിരവധി ആളുകളുണ്ടായിട്ടും പറഞ്ഞറിയിക്കാനാവാത്ത ഏകാന്തത അയാളെ വലയം ചെയ്തു.

## യൂണിറ്റ് – 3

### അമ്മയുടെ എഴുത്തുകൾ

അമ്മയോടും മാതൃഭാഷയോടുള്ള ആത്മബന്ധം വെളിപ്പെടുത്തുകയാണ് വി. മധുസൂദനൻ നായരുടെ അമ്മയുടെ എഴുത്തുകൾ എന്ന കവിത. എഴുത്തുകൾ തന്നെ കാലഹരണപ്പെട്ട കാലത്തിലാണ് ഈ കവിതയുടെ പ്രസക്തിയേറുന്നത്. നഗരവൽക്കരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ ഉഴലുമ്പോഴും അമ്മ ഒരു കെടാവിളക്കായി മകന്റെ മനസിൽ ജ്വലിക്കുന്നു. അമ്മയുടെ എഴുത്തിന്റെ മാധുര്യം ആസ്വദിക്കുന്നതോടൊപ്പം തന്നെ കവിയുടെ ആശങ്കയും കവിത മുന്നോട്ടു വെക്കുന്നു.

**വ്യവഹാര രൂപങ്ങൾ**

പ്രതികരണ കുറിപ്പ്

വിശകലനകുറിപ്പ്

മുഖപ്രസംഗം

“പട്ടണക്കോപ്പു നിറയ്ക്കയാലിച്ചില്ല
പെട്ടികൾ തിങ്ങി നിന്നിഷ്ടമാണെന്റേയും
കാൽപ്പെട്ടിയിൽ വച്ചു താഴിട്ടു പിന്നിലെ
ച്ചായ്പ്പിലൊളിപ്പിച്ചാലറിയില്ല കുട്ടികൾ”

ഭാര്യയുടെ താല്പര്യങ്ങൾക്ക് വഴിപ്പെട്ടു പോകുന്നുണ്ടോ കവി? നിങ്ങളുടെ പ്രതികരണങ്ങൾ കുറിക്കുക.

- അമ്മയെ അംഗീകരിക്കാത്ത ഭാര്യ
- പ്രദർശനപരതയ്ക്ക് പ്രാധാന്യം നൽകുന്ന ഭാര്യ
- ചില്ലു പെട്ടികളിൽ (ഷോക്കേസ്) പട്ടണകോപ്പുകൾ കുത്തി നിറയ്ക്കാൻ വെമ്പുന്ന പുതുതലമുറ
- കവി അമ്മയുടെ എഴുത്തുകളുടെ മൂല്യം അറിയുമ്പോഴും നാടിന്റെ ഒഴുക്കിനൊപ്പം നീന്തേണ്ടി വരുന്ന ഗതികേടിലാണ്.
- നാഗരിക ജീവിതത്തിന്റെ കണ്ണിയായി മാറേണ്ടി വരുന്നു കവിക്ക്.

“നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളഴുത്തുകൾ”

അമ്മ (മാതൃഭാഷ) കവിക്ക് പകർന്നു നൽകിയ വൈകാരിക അനുഭവങ്ങളെ കവ്യാത്മകമായി അവതരിപ്പിച്ചിരിക്കുകയാണിവിടെ. അനുഭവങ്ങളുടെ ആവർത്തനമല്ല അവ

സൃഷ്ടിച്ച വൈകാരിക നിമിഷങ്ങളെ അടയാളപ്പെടുത്തുകയാണ് കവിയിവിടെ ചെയ്യുന്നത്. ഇത്തരം അടയാളപ്പെടുത്തലിന് കവി കൂട്ടുപിടിക്കുന്നതും വികാരം തുളുമ്പുന്ന കാവ്യാത്മക ഭാഷയെയല്ലേ? അവ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- നാഭിയിൽ സ്പന്ദിച്ചതീ .......... (പൊക്കിൾ കൊടിയുടെ ചലനം)
- നാവിലെ തേൻ ............ (നവജാത ശിശുവിന്റെ നാവിലുറ്റിക്കുന്ന തേനാകുന്നു)
- അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്നതാം വെൺമ (കളങ്കമേൽക്കാത്ത വിശുദ്ധി)
- ഞാനാകുമോർമ്മതൻ ഭൂമി ......... (കവിയുടെ അസ്തിത്വം)
- അമ്മ തൻ ചിന്മുദ്ര .............. (അമ്മയുടെ മനസിന്റെ മുദ്ര)

അമ്മയുടേതാകുമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ
നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം"

- അമ്മയുടെ എഴുത്തുകൾ - വി. മധുസൂദനൻ നായർ

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ

- എന്റെ ഭാഷ - വള്ളത്തോൾ

രണ്ടു കവികളും മാതൃഭാഷയുടെ മഹത്വത്തെ തന്നെയാണല്ലേ പറയുന്നത്. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? മാതൃഭാഷഅന്യമാവാതിരിക്കേണ്ടേ? 'മാതൃഭാഷ പഠനത്തിന്റെ അനിവാര്യത എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയ്യാറാക്കുക.

- കാവ്യഭാഗങ്ങളിലെ ഭാഷാ സങ്കൽപ്പം
- മാതൃഭാഷയുടെ ശക്തിയും ചൈതന്യവും
- സമകാലീന കാഴ്ചകൾ
- ഇംഗ്ലീഷ് ഭാഷയോടുള്ള അമിതഭ്രമം
- ഭാഷയെ മറക്കുമ്പോൾ വരുന്ന സാംസ്ക്കാരിക മാറ്റം
- ഭാഷയുടെ ചൈതന്യം നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
- അനുയോജ്യമായ തലക്കെട്ട്.

## യൂണിറ്റ് - 3

## പത്രനീതി

ജനാധിപത്യത്തിന്റെ കാവൽപട്ടിയെന്നാണ് മാധ്യമങ്ങളെ പ്രത്യേകിച്ച് പത്രങ്ങളെ വിലയിരുത്തുന്നത്. പത്രപ്രവർത്തനത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും മാധ്യമ ധർമ്മത്തെക്കുറിച്ചും പത്രങ്ങളെക്കുറിച്ചുമുള്ള പ്രമുഖ വ്യക്തികളുടെ അഭിപ്രായവും ലേഖകൻ തുറന്നു കാട്ടുന്നു. പത്രങ്ങൾ വിമർശിക്കപ്പെടേണ്ടതിനെക്കുറിച്ചും പത്രങ്ങളുടെ വിശ്വസ്യതയെക്കുറിച്ചും സുകുമാർ അഴീക്കോട് ഈ ലേഖനത്തിൽ പരാമർശിക്കുന്നു.

**വ്യവഹാര രൂപങ്ങൾ**

പ്രതികരണകുറിപ്പ്

കത്ത്

പ്രഭാഷണം

പ്രവർത്തനം

- ചാരക്കേസിൽപ്പെട്ട നമ്പി നാരായണൻ എന്ന ഐ.എസ്.ആർ.ഒ.യിലെ ശാസ്ത്ര ജ്ഞനെ കോടതി കുറ്റവിമുക്തനാക്കിയതും അദ്ദേഹത്തിന് നഷ്ടപരിഹാരം നൽകാൻ വിധിച്ചതും ഈടയിടയാണ്. പത്രങ്ങൾ എഴുതിയ അസത്യങ്ങളിൽ പെട്ട് ഈ മനുഷ്യന്റെ ജീവിതത്തിന്റെ നല്ലൊരുഭാഗം നഷ്ടമായി. മാനഹാനി, ധനനഷ്ടം, എന്നിങ്ങനെ പല തും.

പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല എന്ന് പത്രനീതി എന്ന ലേഖനത്തിൽ സുകുമാർ അഴീക്കോട് പറയുന്നു

മേൽപറഞ്ഞ സംഭവത്തിന്റെ അടിസ്ഥാനത്തിൽ അഴിക്കോടിന്റെ അഭിപ്രായത്തെ നിങ്ങളെങ്ങനെയാണ് കാണുന്നത്? പ്രതികരണങ്ങൾ കുറിക്കൂ....

- പത്രങ്ങൾ പക്ഷാപാതികളാവരുത്.
- കെട്ടുകഥകൾ വായനക്കാർക്ക് ഇമ്പമായേക്കാം. യഥാർത്ഥ്യങ്ങളാണ് പത്രങ്ങൾ പറയേണ്ടത്.
- നമ്പി നാരായണന് നഷ്ടമായ ജീവിതം തിരിച്ചു നൽകാൻ ഒരു പത്രത്തിനും കഴി യില്ല.
- അന്വേഷണാത്മക പത്രപ്രവർത്തനം നടക്കണം
- സത്യസന്ധതയിൽ അധിഷ്ഠിതമാവണം മാധ്യമ സംസ്ക്കാരം
- ഈ നൂറ്റാണ്ടിൽ കേരളം കണ്ട മഹാപ്രളയകാലത്ത് നമ്മുടെ ദൃശ്യ-അച്ചടി മാ ധ്യമങ്ങളും സോഷ്യൽ മീഡിയയും ഏറെ കൈത്താങ്ങായി നിലകൊണ്ടു. നവകേരള സൃഷ്ടിയുടെ പാതയിലാണ് നാം. കേരളത്തിന്റെ അതിജീവനത്തിന് സഹായകരമായ നിലപാടെടുത്ത പത്രത്തെ അഭിനന്ദിച്ചുകൊണ്ട് പത്രാധിപർക്ക് കത്തെഴുത്തൂ.
- യഥാർത്ഥ പ്രശ്നങ്ങൾ വെളിച്ചത്തുകൊണ്ടു വരുന്ന രീതി.
- വാർത്തകൾ പൊതുവായി നൽകിയ സന്ദേശം
- വളച്ചൊടിക്കപ്പെട്ടതോ നിക്ഷിപ്ത താല്പര്യത്തോടുകൂടിയതോ അല്ലാത്ത വാർത്ത കൾ
- വായനക്കാരുടെ ശ്രദ്ധയുണർത്താൻ സ്വീകരിച്ച തന്ത്രങ്ങൾ
- പത്രങ്ങളുടെ ലക്ഷ്യത്തിൽ ഉറച്ച് നിന്നത്

ഈശ്വരൻ തെറ്റുചെയ്താലും ഞാനത് റിപ്പോർട്ട് ചെയ്യും

- സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള

നല്ല പത്രം വായിക്കാമെന്നുവെച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെ ടുന്നു. - സുകുമാർ അഴീക്കോട്

പത്രധർമ്മത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളാണിത്. പത്രധർമ്മം നിലനിർത്തേണ്ട തിന്റെ ആവശ്യകത എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

- പത്രങ്ങൾ ജീവിതത്തിന്റെ അവിഭാജ്യഘടകം
- ദൃശ്യമാധ്യമങ്ങളുടെ പ്രചാരം
- ശബ്ദമില്ലാത്തവന്റെ ശബ്ദം, നീതി നിഷേധിക്കപ്പെടുന്നവന്റെ ശബ്ദം
- നിതാന്ത ജാഗ്രത
- പത്രപ്രവർത്തനം വാണിജ്യവത്ക്കരിക്കപ്പെടുന്നു
- സോഷ്യൽ മീഡിയയുടെ സ്വാധീനം.